


# ആശുപത്രിക്കു ചുറ്റും



ജനിമൃതികളുടെ സാക്ഷിയെന്നോണം തലയുയർത്തി നിൽക്കുന്ന ക്ലോക്ക് ടവർ.
താളം പിഴച്ച കറുത്ത സൂചിമുനകൾ നാലുഭാഗത്തേക്കും വഴി നോക്കുന്നു.
പിന്നിൽ കേട്ട നിലവിളി ആരുടേതാണ്?
ആരാണ് മരിച്ചത്? ആർക്കാണ് നഷ്ടമായത്?



പിറവിയെക്കുറിച്ച് ഉൽക്കണ്ഠയാണെങ്ങും. തള്ളയുടെയും
കുഞ്ഞിന്റെയും നോവുകൾ അരിച്ചെത്തുന്നതും
കാത്തിരിക്കുകയാണ് പുറമെയുള്ളോർ.
ജാലകത്തിനപ്പുറം കൊച്ചുകൊച്ചു നിലവിളികളിൽ പൊതിഞ്ഞ
സുവാർത്തകൾ. സ്വർണ്ണം ചാലിച്ച തേൻ
വിരൽതുമ്പിലെടുത്തേകുമ്പോൾ കരച്ചിലവസാനിക്കുന്നു.
ഇനി, താരാട്ടു പാട്ടിന്റെയും
ജീവിതത്തിന്റെയും ഊഴമാണ്.



മോർച്ചറിയാണ് പിന്നിൽ.
മരണത്തിന്റെ സാക്ഷ്യപത്രം കൊരുത്തെടുക്കുന്ന സ്ഥലം.
ഉറ്റവരിലാരുടെയോ ദേഹത്തിലൂടെയാണിപ്പോൾ
ഉപകരണങ്ങൾ ചലിക്കുന്നത്. വ്യഥ തുങ്ങുന്ന മനസ്സോടെ
അവരെക്കുറിച്ചോർക്കുകയാവണം സ്ത്രീ. അതോ ഇനിയും
ജീവിക്കേണ്ടവർക്കു മുന്നിലെ നിറഞ്ഞ ശൂന്യതയെക്കുറിച്ചോ?

# ആലാപനം

നൗഷാദ്. കെ.പി.

മൗനത്തിൻെറ ഹൃദയോരങ്ങളിൽ
ആർദ്രഗീതമാലപിക്കയാണ്
ആലാപനത്തിലെ താളപ്പിഴയും
അപസ്വരവും
ആരറിയുന്നില്ലെങ്കിലും ഞാനറിയുന്നു
എനിക്കറിയാം അവരെന്തിനെ-
ക്കുറിച്ചാണ് പാടുന്നതെന്ന്-
കൈമോശം വന്ന സ്വപ്നങ്ങളെക്കുറിച്ചല്ല,
തന്ത്രികൾ പൊട്ടിയ തംബുരുവിനെ-
യോർത്ത് വിലപിക്കുന്ന
ഗായികയെക്കുറിച്ചുമായിരിക്കയില്ല,
വിരഹദുഃഖം പേറുന്ന കാമുകി-
യെക്കുറിച്ചാണോ?
അകലങ്ങളിലേക്ക്പ്പറന്നുപോയ
ഇണക്കിളിയെക്കുറിച്ചാണോ?
ആവോ
എനിക്കറിയില്ല
പക്ഷേ, ഒന്നെനിക്കറിയാം
അവർ പാടുന്നത്
എന്നിലെ അഗാധതയിൽ നിന്നാണ്

# ഓർമ്മ

ഇന്നിതാ വിണ്ണിന്റെ മുറ്റത്തു പുഞ്ചിരി
ച്ചെന്നെ വിളിക്കുന്നു നിൻമുഖം
ഇന്നെൻ മനം കീറി നോക്കി ഞാനെന്നമ്മ
നീതന്നെ, നീതന്നെയല്ലേ?

കണ്ടുമറന്നൊരാപ്പൂമുഖമീമുഖം
കണ്ണീരണിഞ്ഞ നിൻ കാറണി
ഞ്ഞുമുഖം
വിണ്ണിലേക്കാണു നീ പോയ
തോർക്കുന്നു ഞാ
നെന്നമ്മ നീ തന്നെയല്ലേ?

—ഹസീന

# ആരവങ്ങളിലേക്കു തുറന്ന കണ്ണുകൾ

സുബൈർ വി.പി.

നീണ്ടുമെലിഞ്ഞ കൈകൾ നീട്ടി കാറ്റില ടയാൻ തുടങ്ങിയ ജനൽപ്പാളികൾ അവൻ തുറന്നുവെച്ചു. അപ്പുറത്ത് ഉച്ചയുടെ തണുത്ത നിശബ്ദതയാണ്. കാറ്റും സ്വപ്നങ്ങളും മധ്യാഹ്നങ്ങളിലാണ് മരിച്ചുപോവാറ്. വഴിയറിയാത്തവർ തളർന്നു കിതച്ച് വീഥികളെ ശപിച്ച് പോവുന്നതും മധ്യാഹ്നങ്ങളിലാണ്. കരിയിലകൾ വീണുകിടക്കുന്ന വഴിയോരങ്ങളിൽ കണ്ണയച്ചു കാത്തിരിക്കുന്നവർ വിതുമ്പിപ്പോവാറും ഇത്തരം ഉച്ചകളിലാണ്. കാറ്റിനും കാറ്റിനപ്പുറത്തെ നിശ്ചേതനത്വത്തിനുമപ്പുറം പരന്നുകിടക്കുന്ന വയലുകളാണ്. അതിനപ്പുറത്ത് അരയാൽ തറയിൽ ആരെല്ലാമോ ഉച്ചയുറക്കത്തിലാണ്. സ്വപ്നങ്ങളില്ലാത്ത ഉച്ചയുറക്കം മരണത്തേക്കാൾ മികച്ച ഒരനുഭൂതിയാണ്. അവളുടെ ചിന്തകൾ അറിയാതെ ഉച്ചയുറക്കത്തിലെ സ്വപ്നങ്ങളിലേക്ക് വഴുതിവീണു. ഒരിക്കൽ മാത്രമേ അവൾ ഉച്ചയുറക്കത്തിലെ സ്വപ്നങ്ങളെപ്പറ്റി അറിഞ്ഞിട്ടുള്ളൂ.

-കറുത്തു തടിച്ച കൈകൾ നീട്ടി ചോര പറ്റിപ്പിടിച്ച നഖം കൊണ്ടയാൾ...

പിന്നെപ്പിന്നെ കാറ്റുപോലും അപ്പുറത്തെ അരയാൽകൊമ്പിൽ തലകീഴായുറങ്ങിക്കിടക്കുമ്പോഴും അവളുണർന്നിരിക്കാറുണ്ട്. വയൽവരമ്പുകൾക്കും അരയാൽത്തറക്കുമപ്പുറം മരണത്തിൻെറ മുഖംപോലെ മഞ്ഞച്ച ചുവരുകളുള്ള ഇടിഞ്ഞുപൊളിഞ്ഞ റെയിൽവെ സ്റ്റേഷനും ഉറങ്ങാറില്ലെന്ന് തോന്നുന്നു. മഞ്ഞച്ച വെയിലിൽ സ്റ്റേഷൻ പരിസരത്തിൻെറ മൂകത മനസ്സിലെവിടെയോ പേരറിയാത്ത എന്തോ വികാരമുണർത്തി വിടുന്നുണ്ടെന്നത് തീർച്ചയാണ്. മരണത്തെപ്പോലെ, മരണത്തിൻെറ നിറമായ മഞ്ഞയെപ്പോലെ, മരണത്തിൻെറ സ്വരമായ മൂകതയെപ്പോലെ എന്തോ. അതിരുണ്ടിരുണ്ട് അറിയാത്തയേതോ വലിയരൂപം കൈക്കൊണ്ട് ചോര പറ്റിപ്പിടിച്ച നഖങ്ങൾ നീട്ടിക്കൊണ്ടിരിക്കുകയാണ്.

സമാന്തരങ്ങൾ മുറിച്ച് കടന്ന് വിശപ്പുഭാണ്ഡവും പേറി പലരും വടക്കോട്ട് നടന്നുപോവുന്നുണ്ട്. റെയിൽപാളത്തിനപ്പുറം പുഴയുണ്ട്. പഞ്ചാരമണലിൽതട്ടി പാഞ്ഞൊഴുകുന്ന തെളിനീരിനെപ്പറ്റിയോർക്കാൻ ശ്രമിച്ചു. ഇന്നലെ സന്ധ്യക്ക്, ചക്രങ്ങൾക്കിടയിൽ നിന്ന് ഒഴുകിയിറങ്ങിയ ചോരമാത്രമാണ് കണ്ണുകളിൽ നിറഞ്ഞത്. റെയിൽപാളങ്ങളും പൊളിഞ്ഞുവീഴാറായ സ്റ്റേഷനും മരണവുമായി കാത്തിരിക്കുന്ന ഇടിനിലമാണ്. മരണത്തിനപ്പുറം മറ്റൊന്നുമില്ല. അവ സ്വപ്നങ്ങൾപോലെ വരണ്ടുകിടക്കുകയാണ്.

അമ്മ മരിച്ചത് ഒരുച്ചക്കായിരുന്നു. ചുണ്ടുകൾ വരണ്ട്, കണ്ണുകളിൽ ഒരുതുള്ളി ചൈതന്യം പോലും ബാക്കിയാവാതിരുന്നപ്പോഴും അമ്മ പിറുപിറുക്കാറുണ്ടായിരുന്നു. ''നട്ടുച്ചനേരങ്ങളിൽ പെൺകുട്ടികളൊറ്റക്കിരിക്കരുത്. യക്ഷികൾ മുടിയഴിച്ചിട്ട് കാറ്റായിവന്ന് ജനൽപാളികളിൽതട്ടി ശബ്ദമുണ്ടാക്കി വിളിക്കുക ഉച്ചക്കാണ്.'' ചിന്തകൾ മുടിയഴിച്ചിട്ട് പറക്കുന്ന യക്ഷികളാണ്. ജനറൽപാളികളിൽ തട്ടി അത് ക്ഷണിച്ചുകൊണ്ടേയിരിക്കുകയാണ്.


പോര്, പോര്...നമുക്ക് റെയിൽപ്പാളങ്ങൾ കൂടിച്ചേരുന്നിടത്ത് പോയിരിക്കാം. നമുക്ക് വിണ്ടുകീറിയ മനസ്സുകളെപ്പറ്റി സംസാരിക്കാം. അപ്പുറത്ത് അരയാൽതറയിൽനിന്നും വഴിയാത്രക്കാർ ഞെട്ടിയുണർന്നിരിക്കുന്നു. തലകീഴായി തൂങ്ങിക്കിടക്കുന്ന വാവലുകൾ ചിറകടിച്ച് പറക്കാൻ തുടങ്ങിയിരിക്കുന്നു. വാവലുകൾ നട്ടുച്ചകളിൽ മരിച്ചുപോയവരുടെ സ്വാസ്ഥ്യം നഷ്ടപ്പെട്ട ആത്മാവാ[...] അപ്പുറത്ത് ശബ്ദം വ്യക്തമായിത്തുട[...]യിരിക്കുന്നു. ഇനി വിധിപോലെ ആയി[...] ചക്രങ്ങൾ ഭാരം വഹിച്ചുകൊണ്ടിഴഞ്ഞ് [...]ന്നുപോവും. ഞെട്ടിയുണർത്തപ്പെട്ട സ്വപ്[...]ങ്ങളും സ്വാസ്ഥ്യം നഷ്ടപ്പെട്ട ആത്മാവു[...]ളും വണ്ടിയെ ശപിക്കുന്നുണ്ടാവും. [...] ദീർഘ ചുംബനത്തിൻെറ നിർവൃതിയി[...] പാളങ്ങൾ മാത്രം ഉണർന്നിരിക്കുന്നു[...] അവൾ നീണ്ടുമെലിഞ്ഞ കൈകൾ നീട്[...] ജനൽപാളികൾ തുറന്നുവെച്ചു.

വണ്ടിയുടെ ചക്രങ്ങൾ നീങ്ങിക്കൊണ്ടി[...]ക്കുകയാണ്. ഊർജജം മുഴുവനും നഷ്[...]പ്പെട്ട് കിതച്ചുകിതച്ച് റെയിൽവെ സ്റ്റേ[...]ൻെറ മഞ്ഞച്ചുവരുകൾക്കപ്പുറം അത് മരി[...] വീഴുമെന്ന് വെറുതെ പ്രത്യാശിക്കാൻ [...]ന്നി. പ്രത്യാശക്ക് ഇരുട്ടിൻെറ അവ്യക്ത[...]യാണ്. ഉച്ചക്കോടുന്ന വണ്ടി ഒരിക്കലും നി[...]ത്തിയിട്ടില്ല. എന്തോ കാര്യംകൊണ്ട് ഒ[...]ക്കൽ വണ്ടി നിർത്തേണ്ടിവന്നപ്പോൾ നാ[...]കാർ അസ്വസ്ഥരായതോർത്തു. എന്തോ[...] സംഭവിച്ചിരിക്കുന്നു. എന്തോ, എന്തോ[...] അശുഭമായ ഒന്ന്.

ചക്രങ്ങളുടെയിടയിൽ കണ്ണയച്ച് ത[...]ത്തു കോടിയ ജനലഴികളിൽ ചുണ്ടുകള[...]ത്തി അവൾ കാത്തിരുന്നു. ചക്രങ്ങളു[...] വേഗത ക്ഷയിക്കുന്നേയില്ല. അപ്പുറത്[...] മഞ്ഞച്ചുവരുകൾ കടന്ന്, കുട്ടികളുടെ ആ[...]വങ്ങൾ കടന്ന് അതപ്പുറത്ത് അപ്രത്യക്ഷമാ[...]യിക്കൊണ്ടേയിരിക്കുകയാണ്. വണ്ടിയു[...] കമ്പാർട്ടുമെൻറുകളിൽ ഒന്നിൽനിന്ന് കൈ[...] വീശുന്ന അവ്യക്തമായ ഏതോ രൂപത്തെ[...]റ്റി അവളോർത്തു. അതായിരിക്കുമോ? വ[...]യറിയാതെ എങ്ങിനെയെങ്കിലും...?

അകന്നകന്ന് പോയ ചക്രങ്ങളുടെ രോ[...]

മലയാള മനോരമ വാർഷികപ്പതിപ്പ്
കഴിഞ്ഞ വർഷം
സംസ്ഥാനതലത്തിൽ നടത്തിയ
ചെറുകഥാമൽസരത്തിൽ
സുബൈറിൻെറ കഥ
രണ്ടാം സ്ഥാനത്തിനർഹമാവുകയുണ്ടായി.
കഥ: 'അമ്മ വിളിക്കുന്നു'.




മാനസിക ഭാവങ്ങളെ ശൈലീവൽക്കരിച്ച്
തീവ്രമായ സങ്കീർത്തനതലത്തിലേക്കു
കൊണ്ടുവരാനുള്ള
കഥാകൃത്തിൻെറ താൽപര്യം
ഇവിടെ ചേർത്ത
'ആരവങ്ങളിലേക്കു തുറന്ന കണ്ണുകൾ'
എന്ന കഥയിലും പ്രകടമാണ്.

നവും അന്യമായിക്കഴിഞ്ഞ ,പ്പോഴാണവ ളോർത്തത്. ഒരു വണ്ടികൂടി കടന്ന് പോയി രിക്കുന്നു. പൊടി പറ്റിപ്പിടിച്ച വാതിലൂടെ തലയുയർത്തിപ്പിടിച്ച്, തടിച്ചുരുണ്ട കൈ കൾകൊണ്ട് മുടി മാടിയൊതുക്കി വയൽ വരമ്പുകളിലൂടെ ഇന്നും ആരും നടന്നുവ ന്നിട്ടില്ല. ഇത് ആവർത്തിക്കപ്പെടുന്ന ദുരന്ത മാണ്. അഴികൾക്കും സമാന്തരങ്ങൾക്കുമ പ്പുറം സ്വപ്നങ്ങളും അന്യമാവുകയാണ്. അവൾ കാത്തിരിപ്പിൻെറ വൈരസ്യത്തെ ക്കുറിച്ചും നട്ടുച്ചകളിലെ മൂകതയെപ്പറ്റിയും മരണത്തിൻെറ നിറത്തെപ്പറ്റിയും വെറുതെ ചിന്തിച്ചു. ഉണർന്നുവീശിയ കാറ്റിൽ ചിന്ത കൾ ശിഥിലമായിപ്പോയി. ഉടഞ്ഞുപോയ ചി ന്തകൾ കൂട്ടിയിണക്കാൻ പണിപ്പെടുമ്പോൾ കാറ്റിലടഞ്ഞുപോയ ജനൽപാളികൾ അവൾ തുറന്നുവെച്ചു.

## രണ്ട്

സന്ധ്യ ഇലത്തുമ്പിൽനിന്ന് അടർന്നുവീ ഴാറായ മഞ്ഞുതുള്ളിയെപ്പോലെയാണ്. അതിൻെറ തുടുത്ത കവിളുകളിലാണ് അസ്വസ്ഥതകൾ കുടിയിരിക്കുക. സന്ധ്യ കളിലാണ്, നരച്ച പൂക്കളെയും ശ്മശാന ത്തിൻെറ കാവൽക്കാരനേയും അവളോർ ക്കുക. മരണത്തേക്കാളസഹ്യമായ എല്ലാ വേദനകളും കുടികൊള്ളുന്നത് സന്ധ്യയു ടെ കവിളുകളിലാണ്. പടിഞ്ഞാറ് സന്ധ്യ യുടെ മടിയിൽ നിന്നോ മറ്റോ ആണ് ഒരു വണ്ടി കുതിച്ചുവരിക. അത് പാതാളത്തിൽ നിന്നെഴുന്നേറ്റുവരുന്ന ആയിരം കാലുള്ള ചെകുത്താനെപ്പോലെയാണ്. പാളങ്ങൾ കു ലുക്കിക്കൊണ്ട്, ചേക്കേറിത്തുടങ്ങിയ പക്ഷിക്കൂട്ടങ്ങളെ അസ്വസ്ഥരാക്കിക്കൊണ്ട് ഒരു മുഴക്കവും കുറേ പുകയുമായി കടന്നു പോവും. ഒന്നു തീർച്ചയാണ്. അത് സന്ധ്യ യെപ്പോലെ ക്രൂരനായ കൂട്ടുകാരനാണ്.



അവൾ ആരവങ്ങൾക്കിടയിൽനിന്ന് ചെ വികളും, നീണ്ടുമെലിഞ്ഞ കൈകൾകൊ ണ്ട് ജനൽപ്പാളികളും തുറന്നുവെച്ചു. ആകാ ശത്തിൻെറ മാറിലൂടെ വണ്ടി ചീറിപ്പാഞ്ഞു. പാളങ്ങൾക്കിടയിൽ സന്ധ്യ ആത്മഹത്യ ചെയ്തു. അവളറിയാതെ നോക്കിയിരുന്നു. ചക്രങ്ങളരഞ്ഞരഞ്ഞ് തീരുമെന്നും സന്ധ്യ യുടെ കൊളുത്തി വലിക്കുന്ന വെളിച്ചത്തി നിടയിലൂടെ വണ്ടിയിൽ നിന്നിറങ്ങിയയാൾ വയൽവരമ്പുകളിലേക്കിറങ്ങുമെന്നുമാണ് കരുതേണ്ടത്. പക്ഷേ, വിധിപോലെയോ കാ ലത്തെപ്പോലെയോ അത് വരമ്പുകൾക്ക പ്പുറത്തുകൂടി അകന്നകന്ന് പോവുകയാണ്. ചുണ്ടുകൾ ജനലഴികളിൽ അമർത്തിക്കൊ ണ്ട് അവൾ നോക്കിയിരുന്നു. ആരവങ്ങളും സന്ധ്യയുടെ ചിതയിലെ അവസാനത്തെ കനലും വണ്ടിയുടെ കമ്പാർട്ടുമെൻറുകളും മറഞ്ഞുകൊണ്ടിരിക്കയാണ്. ഇരുട്ടും സ്വപ് നങ്ങളും തുറന്നുവെച്ച ജനൽപ്പാളികളും മാ ത്രമാണവശേഷിക്കുന്നത്.

## മൂന്ന്

അവൾ അടുത്ത ആരവത്തിനായി ജനൽ പാളികൾ തുറന്നുവെച്ച് കാത്തിരുന്നു. ജനൽപ്പാളികൾക്കിടയിലൂള്ള ഇരുട്ടുമാത്രം കടന്നുചെന്നു. ഇരുട്ടിനിടയിലൂടെ പതി ഞ്ഞുവരുന്ന കാലൊച്ചകൾക്കും ഇരുട്ടിലിഴ ഞ്ഞുവരുന്ന രോദനങ്ങൾക്കും അവൾ ചെ വിയോർത്തു. രാക്കിളികളുടെ രോദനത്തിന പ്പുറം കട്ടപിടിച്ച നി[illegible]തയാണ്. അവ ളോർത്തു, രാത്രിയുടെ [illegible]ശ്ശബ്ദത ആരവ ങ്ങളേക്കാൾ സ്വാർത്ഥയ[illegible]ൻ. ശ്മശാനത്തി ലെ ക്രൂരമായ മൂകതപോ[illegible] അതിപ്പോഴും കണ്ണുകൾ തുറപ്പിച്ച്, നാവ് [illegible]ട്ടി, ചോര പറ്റിപ്പിടിച്ചു നഖങ്ങൾ നീട്ടി കാ[illegible]രിക്കുക യാണ്.

എല്ലാമുറക്കമാണ്. തളർന്ന്, തലകൾ ച രിച്ചുവെച്ച് ഒന്നുമറിയാതെ ഉറങ്ങിപ്പോകു ന്നവർ ഭാഗ്യവാന്മാരാണ്. തളർന്ന് തലകൾ ചെരിച്ചുവെച്ച് ഒന്നുമറിയാതെ ഉറങ്ങിപ്പോ വുന്നവർ ക്രൂരരോ സ്വാർത്ഥരോ ആണ്. അവർക്കെല്ലാം ഭ്രാന്താണ്. ഉറക്കത്തിന് നരച്ച പൂക്കളുടെ നിറമാണ്. അതിൻെറ ഗാഢത വർധിക്കുന്തോറും നിറം കൂടിവന്ന് അത് കടുത്ത മഞ്ഞ നിറത്തിലവസാനി ക്കും. അവൾ തുറന്നുവെച്ച ജനൽപ്പാളിയി ലൂടെ അപ്പുറത്തവിടവിടെ പൊട്ടിപ്പൊളി ഞ്ഞ് കടുത്ത മഞ്ഞനിറം പൂശിയ റെയിൽ വെ സ്റ്റേഷൻെറ ചുമരുകളിലേക്ക് കണ്ണു കൾ തുറന്നുവെച്ചു. മരണത്തെപ്പോലെ അലസമായുറങ്ങുന്ന റെയിൽവെ സ്റ്റേ ഷൻ. ഞെട്ടിയുണർത്തപ്പെടലിൻെറ ഭീകര സ്വപ്നംകണ്ട് ചുരുണ്ടുറങ്ങുന്ന പാളങ്ങൾ. എല്ലാം ഉറങ്ങുകയാണ്. ഉറങ്ങുന്നവരെല്ലാം സ്വാർത്ഥരോ ഭ്രാന്തന്മാരോ ആണ്.

അപ്പുറത്ത് ശബ്ദങ്ങളുണർന്നു. മങ്ങിയ വെളിച്ചം ദൂരെനിന്നാർത്തിരമ്പി വരികയാ ണ്. പാളങ്ങൾ ഉറക്കത്തെ ഉറങ്ങാനയച്ച് കാത്തിരിക്കുന്നു. അരയാലിൽനിന്ന് വാവ ലുകൾ പറന്നുപോവുന്നു. ഞെട്ടിയുണർ ത്തപ്പെടലിൻെറ അസ്വസ്ഥതയിൽ കുറുക്ക

ന്മാർ ഓലിയിടുന്നു. കുറുക്കന്മാർ പ്രേതങ്ങളെ കണ്ടാൽ ഓലിയിടാറുണ്ടെന്ന് മുത്തശ്ശി പറഞ്ഞിരുന്നു. ഇരുട്ടിനെ കീറിമുറിച്ച്, ആയിരം കുതിരകളുടെ ശക്തിയും ആയിരം ലക്ഷ്യങ്ങളും വഹിച്ച് ചീറിവരുന്നത് പ്രേതങ്ങളല്ലെന്ന് വിളിച്ചുപറയാനവൾക്ക് തോന്നി. അതിൽനിന്നാണ് ഒരു കൊച്ചുപെട്ടിയും തൂക്കിപ്പിടിച്ച്, ഒരു കൈകൊണ്ട് മുടി മാടിയൊതുക്കി, കൈയിൽ ഒരു കുടന്നപ്പൂവും ചുണ്ടിൽ ഒരു ശുഭ്രപ്പൂവും വഹിച്ച് അയാൾ കടന്നുവരേണ്ടത്. ഇരുട്ടു തട്ടിയടക്കാൻ ശ്രമിച്ച ജനൽപാളികൾ നീണ്ടുമെലിഞ്ഞ കൈകൾകൊണ്ട് തുറന്നുവെച്ച് അവൾ കാത്തിരുന്നു. ജനലഴികൾക്കിടയിൽ ചക്രങ്ങൾക്ക് നിയന്ത്രണം നഷ്ടപ്പെട്ടു. അത് അനന്തതയിലേ യാത്രയവസാനിപ്പിക്കുകയുള്ളൂവെന്ന് തോന്നി. ആർത്തിരമ്പി, അലറിവിളിച്ച് അതകലുകയാണ്. അകന്നകന്ന് ഒരു പുകപടലവും ഇല്ലാതായി ത്തീർന്നപ്പോൾ അവൾ. മരണത്തിൻെറ നിറത്തെപ്പറ്റിയോ സന്ധ്യകളുടെ വ്യർത്ഥതയെപ്പറ്റിയോ ഓർത്തില്ല. അവൾ കാട്ടുപൂക്കളെയും ഊർമ്മിളയുടെ കണ്ണീർത്തുള്ളികളേയും ഓർത്തേയില്ല. ജനലഴികൾക്കപ്പുറത്ത് അടുത്ത ആരവത്തിലേക്ക് ബാക്കിയാവുന്ന യാമങ്ങളെ അവൾ വിരലിലെണ്ണിത്തീർത്തു. അവൾ കാട്ടു കോഴികളേയും വിളറിയ കിനാക്കളെയും വെറുതെ മേയാൻ വിട്ടു.

നാല്

അന്നവൾ, അടഞ്ഞ ജനൽപ്പാളികളും ലക്ഷ്മണൻെറ മനസ്സും സ്വപ്നംകണ്ട് കരഞ്ഞു. അവളോർത്തു. ചിത്രകൂടത്തിൻെറ ശീതളച്ചായയിൽ ലക്ഷ്മണനൂർമ്മിളയെ മറന്നിരിക്കണം. അരുതായിരുന്നു. ഒന്നും പാടില്ലായിരുന്നു. ഇടിഞ്ഞുപൊളിഞ്ഞ സ്റ്റേഷനപ്പുറം സന്ധ്യ മരിക്കരുതായിരുന്നു.

അഞ്ച്

അവളുടെ ചെവികളിൽ ഒരാരവം ആയിരം പ്രതിദ്ധ്വനികളായി. ഒന്ന് പിടഞ്ഞെണീറ്റ് നീണ്ടുമെലിഞ്ഞ കൈകൾകൊണ്ടവൾ ജനൽപ്പാളികൾ തുറന്നുവെച്ചു. നീണ്ടുമെലിഞ്ഞ കണ്ണുകൾ അവൾ ജനലഴികൾക്കിടയിലും തുറന്നുവെച്ചു. ഇളംകാറ്റ് ആരവത്തിൽ വിതുമ്പിപ്പോയിരിക്കുന്നു. ഒരു ശംഖുനാദവും ഒരു കോഴിയുടെ രോദനവും പാതിവെച്ചവസാനിച്ചിരിക്കുന്നു. മറ്റു പലതും ആരംഭിക്കുകയാണ്. ചരൽപ്പാതകളും സമാന്തരങ്ങളും വീണ്ടും വഴിയറിയാത്തവർക്കുവേണ്ടി ഉണരാൻ തുടങ്ങിയിരിക്കുന്നു. ചുണ്ടുകൾ പാതി തുറന്ന്, മനസ്സ് പാതി തുറന്ന് അവൾ ജനലഴികളിലൂടെ നോക്കിയിരുന്നു. ശേഷിച്ച പാതിയിൽ സ്വപ്നങ്ങൾ നിറഞ്ഞുകവിഞ്ഞുകൊണ്ടിരുന്നു.



## ആരവങ്ങളിലേക്ക് തുറന്ന കണ്ണുകൾ

അവളോർത്തു

റെയിൽവെ സ്റ്റേഷനിലെ കാത്തിരിക്കുന്നവർക്കുള്ള സിമൻറ് ബെഞ്ച് തകർന്നു പോയിട്ടേറെയായി. കാത്തിരിക്കുന്നവർക്ക് ഇളനീർ വെട്ടി വിറ്റിരുന്ന, ഒരിക്കലും ചിരിച്ച് കണ്ടിട്ടില്ലാത്ത, എവിടെനിന്നോ ഇതുപോലൊരു പുലർച്ചക്ക് വണ്ടിയിറങ്ങിയ കുട്ടി ഇന്നലെ ചത്തുപോയെന്നു കേട്ടു. അവനേൻറതായിരുന്നു അവസാനത്തെ കുരുതി.

ആകാശത്തിൽ കുരുതി തിമർക്കുകയാണ്. അവളോർത്തു.

ഇന്ന് കുരുതിയാണ്. പാളങ്ങൾക്കിടയിലും ആകാശത്തിൻെറ അനന്തതയിലും കുരുതിയാണ്.

സ്വപ്നങ്ങൾ ഒരിക്കൽകൂടി ബലിക്കളത്തിലേക്കൊഴുകുകയാണെന്നോർക്കാൻ ശ്രമിക്കുകയായിരുന്നു. പെട്ടെന്നാണ് ജനലഴികൾക്കിടയിലൂടെ അവളാ സത്യം ദർശിച്ചത്.

ആരവത്തിൻെറ മുഴക്കം കുറഞ്ഞിരിക്കുന്നു! ചക്രങ്ങളുടെ ആവേശം തളർന്ന് കിതക്കാനൊരുങ്ങുകയാണ്. അണച്ചുകിതച്ച് വണ്ടി വിതുമ്പിനിൽക്കാനൊരുങ്ങുകയാണ്.

മിഴികൾ കൂർപ്പിച്ച്, ജനലഴികളിൽ ചുണ്ടുകളമർത്തി അവളെല്ലാം തിരിച്ചറിഞ്ഞ തൻെറ ഹൃദയം മിടിച്ചുകൊണ്ടേയിരിക്കുകയാണ്! വണ്ടി ഭാരം കൂടിയൊരു സ്വപ്നം പോലെ നിവർന്നുകിടന്നു. അതിൽനിന്ന് അവളുടെ കണ്ണുകളിലേക്ക്, ഒരു കൊച്ചുപെട്ടിയും തൂക്കിപ്പിടിച്ച് ഒരു കൈകൊണ്ട് മുടി മാടിയൊതുക്കി കൈയിൽ ഒരു കടന്നപ്പൂവും ചുണ്ടിൽ ഒരൊറ്റ ശുഭ്രപ്പൂവുമായ് അയാളിറങ്ങിവന്നു!

അവളുടെ ചുണ്ടുകൾ വിറയ്ക്കുകയും അവളുടെ കണ്ണുകളിലേക്ക് സമുദ്രങ്ങൾ ഇറങ്ങിവരികയും ചെയ്തു. ഇപ്പോൾ റെയിൽപ്പാളങ്ങളിൽ ആരവങ്ങളൊഴിഞ്ഞിരിക്കുന്നു. ആയിരം ചക്രങ്ങളിപ്പോൾ നെഞ്ചിലൂടെയാണിഴയുന്നത്.

വെളിച്ചം അരയാലിലകൾക്ക് മുകളിലുറങ്ങിക്കിടക്കുന്നു. അയാൾ കൈവഴികളായി പിരിയുന്ന നടവരമ്പിന് മുന്നിൽനിന്നത് അവൾ നോക്കിയിരുന്നു. അവിടെവെച്ചായിരുന്നു അവളുടെ സ്വപ്നങ്ങൾക്ക് ഉൾപ്പിരിവുകളുണ്ടാവാറ്. അവൾ കരുതിയിരുന്നു അവിടെ നിൽക്കുമ്പോഴാണലറി വിളിക്കേണ്ടത്.

-ഇതാ...ഇതാണ്, കരിയിലകൾ വീണുകിടക്കുന്ന ഈ വഴിയാണ് നിങ്ങളുടേത്.

അവളുടെ കണ്ണുകൾ പതുക്കെയുണർന്നു. അപ്പുറത്ത് തെങ്ങിൻതോപ്പുകളിലൂടെ ഓടിവന്ന വഴികളിലൂടെ അരയാൽത്തറയിലൂടെ അതിഴഞ്ഞുനീങ്ങി. ഇനി -

ഒരാരവത്തിന് കാത്തിരിക്കാനില്ല. ലോകം ഒരു വിളിപ്പാടകലെയാണ്.

ജനലഴികൾക്കിടയിലേക്ക് അവളുടെ കണ്ണുകൾ വിരാമ ചിഹ്നങ്ങൾ തേടിയെത്താറായിരിക്കുന്നു.

അവൾ ജനലഴികളിലേക്ക് തുറിച്ചുനോക്കി. ജനലഴികളിൽ മുറുകെ പിടിച്ചിരിക്കുന്ന കൈകൾ തൻേറതാണ്. ജനലഴികൾക്കിടയിൽ ഇടറിവീണ കണ്ണുകൾ തൻേറതാണ്.

ജനലഴികൾക്കപ്പുറത്ത് എല്ലാമവസാനിക്കുകയാണ്.

തിരിച്ചറിവിൻെറ ഒരു നിമിഷാർദ്ധത്തിൽ അവൾ നീണ്ടുമെലിഞ്ഞ കൈകൾ നീട്ടി കാറ്റ് തുറന്നുവെച്ച ജനൽപ്പാളികൾ വലിച്ചടച്ചു.

പിന്നെ ജനലഴികളിൽ മുഖമമർത്തി ഊർമ്മിളയെപ്പോലെ വിതുമ്പിക്കരഞ്ഞു.

o

# അർത്ഥപൂർണ്ണമായ ദിനം



രാവിലെ ഒമ്പതു മണിക്കുതന്നെ പ്രദർശനം തുടങ്ങിയിരുന്നു. ഓഡിറ്റോറിയത്തിനു മുന്നിൽ നടന്ന ലളിതമായ ചടങ്ങ്. പ്രശസ്ത ചെറുകഥാകൃത്തും സിനിമാസംവിധായകനുമായ രഘുനാഥ് പലേരിയാണ് ഉദ്ഘാടകൻ.

ഉദ്ഘാടനപ്രസംഗത്തിൽനിന്ന്. "തീർച്ചയായും നല്ലൊരു ചുവടുവയ്പാണിത്. എല്ലാ അർത്ഥത്തിലും ശ്ലാഘനീയമായ ഒന്ന്. ഇവിടെ നിരത്തിയ ഓരോ കാമ്പസ് മാഗസിനും ശ്രദ്ധിച്ചുനോക്കൂ. നല്ല കവിതകളും കഥകളും ലേഖനങ്ങളും അവയിൽ പലതിലും ഒളിഞ്ഞിരിപ്പുണ്ട്. നമ്മുടെ പ്രമുഖ എഴുത്തുകാരുടേതിനേക്കാൾ എത്രയോ മെച്ചപ്പെട്ട രചനകളും അക്കൂട്ടത്തിലുണ്ടാവാം. അവയെല്ലാം ഒന്നിച്ചുചേർത്ത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കാൻ കൂടെ നാം മുൻകൈയെടുക്കുമെങ്കിൽ നന്നായിരുന്നു. വാഴ്സിറ്റി യൂണിയൻ വിചാരിച്ചാൽ നിഷ്പ്രയാസം ഇതു സാധിക്കുമെന്നാണെന്റെ പ്രതീക്ഷ"

പ്രിൻസിപ്പൽ പ്രൊഫ: യു. മുഹമ്മദ് അധ്യക്ഷത വഹിച്ചു. വാഴ്സിറ്റി കലോൽസവത്തിലെ 'കലാപ്രതിഭ' എൻ. നിഷിത് (ഗുരുവായൂരപ്പൻ കോളെജ്) 'കലാതിലകം' ശാലിനി ശിവശങ്കർ(പ്രോവിഡൻസ് വിമൻസ് കോളെജ്) എന്നിവർ ആശംസകളർപ്പിക്കാനെത്തിയിരുന്നു. സ്റ്റാഫ് എഡിറ്റർ യാസീൻ അശ്റഫ് സ്വാഗതവും സ്റ്റുഡൻ്റ് എഡിറ്റർ അബ്ദുന്നാസിർ നന്ദിയുമോതി.

കേരളത്തിലെ എല്ലാ കലാലയങ്ങളിലെയും മാഗസിൻ ഒന്നിച്ചൊരു വേദിയിലെത്തുന്നത് നടാടെയാണ്. '86, '87 വർഷങ്ങളിൽ പുറത്തിറങ്ങിയ മാഗസിനുകളായിരുന്നു കൂടുതലും. അതാതു കോളെജിൽനിന്നും ശേഖരിച്ചവയാണിവ. അങ്ങിനെ നവീനതയും തനിമയും നിറഞ്ഞൊരു പ്രദർശനം. മ

കലാലയമാഗസിനുകൾ.

ചുരുക്കം ചിലരാൽ മെനഞ്ഞെടുക്കപ്പെടുന്ന അക്ഷരസമാഹാരം. വർഷംതോറും ക്രമം തെറ്റാതെ അത് പുറത്തിറങ്ങിക്കൊണ്ടിരിക്കുന്നു, ഒരു വഴിപാടെന്നവണ്ണം.

പിന്നിട്ട വർഷത്തിന്റെ സാക്ഷ്യപത്രവും ചരിത്രരേഖയുമാണിത്. കാലികസംഭവങ്ങളെ കുറിക്കുന്ന പ്രതികരണത്തിന്റെ ചീന്ത് ഇവയിലുണ്ട്. എല്ലാറ്റിനുമുപരി സർഗ്ഗാത്മക സൃഷ്ടികളുടെ സമാഹാരം കൂടിയാണിത്.

പുറംലോകത്തെക്കുറിച്ച് ഒരുപാടുകാര്യങ്ങൾ ഇവ പറയുന്നു. എന്നിട്ടും ഓരോ കോളെജ് മാഗസിനും അതാത് കാമ്പസിൽ മാത്രം തളയ്ക്കപ്പെടുകയാണ്. നന്നെ ചുരുങ്ങിയത് എല്ലാ കാമ്പസുകളിലെങ്കിലും അത് എത്തിപ്പെടേണ്ടതാണ്. മറ്റു വിദ്യാർത്ഥികൾക്കുകൂടി ഇവ ഉപകരിക്കേണ്ടതുമാണ്. അതിനുതകുന്ന ഒരു സംവിധാനത്തെക്കുറിച്ച് നമുക്കിനിയും ചിന്തിക്കാനായിട്ടില്ല. ഓരോ കാമ്പസിന്റെയും നഖചിത്രമുൾക്കൊള്ളാൻ മാഗസിനുകളിലൂടെ സാധിക്കുകയെന്നത് എത്ര ആഹ്ലാദകരമായിരിക്കും.

ഈ അർത്ഥത്തിലുള്ള നല്ലൊരു തുടക്കം കഴിഞ്ഞവർഷം ഫാറൂഖ് കാമ്പസിൽ നടന്നു: മാർച്ച് ഒന്നിന്. കോളെജിലെ മാഗസിൻ പ്രവർത്തകർ സംഘടിപ്പിച്ച അഖിലകേരള കലാലയ മാഗസിൻ പ്രദർശനം. വിദ്യാർത്ഥികൾ ഈ പ്രദർശനത്തോടു കാണിച്ച വർധിച്ച താൽപര്യവും മാഗസിനുകളോടുള്ള അവരുടെ ആദരവും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഉദ്ഘാടനമൊഴികൾ
രഘുനാഥ് പലേരി





താളുകളിലെ അക്ഷരങ്ങളും വരകളും
പുതിയ അറിവുകളായി നമു'ക്കുമുമ്പിൽ

ഗസിനുകൾ ക്രമീകരിക്കുന്നതിലും പ്രദർശനം സംവിധാനിക്കുന്നതിലുമെല്ലാം ഈ നൂതനത്വം നിലനിർത്തിയിരുന്നു.

കോളെജ് ഓഡിറ്റോറിയം പൂർണ്ണമായി ഉപയോഗപ്പെടുത്തി. എക്സിബിഷനുകളിലെ പതിവുരീതികൾ പലതും അവഗണിച്ചു. 'അരുതു'കളൊന്നുമില്ലായിരുന്നു. 'തൊടരുത്, ക്യൂ പാലിക്കുക, അഭിപ്രായം കുറിക്കുക തുടങ്ങി യാതൊന്നും-ഒരു കാര്യത്തിൽ നിർബന്ധമുണ്ടായിരുന്നു. പുസ്തകത്താളുകൾക്കപ്പുറം അവയിലെ ഉള്ളടക്കവുമായി പ്രദർശനത്തിനെത്തുന്നവർ ആത്മബന്ധം സ്ഥാപിക്കണമെന്ന നിർബന്ധം. അതുകൊണ്ടു തന്നെ പ്രദർശനഹാളിൽ പൂർണ്ണസ്വാതന്ത്ര്യം നൽകി. വായനാസൗകര്യത്തിനായി ഇരിപ്പിടങ്ങളും.

ഓഡിറ്റോറിയത്തിനു മധ്യത്തിലായി നിർമിച്ച കൃത്രിമജലാശയവും ഉദ്യാനവും അകത്ത് നല്ലൊരു അന്തരീക്ഷം സൃഷ്ടിക്കാൻ പര്യാപ്തമായി. അല്പം പടിഞ്ഞാറുമാറി രൂപപ്പെടുത്തിയ 'എഡിറ്റർ റൂം' ചിരിക്കാൻ വകയായി.

കാമ്പസിലെ തന്നെ കലാകാരനായ അബ്ദുൾ ജബ്ബാർ പകർത്തിയ രേഖാചിത്രങ്ങളും പെയിൻറിംഗുകളും ശ്രദ്ധേയമായിരുന്നു. ചിത്രങ്ങൾക്കുകീഴെ കലാലയമാഗസിനുകളെ സംബന്ധിച്ചുള്ള ശക്തമായ അടിക്കുറിപ്പുകളും.

ഓഡിറ്റോറിയത്തിനപ്പുറം സ്റ്റേജിലായിരുന്നു 'നമ്മുടെ ഇന്നലെകൾ'. ഫാറൂഖ് കോളെജിൽ ഇതുവരെ പുറത്തിറങ്ങിയ 35-ലേറെ മാഗസിനുകൾ. മലബാറിലെ പ്രശസ്തമായ ഒരു കലാലയത്തിൻെറ ഇന്നലെകളുടെ ഉൾത്തുടിപ്പുകൾ വായിച്ചറിയാൻ പുതിയ തലമുറയുടെ താല്പര്യം വ്യക്തമാക്കുന്നതായിരുന്നു അവിടുത്തെ തിരക്ക്.

കോളെജിലെ അധ്യാപകരും വിദ്യാർത്ഥികളുമെല്ലാം പ്രദർശനം കാണാനെത്തി. പുറമെ നഗരത്തിലെ വിവിധ കോളെജുകളിൽ നിന്നുള്ള കുറേയേറെ വിദ്യാർത്ഥികളും. അവരുടെ വിധിയെഴുത്തിൽ പ്രാമുഖ്യം ലഭിച്ചത് തെക്കൻ കേരളത്തിലെ വിവിധ കോളെജുകളിൽനിന്നും പുറത്തിറങ്ങിയ മൂന്ന് മാഗസിനുകൾക്കായിരുന്നു. 87-ാമാണ്ടിലെ ടി.കെ.എം. എഞ്ചിനീയറിംഗ് മാഗസിൻ (കൊല്ലം) മാർ ഇവാനിയോസ് കോളെജ് മാഗസിൻ (തിരുവനന്തപുരം) എം.എസ്.എം. കോളെജ് മാഗസിൻ (.കായംകുളം).

കാലിക്കറ്റ് വാഴ്സിറ്റിക്ക് കീഴിൽ ഫാറൂഖ് കോളെജ്, കേരളവർമ്മ മാഗസിനുകൾക്കനുകൂലമായ വിധിയെഴുത്തുണ്ടായി.

ഇത് എന്നും ഓർമ്മിക്കുന്ന നല്ലൊരു പ്രദർശനമാക്കി മാറ്റാൻ സഹകരിച്ച പലരുമുണ്ട്. അവർക്കും പ്രദർശനം കാണാനെത്തിയോർക്കുമിവിടെ നന്ദികുറിക്കുന്നു.

—മാഗസിൻ പ്രവർത്തകർ



# കലാലയമാഗസിനുകൾ :



ഒരു കാമ്പസ്മാഗസിനിലെ എഡിറ്ററുടെ സ്വകാര്യക്കുറിപ്പ്.

'ൻെറ റബ്ബേ - ദ് പൊറത്തെറങ്ങാൻ ഒരാങ്കുട്ടീനെ പെറ്ണ നയിപ്പാ'.

O

കോളെജ് യൂണിയൻ പ്രവർത്തനങ്ങളിൽ ഇതു വേറിട്ടു നില്ക്കുന്നു. അത്യദ്ധ്വാനവും പരിമിതികളും തന്നെ മുഖ്യകാരണം. യൂണിയൻ പ്രവർത്തനങ്ങളൊക്കെ ഏതാണ്ടവസാനിച്ച ശേഷമാവും മാഗസിൻ പണിയാരംഭിക്കുന്നത്. ഒടുക്കം ഉറക്കമിളച്ചും പാടുപെട്ടും ഇതു പുറത്തിറക്കാനുള്ള ബാധ്യത ചിലരിൽ മാത്രം വന്നുചേരുന്നു.

തുച്ഛമായ മാഗസിൻ ഫണ്ടും അച്ചടിക്കൂലിയും തമ്മിൽ ബന്ധിപ്പിക്കാനുള്ള ശ്രമം ഒരു ഭാഗത്ത്. പരസ്യശേഖരണത്തിനും മാറ്റർ. കലക്ഷനും വേണ്ടിയുള്ള പരക്കംപാച്ചിൽ വേറെ. ശ്വാസംമുട്ടിക്കുമാറ് സമയത്തിൻെറ പരിമിതിയും. ഇതിനിടയിൽ വ്യക്തിപരമായി സംഭവിച്ച നഷ്ടങ്ങളുടെ പട്ടിക കുറെ നീണ്ടതാകും. എല്ലാവർക്കും ചോദിക്കാനൊന്നുമാത്രം; ഡേയ്, വർക്കൊക്കെ എവിടംവരെയായി. അടുത്തിറങ്ങോ - ഓരോ കാമ്പസ് മാഗസിൻെറയും അവസാന പുറങ്ങൾ ശ്രദ്ധിക്കൂ. ദൗത്യമേറ്റവൻെറ മൗനം കലർന്ന നിലവിളി അവിടെ ഒളിഞ്ഞിരിക്കുന്നതുകാണാം.

ഇതൊക്കെയാണെങ്കിലും കലാലയങ്ങളിൽ പുറത്തിറങ്ങുന്ന പല മാഗസിനുകളും ഉള്ളടക്കപ്രധാനവും ആകർഷകത്വം നിറഞ്ഞവയുമാണ്. സത്യം പറയാമല്ലോ, ചില മാഗസിനുകൾ. മലയാളത്തിൽ പുറത്തിറങ്ങുന്ന ഓണപ്പതിപ്പുകളുടെ പതിൻമടങ്ങ് മേന്മ പുലർത്തുന്നുമുണ്ട്.

പ്രത്യേകത നിറഞ്ഞ രചനാ ശൈലി കാമ്പസ് മാഗസിനുകളുടെ സൂക്ഷിപ്പുമുതലാണ്. അർത്ഥപൂർണ്ണമായ മൊഴികളും വരകളും അവയ്ക്കു തികഞ്ഞ ചാരുതയേകുന്നു.

മറ്റൊരു മൗലികത രചനകളുടെ സ്വഭാവത്തിലാണ്. നിഷേധത്തിൻെറയും പ്രതിഷേധത്തിൻെറതുമായ ഒരു സ്വരമാണവയ്ക്ക് ഏറിയ കൂറും. പക്ഷെ, പ്രതിഷേധ സ്വരം പലപ്പോഴും ഒരു തരം ഉപരിപ്ലവ ജാടയിലേക്ക് വഴിമാറുന്നു. പോയവർഷങ്ങളിലെ പരശ്ശതം മാഗസിനുകളിലൂടെ കണ്ണോടിക്കുന്നവർക്കിത് എളുപ്പം ബോദ്ധ്യമാവും. ദക്ഷിണാഫ്രിക്കയിലെ പൊരുതുന്ന കറുത്തവർഗ്ഗത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കേണ്ടത് എല്ലാ അർത്ഥത്തിലും നമ്മുടെ ബാധ്യതയാണ്. പക്ഷെ നമുക്ക് മുമ്പിൽ നടക്കുന്ന മനുഷ്യത്വ വിരുദ്ധ നീക്കങ്ങൾക്കു നേരെ പൂർണ്ണമായും പുറംതിരിഞ്ഞു നിന്നുകൊണ്ടിതു നിർവ്വഹിക്കുമ്പോൾ നമ്മുടെ ആത്മാർത്ഥത കപടമാണെന്നു വരുന്നു. സ്വന്തമായ വീക്ഷണം പലരും ഇനിയും സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്.

ലാറ്റിനമേരിക്കൻ വിവർത്തന കവിതകൾ നമ്മുടെ കാമ്പസ് കവികളിൽ വല്ലാതെ സ്വാധീനം ചെലുത്തിയിരിക്കുന്നെന്ന് മാഗസിൻ കവിതകൾ നിസ്സംശയം തെളിയിക്കുന്നു.

എടുത്തു പറയേണ്ട മറ്റൊന്ന് പെൺകുട്ടികളുടെ രചനകളെക്കുറിച്ചാണ്. ജീവിതത്തെക്കുറിച്ച ആഴത്തിലുള്ള സമീപനം പെൺകുട്ടികളുടെ രചനയിൽ പൊതുവെ കുറവാണ്. കേരളത്തിലെ പ്രശസ്തമായ വനിതാ കോളെജുകളിൽ പുറത്തിറങ്ങിയ മാഗസിനുകൾ പരിശോധിച്ചു നോക്കൂ? ഉള്ളടക്കത്തിൻെറ കാര്യത്തിൽ ഇന്നത്തെ മാഗസിനും പത്തുവർഷം മുമ്പെ ഇറങ്ങിയ മാഗസിനുംതമ്മിൽ കാര്യമായ അന്തരമൊന്നും കാണാൻ കഴിയില്ല എന്നതൊരു വസ്തുതയാണ്. പക്ഷെ, ഒന്നുണ്ട് സർഗ്ഗാത്മക രചനകളിൽ നിഷ്കളങ്കതയും നൈർമ്മല്യവും നിറഞ്ഞ ഒരു താളം അവർക്ക് കൈമുതലായുണ്ട്. ജാടകൾക്കതീതമാണിത്. 'കരൾ പറിച്ചെടുത്ത് ചോരയൊഴുക്കു'മെന്നലറുന്നതിനു പകരം തരളവും ആർദ്രവുമായ ഏതോ പ്രതീക്ഷയെ താലോലിക്കുകയാണിവർ. മന:ശാസ്ത്രപരമായ അപഗ്രഥനം ആവശ്യപ്പെടുന്ന വ്യതിരിക്തതയാണിത്.


പ്രൊഫഷണൽ കോളെജുകളിൽ പുറത്തിറങ്ങിയ മാഗസിനുകളിലെ ഉള്ളടക്കം മുഖ്യമായും അവരുടെ പഠനവിഷയങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. സർഗ്ഗാത്മകതയ്ക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള ചില മാഗസിനുകൾ ചിലയിടങ്ങളിൽ നിന്നു പുറത്തിറങ്ങിയിട്ടുണ്ടെന്നുള്ളത് ഇതിനപവാദമായുണ്ട്. വേറെ ചില മാഗസിനുകൾക്ക് ആധികാരിക റഫറൻസ് ഗ്രന്ഥത്തിൻെറ സ്വഭാവവും കൈവന്നിരിക്കുന്നു.

കനപ്പെട്ട സിമ്പോസിയങ്ങളും ചർച്ചകളും പോയ വർഷത്തെ മാഗസിനുകളിലും കുറവല്ല. ഏകപക്ഷീയമായ വീക്ഷണങ്ങൾ മാത്രം ചേർത്ത് വ്യത്യസ്ത വീക്ഷണഗതിക്കാർ പങ്കെടുക്കുന്നെന്ന് കാച്ചിയവരുമുണ്ട്. വർഗ്ഗീയത, ദേശീയത, മതേതരത്വം, സ്ത്രീവിമോചനം, ശരീഅത്ത്, ആവിഷ്ക്കാരസ്വാതന്ത്ര്യം, തൊഴിലില്ലായ്മ, ലോകസമാധാനം, വിദ്യാഭ്യാസം തുടങ്ങിയ വിഷയങ്ങൾക്കാണ് മുൻതൂക്കം.

ലേഔട്ടിലും ഉള്ളടക്കത്തിലും മറ്റും ഒരേ രീതി പിന്തുടരുന്ന കുറെയേറെ മാഗസിനുകൾ കഴിഞ്ഞവർഷവും പുറത്തിറങ്ങുകയുണ്ടായി. പതിവിൽനിന്ന് വ്യത്യസ്തതയോടെ പുറത്തിറങ്ങിയ മാഗസിനുകൾ കൂടുതൽ ശ്രദ്ധിക്കപ്പെടുകയും ചെയ്തു.

അനിശ്ചിതത്വത്തിൻെറയും പ്രയാസങ്ങളുടെയും കടമ്പകൾ കടന്നാണ് ഓരോ കാമ്പസ് മാഗസിനുമിവിടെ പിറന്നു വീഴുന്നത്. അവയോടുള്ള നമ്മുടെ പ്രതികരണത്തിൻെറ തലം എങ്ങിനെയുമായിക്കൊള്ളട്ടെ. ഒരു കാര്യം വ്യക്തമാണ്. യുവത്വത്തിൻെറ മാനസികാവസ്ഥകൾ പഠിക്കാൻ അവരുടെ വികാരവിചാരങ്ങളറിയാൻ നിങ്ങളീ അക്ഷരനമാഹാരത്തിലൂടെ കണ്ണോടിച്ചാൽ മതി. O

# അശാന്തിക്കുമപ്പുറം



കുട്ടീ
നിൻെറ സുന്ദരസ്വപ്നങ്ങളും
നീയാശിച്ച നീലാകാശവും
ഇവിടെ അന്യമാണ്
നിൻെറ പൂന്തോപ്പ് നിറയ്ക്കാൻ ഇവിടെ
ശുദ്ധവായു പോലുമില്ല
വിഷപ്പുക നിറഞ്ഞ ഈ ഇളംപൂവുകൾ നിനക്കായ്
കാഴ്ചവെച്ചിട്ടെന്തു കാര്യം!!
കറുത്ത ചന്ദ്രനും കുളിരില്ലാത്ത നിലാവും ചേർന്ന്
നമ്മുടെ സ്വപ്നങ്ങളത്രയും കെടുത്തിക്കളയുന്നു
കുട്ടീ
ഇവിടെ ഞാൻ നിസ്സഹായനാവുന്നു
തലയ്ക്കുമീതെ തൂങ്ങുന്ന വാളിൻെറ വെള്ളിവെളിച്ചം
തലച്ചോറിൻെറ മടക്കുകളിലേക്ക് തുളച്ചുകയറുന്നു
അതെ, വീണ്ടും ഞാൻ ക്രൂരനാവുകയാണ്
നിൻെറ നിഷ്കളങ്കതയുടെ പൂങ്കുലകൾ അരിഞ്ഞുവീഴ്ത്തിയ
പിശാചിനെത്തിരക്കി ഞാൻ യാത്രയാകുന്നു

പ്രളയവും പുതു സൃഷ്ടിയും.
അവിടെ നിൻെറ പൂന്തോപ്പ് നിർമ്മലമാകുന്നു.
നിൻെറ ഹൃദയത്തിൻെറ ഉള്ളറകളിൽ സ്നേഹം കിനിയുന്നു
നമുക്കായ്
പുതിയൊരു ലോകം വരവായി.

**സുരേഷ് പി.പി.**

# ബഷീറിലെ മനുഷ്യൻ

നമ്പൂതിരി: നിങ്ങൾ ഒരു മിസ്റ്റിക്കാണോ?

ബഷീർ: ഞാൻ പച്ചക്കറിയല്ല. അതായത് വെണ്ടക്കയല്ല.


ചിന്തയും വികാരവുമുള്ള മനുഷ്യനാണ്.

ഈ മനുഷ്യനെക്കുറിച്ച അന്വേഷണമാണ് 'ബഷീർ ദ മാൻ' സിനിമയുടെ കാതൽ.

ചിത്രശിൽപി എം.എ. റഹ്മാനുമായി മുഖാമുഖം.

അദ്ദേഹം നമ്മുടെ കോളേജിൽ അദ്ധ്യാപകനായിരുന്നു.

എം.സി. അബ്ദുൽ നാസർ





നിഴൽവീണ ഈ ഇടവഴിക്കപ്പുറമാണ് ആ 'മനുഷ്യന്റെ താവളം.

ആർക്കും എപ്പോഴുമിവിടെ കടന്നുവരാം. ഇരുമ്പുഗേറ്റ് മലർക്കെ തുറന്നിട്ടിരിക്കും.

ചിരിച്ചും അനുഭവച്ചൂരുള്ള വാക്കുകൾ കേട്ടും ഗസലുകളുടെ താളത്തിൽ അലിഞ്ഞുചേർന്നും ആത്യന്തിക സത്യത്തെ ഒന്നുകൂടെ മനസ്സിലുറപ്പിച്ചും വന്നവർ പിരിഞ്ഞുപോകുന്നു.

ഇത്രയൊക്കെയായിട്ടും ആ മനുഷ്യനെ ഉൾക്കൊള്ളാനാവുന്നില്ല. ഒരിടത്ത് ഇരിക്കുമ്പോഴും അയാൾ അസ്വസ്ഥനാകുന്നപോലെ. ഇടക്കിടെ തുപ്പിക്കൊണ്ടിരിക്കുന്നു. പറഞ്ഞ കാര്യങ്ങൾ പിന്നെയും പിന്നെയും ആവർത്തിക്കുന്നു. തമാശകൾ പറഞ്ഞ് ചിരിപ്പിക്കുന്നു.ചിലപ്പോൾ തോന്നാറുണ്ട് ഈ മനുഷ്യൻ പറയുംപോലെ ഇതെല്ലാം കിറുക്കിന്റെ ലക്ഷണങ്ങൾ തന്നെയായിരിക്കുമോ? പക്ഷേ ഈ കിറുക്കില്ലെങ്കിൽ ബഷീറുണ്ടോ?

ഇതേ കിറുക്കിന്റെ ഉൻമത്താവസ്ഥയിലല്ലേ ഉള്ളിൽ സ്നേഹം നിറച്ച് മജീദും സുഹറയും പോരിനിറങ്ങുന്നത്? മണ്ടൻ മുത്തപായും, എട്ടുകാലി മമ്മൂഞ്ഞും, ആനവാരിയും നിവർന്നുനിന്ന് നമ്മെ 'കാര്യം' പറഞ്ഞ് ചിരിപ്പിക്കുന്നതും ഈ കിറുക്കിന്റെ തന്നെ ബലത്തിലാവും. വിനീതനായ ചരിത്രകാരനും ഈ മനുഷ്യൻ തന്നെയാണോ? 'പാത്തുമ്മയുടെ ആടി'ന്റെ മുഖവുരയിൽ ബഷീർ എഴുതി: 'വേദന മറക്കണം. എഴുതുക....... ഞാനാകെ വെന്തുനീറുകയായിരുന്നു.......'

O

തൃശൂർ വല്ലപ്പുഴയിലെ ആയുർവേദ മനോരോഗചികിത്സാലയത്തിൽ ഭ്രാന്തിന് ചികിത്സ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ബഷീർ 'പാത്തുമ്മായുടെ ആട്' എഴുതുന്നത്. ആ നോവലിന്റെ മുഖവുരയിൽ ബഷീർ വീണ്ടും എഴുതുന്നു:'ആ ഘോരമായ ചികിത്സയുടെ ഇടയ്ക്കാണ് ഞാൻ 'പാത്തുമ്മായുടെ ആട്' എന്ന തമാശക്കഥ എഴുതുന്നത്. ചില സാഹിത്യകാരന്മാർ വിലപിക്കുന്നത് കേട്ടു. ബഷീറിന് ഭ്രാന്ത് വന്നു. ഞങ്ങൾക്കാർക്കുമെന്താ ഭ്രാന്തുവരാത്തത്. വിലപിച്ചിട്ടു വല്ല കാര്യവുമുണ്ടോ? യോഗ്യന്മാർക്കു ചിലതൊക്കെ വരും....'

ഈ തമാശ നമ്മെ ചിരിപ്പിക്കുന്നു.

ബഷീറിന്റെ ഓരോ കഥാപാത്രവും നമ്മെ ചിരിപ്പിക്കുന്നു.

ഒരു ഉച്ചയ്ക്ക് വെയിലിൽ തളർന്ന് അവശനായി എത്തിയ നിങ്ങൾ ബഷീറിന്റെ വീടിന്റെ മുമ്പിലെ മരത്തണലിലിരിക്കുമ്പോൾ നിങ്ങൾക്കു മുമ്പിൽ ചിരപുരാതനമായ ചിരിയുടെ മാലപ്പടക്കവുമായി ബഷീർ......

ഈ ചിരിയും ഈ കിറുക്കും.

ഇതാണ് നാം അറിഞ്ഞ ബഷീർ.

ഇതാണ് നമ്മുടെ ഉള്ളിലുള്ള ബഷീർ.

നാം അറിയാത്ത ഒരു ബഷീറുണ്ടോ?

ഇന്നലെ കോഴിക്കോട്ടെ സംഗം തിയേറ്ററിൽനിന്നും 'ബഷീർ ദ മാൻ' കണ്ടു.എം.എ. റഹ്മാന്റെ ചിത്രം. നാം അറിയാത്ത ബഷീർ. വി.കെ.എൻ. പറഞ്ഞതുപോലെ 'ബഷീറിന്റെ സമീപ മുഖഭാവദൃശ്യങ്ങൾ ഏതോ വിദൂര നദീതടസംസ്കാരങ്ങളെ ഓർമ്മിപ്പിക്കുന്നു. ഘനഗംഭീരമായ ആ ദൃശ്യം! മുപ്പത്തിമൂന്നു മിനിട്ടു നേരം കൊണ്ട് ബഷീർ അജ്ഞാതമായ ഒരു പൊള്ളുന്ന അറിവായി മാറുന്നു.തീവ്രമായ ഒരാത്മീയാസ്വാസ്ഥ്യത്താൽ ബഷീറിന്റെ ലോകം ഏതോ വിദൂര വിദൂര......

അറിവ് ദുഃഖമായിത്തീരുന്നു....!

ആർക്കാണ് തെറ്റിയത് — സിനിമയിൽ ബഷീറിന്റെ തമാശകൾ കേട്ട് പൊട്ടിച്ചിരിക്കാൻ തയ്യാറെടുത്തു വന്നവർ നേരിയ വിഷാദത്തോടെ തിരിച്ചുപോകുന്നു. ഇത്ര കാലമായിട്ടും യഥാർത്ഥ ബഷീറിനെ മനസ്സിലാക്കാൻ കഴിയാത്തതിലെ കുറ്റബോധം അവരിലുണ്ടോ? എന്തോ ചില നോവുകൾ അവരിലീ ചിത്രം സൃഷ്ടിച്ചിരിക്കും. തീർച്ച.

ചിത്രത്തിന്റെ തുടക്കത്തിലെ ബഷീറിന്റെ സ്വന്തം ശബ്ദം: 'അവരെല്ലാം വരുന്നു; എന്നോട് തമാശകൾ പറഞ്ഞ് അവരെ പൊട്ടിച്ചിരിപ്പിക്കാൻ ആവശ്യപ്പെടുന്നു. ഞാനവർക്കുവേണ്ടി എന്തൊക്കെയോ തമാശകൾ പറഞ്ഞ് അവരെ ചിരിപ്പിക്കുന്നു. എന്റെ ഉള്ളിലുള്ള ദുഃഖത്തിന്റെ മുഴക്കം അവർ കേൾക്കുന്നില്ല.'

ശരിയാണ്. ബഷീറിന്റെ സ്വന്തം വാക്കുകൾ തന്നെയാണ്. അപ്പോൾ തെറ്റിയത് റഹ്മാനാവില്ല. നമുക്കാണ്.

'അറിവേ ദുഃഖം.
നിനവേ ദുഃഖം
അറിവതും അറിയാതിരുളിൽ
പൂണ്ടുരുളുന്നതും ഒരുപോൽ ദുഃഖം'

സച്ചിദാനന്ദന്റെ ഈ നാലുവരി കവിതയ്ക്കു നന്ദി. (ഇപ്പോൾ അതിന്റെ അർത്ഥം മനസ്സിലാകുന്നു.)


ബഷീർ എന്ന മനുഷ്യന്റെ വിചാരങ്ങളും, ചലനങ്ങളും, അനുഭവങ്ങളും, ജീവിതശൈലിയും, നിഗൂഢവും ഹൃദ്യവുമായ തലം തേടുകയാണ് ബഷീർ ദ മാനിൽ. ഒരു ഡോക്യുമെന്ററിയുടെ അതിരുകൾക്കപ്പുറത്തേക്ക് അത് എത്തിനില്ക്കുന്നു. ചിത്രം പുറത്തിറങ്ങിയപ്പോൾ അനുമോദനപത്രങ്ങളുമായി കടന്നെത്തിയവർ നിരവധിയാണ്. ഇത്തരമൊരു ചിത്രനിർമ്മിതിക്കുനേരെ പുറം തിരിഞ്ഞുനിന്നവർ പോലുമുണ്ട് കൂട്ടത്തിൽ. സംസ്ഥാന-ദേശീയ അവാർഡുകൾ എത്തിക്കഴിഞ്ഞു. കീർത്തിമുദ്രകൾ പലതുമിനിയും ചാർത്തപ്പെട്ടേക്കാം. അപ്പോഴെല്ലാം ഉള്ളിൽ ഒരല്പം വേദനയും പ്രതിഷേധവും സൂക്ഷിക്കുന്ന ഒരാളുണ്ടാവും — സംവിധായകൻ എം. എ. റഹ്മാൻ നീണ്ട അഞ്ചുവർഷത്തെ കാത്തിരിപ്പും, നിരന്തരമായ വെല്ലുവിളികളും പിന്നിട്ടാണ് 'ബഷീർ ദ മാൻ' പുറത്തിറങ്ങുന്നത്.

എന്നിട്ടും സംവിധായകൻ പറയുന്നു: 'ബഷീറിനെ മനസ്സിലാക്കാനുള്ള ഒരു ചെറിയ ശ്രമം മാത്രമാണിത്. അടഞ്ഞവാതിലിന്റെ സാക്ഷ നീക്കുകയെന്ന ചെറിയ ഒരു ശ്രമം മാത്രം. ബഷീറിന്റെ അറിയാത്ത അകത്തളങ്ങളെ കാട്ടാൻ ഈ ശ്രമം വേണമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ചിത്രത്തിന് എന്തെങ്കിലും മേന്മ വന്നിട്ടുണ്ടെങ്കിൽ അത് ബഷീറിന്റെ മേന്മയായി കരുതിയാൽ മതി.'

പക്ഷേ അത്രയും മതി റഹ്മാൻ. കതകിപ്പോൾ മലർക്കെ തുറന്നു കഴിഞ്ഞല്ലോ. ഇനി പലരും ഈ വാതിലും കടന്ന് ദൂരേക്ക് പോയേക്കും. എങ്കിലും ഈ ചിത്രത്തിലെ അന്വേഷണബിന്ദുക്കളുടെ സ്പർശമേല്ക്കാതെ അവർക്കു മുമ്പോട്ടു പോകാനാവില്ല. തീർച്ച.

O

കോളെജ് ഇലക്ഷൻ ബഹളത്തിനിടയിലാണ് തലശ്ശേരി ബ്രണ്ണൻ കോളെജിലെത്തുന്നത്. സുഹൃത്ത് ജമാലും കൂടെയുണ്ട്. എം.എ. റഹ്മാൻ മലയാളം ഡിപ്പാർട്ടുമെന്റിൽ തന്നെയുണ്ടായിരുന്നു. ഡിപ്പാർട്ടുമെന്റിന്റെ പിന്നിലെ ഗവേഷകമുറിയിലെ ഇരിപ്പിടങ്ങളിൽ ഞങ്ങളിരുന്നു. പലതും അറിയണമെന്നുണ്ടായിരുന്നു. സൗഹൃദഭാഷണങ്ങൾക്കു ശേഷം റഹ്മാന്റെ ചിത്രത്തിലേക്കുള്ള നടപ്പാതയായി. സംസ്ഥാന ദേശീയ അവാർഡുകൾക്കുശേഷം ലണ്ടൻ ഫിലിം ഫെസ്റ്റിവലിലേക്കും, ഇറ്റലിയിലെ പോപ്പോളി ഫിലിം ഫെസ്റ്റിവലിലേക്കും 'ബഷീർ ദ മാൻ ' എത്തുകയാണല്ലോ. ബഷീറും സിനിമയും പിന്നെ പലതും അറിയണമെന്നുണ്ട്. ചോദ്യങ്ങളും ഉത്തരങ്ങളും നിഷേധങ്ങളുമായി ഏറെ നേരം കഴിഞ്ഞിരിക്കും. ഇനിയും പലതും പൂരിപ്പിക്കാനുണ്ടെന്ന തോന്നൽ. റഹ്മാൻ കണ്ണൂരിലെ വീട്ടിലേക്കു ക്ഷണിച്ചു. കണ്ണൂരിലെത്തിയപ്പോൾ സുഹൃത്ത് അസീ



സും കൂടെവന്നു. ബഷീർ ചിത്രത്തിന്റെ ഇഴകളോരോന്നും വേർപെടുത്തി റഹ്മാൻ ഞങ്ങളോടു സംസാരിച്ചു. അങ്ങിനെ നല്ലൊരു രാവ്, നീണ്ടസംസാരവേളയിലെ ചിന്തുകളിൽ ചിലതിവിടെ ചേർത്തുവയ്ക്കട്ടെ.

— റഹ്മാൻ, ചോദിച്ചോട്ടെ, അധികമൊന്നും ഫലിതം പറയാത്ത ബഷീറിനെയാണല്ലോ സിനിമയിൽ കാണുന്നത്?

ഈ ചോദ്യത്തിൽനിന്നുതന്നെ മനസ്സിലാക്കാം അധികം ഫലിതം പറയുന്ന ആളായി ബഷീറിനെ നിങ്ങൾ മനസ്സിലാക്കുന്നു എന്ന്. അദ്ദേഹത്തിന്റെ ഫലിതം കേൾക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്. ആ ഫലിതം പറയുന്ന മനുഷ്യനെക്കുറിച്ച് നിങ്ങൾക്കറിയേണ്ടതില്ല. ബഷീറിനെ മനസ്സിലാക്കിയേടത്തുവന്ന തെറ്റാണിത്. അടിസ്ഥാനപരമായി ബഷീർ എന്ന മനുഷ്യൻ ഒരു ദുരന്തകഥാപാത്രമാണ്. കണ്ണുനീരിൽനിന്നാണ് അദ്ദേഹം ചിരിയുടെ മഴവില്ലുണ്ടാക്കുന്നത്. എല്ലാദുരന്തങ്ങളും ഏറ്റുവാങ്ങിയിട്ടും ബഷീർ വേദനയെ പോസിറ്റീവ് ഫിലോസഫിയാക്കി, ജീവിതത്തിന്റെ ചാലകശക്തിയാക്കി. 'ധാരാളം കരഞ്ഞ ഒരാൾക്ക് മാത്രമേ നന്നായി ചിരിക്കാനും ചിരിപ്പിക്കാനും കഴിയൂ' എന്ന് ബഷീർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. ബഷീറിന്റെ തമാശകൾ എല്ലാം ഓർഗാനിക് ആണ്. ജീവിതത്തിന്റെ നിരന്തരമായ അന്വേഷണത്തിനുശേഷം അയാളെത്തിച്ചേരുന്ന Organic evolution ആണിത്. പരാജയത്തിൽനിന്നും ഇങ്ങിനെ ഓർഗാനിക് ആയി തമാശകൾ കൊണ്ടുവരണമെങ്കിൽ അയാളുടെ ഉള്ളിൽത്തന്നെ strife ഉണ്ടായിരിക്കണം. ഒരു കോമാളിയുടെ കഥ വായിച്ച ഓർമ്മയുണ്ട്. ഒരു നഗരത്തിൽ സർക്കസ് വന്നു. ഒരു കോമാളി ആളുകളെ കുടുകുടാ ചിരിപ്പിക്കുന്നു. ഒരു ദിവസം ആ നഗരത്തിലെ ഒരു സൈക്കിയാട്രിസ്റ്റിന്റെ മുറിയിലേക്ക് ഒരു ചെറുപ്പക്കാരൻ കരഞ്ഞു കയറിവന്നു. 'ഡോക്ടർ എന്നെ രക്ഷിക്കണം. എനിക്ക് വല്ലാത്ത വിഷാദമാണ്. ദുഃഖമാണ്.' ഇടനെ ഡോക്ടർ പറഞ്ഞു: 'അതിന് മരുന്നൊന്നും വേണ്ട. ഉടൻ പോയി സർക്കസ് കാണൂ. ആ കോമാളിയുടെ തമാശകൾ കേട്ടാൽ നിങ്ങളുടെ വിഷാദമെല്ലാം പോകും.' ഉടനെ ആ ചെറുപ്പക്കാരൻ പറഞ്ഞു 'ആ കോമാളി ഞാനാണ് ഡോക്ടർ.' ഈ കോമാളിയെപ്പോലെയാണ് ബഷീർ. നിങ്ങൾക്ക് കോമാളിയുടെ ജീവിതം അറിയേണ്ട. അയാളുടെ ചിരി മതി. ഞാനന്വേഷിക്കുന്നത് കോമാളിയുടെ ജീവിതമാണ്, ചിരിയല്ല. ദുരന്തത്തെ എങ്ങിനെ ചിരിയാക്കി മാറ്റി എന്നേ എനിക്ക് അന്വേഷിക്കേണ്ടതുള്ളൂ. ദുരന്തത്തേയോ ചിരിയേയോ ഞാൻ ഐഡിയലൈസ് ചെയ്തിട്ടില്ല. ദുരന്തങ്ങളെ സ്വയം strife ചെയ്ത് മധുരമാക്കിയ ഒരാൾ എന്നേ ഞാൻ പറയുന്നുള്ളൂ. ബഷീറിന്റെ നർമ്മബോധവും പ്രസാദാത്മകതയും ചിത്രത്തിലുടനീളമുണ്ട്.

ഈ strife ചിത്രത്തിൽ കൊണ്ടുവന്നതെങ്ങിനെയാണ്?

ബഷീറിന്റെ ഇഷ്ടമുതലുകളായ ഗ്രാമഫോണും കസേരയും ഈ strifeനുള്ള metaphor എന്ന നിലയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ബഷീർ എഴുത്തുകാരനാവുന്നതിനു മുമ്പ് ജയിലിലിലും ഭ്രാന്താശുപത്രി... ലും ഉത്തരേന്ത്യൻ യാത്രകളിലും 'ഗ്രാ... ഫോൺ' അദ്ദേഹത്തിനു കൂട്ടുണ്ടായിരുന്... വിഷാദഗാനങ്ങളായിരുന്നു ബഷീറിനിഷ്ട... ഒളിവിൽ കഴിയുമ്പോൾ കസേരയും. ജീ... തത്തിൽ ദുഃഖത്തെ ഉപാസിക്കുന്ന കാ... എറണാകുളത്തെത്തുന്നതുവരെയുള്ള ജീ... ത്തിൽ ബഷീർ രുചിച്ച വേദനകൾ അവി... തൊട്ട് കൃതികളിലൂടെ മധുരമാകുകയാ... അതിനുമുമ്പ് കടുത്ത ദുരന്താനുഭവമു... ഒരാൾക്ക് എന്തെല്ലാം ആവാം. ജീവിതത്തി... നിന്ന് escape ചെയ്യാനുള്ള രണ്ടു വഴി... സന്യാസം അല്ലെങ്കിൽ ആത്മഹത്യ. ഇ... ബഷീർ സന്യാസിയായിട്ടുണ്ട്. ആത്മഹ... ചെയ്യാൻ ശ്രമിച്ചിട്ടുണ്ടോ എന്നു ചോദിച്ചാ... ഉണ്ടാവാം. അത്രയ്ക്കു കടുത്ത ദുരന്ത... തന്നെയാണദ്ദേഹം നേരിട്ടത്. ശബ്ദങ്ങളി... നായകനും പ്രതിനായകനും — ഒ... തന്നെ— ആത്മഹത്യയെക്കുറിച്ച് ച... ചെയ്യുന്നുണ്ടല്ലോ. മൂന്നാമത്തേത് ഭ്രാന്ത... ബഷീറിന് ഭ്രാന്ത് വന്നിട്ടുണ്ട്. ഇതെല്ലാം ... രിട്ട് സന്യാസം ഉപേക്ഷിച്ച്, ഭ്രാന്താശുപ... യിൽ നിന്നു പിരിഞ്ഞുവന്ന ഒരുമനുഷ്യ... — അല്ലെങ്കിൽ, ആത്മഹത്യയെയും ഭ്രാ... നെയും സന്യാസത്തെയും അഭിമുഖീക... അതിനെയെല്ലാം തോല്പിച്ച് ജീവിത... ലേക്കിറങ്ങിവന്ന ഒരു യഥാർത്ഥമനുഷ്യ... ലെ strife എത്രവലുതാണെന്ന് പറയേണ്ട... ല്ലല്ലോ.

ഇതിനെയെല്ലാം നേരിടാനുള്ള ക... ത്ത് ബഷീർ എങ്ങിനെയാണ് നേടിയ...

ഉറച്ച ആത്മവിശ്വാസം. ജീവിതബോ... ഏത് കനത്ത ഇരുളിന്നടിയിലും അല്പം ... ളിച്ചമുണ്ടാകുമെന്ന് ബഷീർ കരുതു... സ്ഥായിയായ ഒരു നിഷേധദർശനം ബഷീ... നില്ല. കുളം ചൂണ്ടി ബഷീർ പറയുന്നുണ്ട... 'വെള്ളവും പോയി, മീനും പോയി. പോ... ഇനിയും വെള്ളംണ്ടാവും, മീനുണ്ടാ... ആമ്പൽ പൊയ്കയുമുണ്ടാവും.' ഇവി... ബഷീർ എത്ര ശുഭാപ്തിവിശ്വാസിയാണ്. ... വിതം തകർന്നുപോകുന്ന ഘട്ടത്തി... ബഷീർ സ്വയം ശക്തിയാർജിക്കുന്നു. ചി... ത്തിൽ ഞാനത് ഗ്രാമഫോൺ-കസേര സീക്വൻസിലൂടെയാണ് സന്നിവേശിപ്പിച്ച... ഗ്രാമഫോൺ ദുഃഖഗാനങ്ങളുമായി നെഗറ്റി... വിഷൻ പ്രകടിപ്പിക്കുമ്പോൾ കസേര പോ... റ്റീവ് ആയി പ്രതികരിക്കുന്നു. (ബഷീറിന്റെ... ശബ്ദം തന്നെയാണ് രണ്ടിലും.) ഗ്രാമഫോ... ണും കസേരയും തമ്മിലുള്ള സംഭാഷ... നോക്കുക. (ഇത് 'ശബ്ദങ്ങൾ' എന്ന നോ... ലിൽനിന്നെടുത്തതാണ്.)

ഗ്രാമഫോൺ: എനിക്കാരുമില്ല. (ദുഃഖ... അബ്ദിൻ എന്ന പാട്ട് തൊട്ടുമുമ്പ് ... ബഷീറിന്റെ അക്കാലത്തെ ഇഷ്ടഗാനം...

കസേര: നിങ്ങൾക്ക് എല്ലാവരുമായി ബ... ധമുണ്ട്.

ഗ്രാമഫോൺ: എന്തു ബന്ധം?

കസേര: നിങ്ങൾക്കു പൊക്കിളുണ്ടോ?

ഗ്രാമഫോൺ: പൊക്കിളോ? അതുകൊ... എന്തുബന്ധം?

കസേര: നിങ്ങൾക്ക് നിങ്ങളുടെ അ... യോട്. അച്ഛന് അദ്ദേഹത്തിന്റെ അ... നോട്. ലോകത്തിലുള്ളവരെല്ലാം തമ്മിൽ ... മ്മിൽ ബന്ധപ്പെട്ടവരാണ്.

ഗ്രാമഫോൺ: ജീവിച്ചിട്ടെന്താ ചെയ്യു...

കസേര: എന്തും ചെയ്യാമല്ലോ. ഈ ലോകം മുഴുവൻ നിങ്ങളുടെ മുമ്പിലില്ലേ, ജീവിതവും. ഇല്ല ജീവിതം താറുമാറായിപ്പോകാൻ ഞാൻ സമ്മതിക്കുകയില്ല. എല്ലാ ശക്തിയും സംഭരിച്ച് രണ്ടാമതൊരു ശ്രമം കൂടി നടത്തുക. ഒരു ചെറിയ ചെടിയെങ്കിലും നട്ടു പിടിപ്പിച്ച് അതിൻെറ പൂവും കായും കാണുക. (ഇത്രയുമാകുമ്പോൾ ഗ്രാമഫോണും കസേരയും ഒന്നാകുന്നു. കസേരയുടെ പോസിറ്റീവ് ഫിലോസഫി ബഷീറിൻെറ ഫിലോസഫിയായി മാറുന്നു. സുഖ് കീ ഏക് സപ്ന് എന്ന ഗാനം പശ്ചാത്തലത്തിൽ. ഈ ഗ്രാമഫോൺ-കസേര ബന്ധം ഞാനാദ്യം മുതലേ കാണിച്ചിട്ടുണ്ട്.) ഈയൊരു വീക്ഷണത്തിലെത്തിച്ചേർന്നതുകൊണ്ടാണ് ബാല്യകാലസഖിയിലെ ഒരു കാൽ നഷ്ടപ്പെട്ട മജീദ് പറയുന്നത്: 'രണ്ടുകാലുമില്ലാത്ത എത്രപേരുണ്ട്? എന്നിട്ടും അവർ ജീവിക്കുന്നു. എൻെറ ഒരു കാലല്ലേ പോയുള്ളു.'

അപ്പോൾ ദുരന്തകഥാപാത്രമായ ബഷീറിൻെറ ദുരന്തത്തെ അത്രയൊന്നും project ചെയ്യുന്നില്ലല്ലോ ചിത്രത്തിൽ?

ഞാനാദ്യമേ പറഞ്ഞില്ലേ. ബഷീറിൻെറ ദുരന്തത്തേയോ, ചിരിയേയോ ഞാൻ ഐഡിയലൈസ് ചെയ്യുന്നില്ല. ദുരന്തത്തെ ഉപാഖ്യാനം ചെയ്യുമ്പോൾ ഒരു പരിധിവിട്ടാൽ പെസിമിസത്തിലേക്കും സെൻറിമെൻറലിസത്തിലേക്കും നയിക്കും. ബഷീർ ആരോടെങ്കിലും തൻെറ വേദനകൾ പറഞ്ഞതായി ഞാൻ കേട്ടിട്ടില്ല. അതുകൊണ്ടാണ് 'പാത്തുമ്മയുടെ ആട്' ഒരു നോവലായത്. അല്ലെങ്കിൽ ബഷീർ അതിന് 'ആത്മകഥ' എന്നു പേരിടുമായിരുന്നു. അത് ആത്മകഥ എന്ന പേരിലാണ് വന്നിരുന്നതെങ്കിൽ നാം ബഷീറിനോട് സഹതപിച്ചു കളയുമായിരുന്നു. അപ്പോൾ ദുരന്തത്തെ ബഷീറിൻെറ രീതി വിട്ട് പറയാനും പറ്റില്ല. നോക്കൂ ആ ശൈലി തന്നെ 'ഭ്രാന്താശുപത്രിയിൽനിന്നു പിരിയുമ്പോൾ എടുത്ത ഗ്രൂപ്പ് ഫോട്ടോയാണിത്. കേരളത്തിലെ എല്ലാ ജയിലുകളിലും ഞാൻ താമസിച്ചിട്ടുണ്ട്. അവിടെയൊക്കെ ഞാൻ പൂന്തോട്ടമുണ്ടാക്കിയിട്ടുണ്ട്.' ഈ രീതി കമൻററിയിൽ മാത്രമല്ല ദൃശ്യാവിഷ്കാരത്തിലും സിനിമയിൽ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ബഷീറിൻെറ ദുരന്തത്തിൽ നിങ്ങൾക്ക് കൂടുതൽ involve ചെയ്യാൻ ഞാൻ അവസരം തരുന്നില്ല. വീഴ്ചകളെ വിജയമാക്കുന്ന, ദുഃഖത്തെ സന്തോഷമാക്കുന്ന ഒരാളെയാണ് ഞാൻ തരുന്നത്.

റഹ്മാൻ, ഒരെഴുത്തുകാരൻ എന്ന നിലയിൽ ജീവിതാനുഭവങ്ങൾ ഏല്പിച്ച ആഘാതങ്ങൾക്ക് ബഷീറിൽ വലിയ പങ്കുണ്ടല്ലോ.

ആ പങ്ക് തന്നെയാണ് ഞാനിവിടെ പകർത്താൻ ശ്രമിക്കുന്നത്. അതെങ്ങിനെ അവതരിപ്പിക്കുന്നു എന്നതാണ് ബഷീറിൻെറ കാര്യത്തിലെ പ്രശ്നം. എന്ത് എന്നതല്ല ഞാനാ ദുരന്തത്തെ ഡോമിനേറ്റ് ചെയ്യുന്നില്ല. idealise ചെയ്യുന്നില്ല. എല്ലാം തകർന്നു കഴിഞ്ഞ് കുടുംബം പോറ്റാൻ ഒരു ജോലിക്കുവേണ്ടിയാണ് ബഷീർ എഴുതിയത്. എഴുത്ത് ജീവിതത്തിനു പകരമാക്കി ദുരന്തത്തിനുമേൽ സ്ഥാപിക്കുകയായിരുന്നു ബഷീർ. അങ്ങിനെ 'ബഷീർ ദ മാൻ' 'ബഷീർ ദ റൈറ്ററാ'യി ത്തീരുന്നു. ഹ്യൂമർ ഡോമിനേറ്റ് ചെയ്താൽ ബഷീർ ഒരു കോമാളിയാവും. ദുഃഖം കൂടിയാൽ സഹതാപമാകും. അതു രണ്ടും എൻെറ സിനിമയിലില്ല. അതെൻെറ രീതിയുമല്ല.

പടം കണ്ടുതീരുമ്പോൾ ബഷീറിൻെറ ദുരന്താനുഭവത്തെ കൂടാതെ ഒരുതരം ദാർശനിക ഭാവം കൈവന്നതായും തോന്നുന്നു?

ബഷീറിൻെറ ജീവിതത്തിലെ തത്വചിന്താപരമായ സമസ്യകളെക്കൂടി ഞാനന്വേഷിച്ചിട്ടുണ്ട്. വാസ്തവത്തിൽ ബഷീർ എന്താണ്? ഈ പ്രകൃതിയുടെ രഹസ്യമെന്തെന്ന് ബഷീർ എപ്പോഴും അന്വേഷിക്കുന്നുണ്ട്. ചെറുപ്പത്തിൽ പിതാവിനോടൊപ്പം മണൽപ്പുറത്തുകൂടി നടന്നുപോകുമ്പോൾ തൻെറ കാല്പാടുകളെ തിരകൾ വന്ന് മായ്ക്കുന്നതുകണ്ട് ബഷീർ ചോദിക്കുന്നു: 'ആരാണ് ബാപ്പാ എൻെറ കാല്പാടുകളെ മായ്ച്ചു കളയുന്നത്.'


ബാപ്പ: നിന്നെ സൃഷ്ടിച്ചവനറിയാം.


ബഷീർ: എന്തിനു സൃഷ്ടിച്ചു?

ബാപ്പ : മോനേ അങ്ങനെയൊന്നും ചോദിക്കരുത്.

ബഷീർ: ഞാൻ ചോദിക്കും. എനിക്കറിയണം.

ഇങ്ങിനെ ചോദിച്ചുകൊണ്ടാണ് ബഷീർ വളർന്നത്. അറിയണം എന്ന ബോധം, ആത്യന്തികമനുഷ്യൻെറ അടിസ്ഥാനബോധം തന്നെയാണ്. ബഷീർ ഇന്ത്യമുഴുവൻ അലഞ്ഞുനടന്നതും, പല വേഷങ്ങൾ കെട്ടി, ഒടുവിൽ സന്യാസിയായതും ഈ ദാർശനിക സമസ്യയിലാണ്. ഒടുവിൽ ബഷീർ സന്യാസം ഉപേക്ഷിച്ചു. ഏതൊരവസ്ഥയാണോ തന്നെ മിസ്റ്റിസിസത്തിലെത്തിച്ചത് (സൂഫി) അതിനെ ബഷീർ വെടിയുന്നു. അതിൻെറ അർത്ഥം അയാളിൽനിന്നില്ലാതാകുന്നു എന്നല്ല. കാരണം, ഒരു മനുഷ്യനെ നമുക്ക് സമഗ്രമായേ കാണാൻ കഴിയൂ. ബഷീറിനെ സമഗ്രമായി കാണുമ്പോൾ ബഷീറിലെ ദാർശനികാംശത്തെയും നാം കാണേണ്ടിയിരിക്കുന്നു. ബഷീർ തന്നെ പറയുന്നുണ്ട് : ഈ പ്രപഞ്ചത്തിൻെറ പ്രാഭവം ഉൾക്കൊള്ളാൻ എനിക്കാവുന്നില്ല. എത്രയെത്ര സ്ഥലങ്ങളിൽ എൻെറ വലിയ കാല്പാടുകൾ പതിഞ്ഞു. എനിക്കു ബുദ്ധി വേണമെന്നില്ല. ഒരു പുൽക്കൊടിയായാൽ മതി. പക്ഷിയായാൽ മതി.





പക്ഷേ, മനുഷ്യൻ ആയിപ്പോയി. അത് വലിയ അനുഗ്രഹവുമാണ് — ഇങ്ങനെ മനുഷ്യൻ ആയതിൽ സന്തോഷിക്കുന്ന ബഷീർ. അതൊരനുഗ്രഹമായി കാണുന്ന ബഷീർ. ആ മനുഷ്യനിൽ ഇതെല്ലാം ഉണ്ട്. അദ്ധ്യാനവും കുടുംബജീവിതവുമൊന്നും സന്യാസത്തിലില്ല എന്നതാണ് അതുപേക്ഷിക്കാനുള്ള കാരണമെന്ന് ബഷീർ പറയുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ആന്തരികജീവിതത്തിൽ ഒരു മിസ്റ്റിക്കൽ തലമുണ്ട് .. ഇത് നമ്മെ പലപ്പോഴും

സംശയിപ്പിക്കുന്നു. അതുകൊണ്ടാണ് ഒടുവിൽ ചോദിക്കുന്നത് — നിങ്ങൾ ഒരു മിസ്റ്റിക്കാണോ എന്ന്.

അതിനുള്ള ഉത്തരം ബഷീർ പറയുന്നു. ഞാൻ പച്ചക്കറിയല്ല. അതായത് വെണ്ടക്കയല്ല. ചിന്തയും വികാരവുമുള്ള മനുഷ്യനാണ്.

ബഷീറിനെ കമ്പാർട്ടുമെൻറലായി കാണാൻ ഞാൻ ശ്രമിച്ചിട്ടില്ല. അനേകം കമ്പാർട്ടുമെൻറുകൾ ഒന്നിച്ചടുക്കിവച്ച ഒരു സമഗ്രമനുഷ്യന്റെ സമഗ്രത (integrity) അന്വേഷിക്കുകയാണ്. അതിന് ഒരു ആയിത്തീരൽ (being) സ്വഭാവം ഉണ്ട്. അതുകൊണ്ട് ബഷീർ ഇന്നതാണ് എന്ന് ഞാൻ സ്ഥാപിക്കുകയല്ല. ആയിത്തീരലിന്റെ നൈരന്തര്യത്തിലെ ഒരു ഇടവേളയിൽ നിങ്ങളെ എത്തിക്കുകയാണ്. ബഷീറിന് ഇനിയും മാറ്റമുണ്ടാകാം. ഇല്ലാതെയുമിരിക്കാം. അത്തരത്തിൽ തന്നെയാണ് ഞാൻ ചിത്രം അവസാനിപ്പിച്ചിരിക്കുന്നത്. ആളുകൾ പരിവേഷം കൊടുത്ത് 'മിത്തിഫൈ' ചെയ്ത ഒരു മനുഷ്യനെ 'ഡീമിത്തിഫൈ' ചെയ്യുമ്പോൾ അയാളിൽ യഥാർത്ഥത്തിൽ ഉള്ള ഒരു ഉൺമയെ അതിന്റെ പേരിൽ മാത്രം കാണാതെ പോകുന്നതു ശരിയല്ല. അതുകൊണ്ടാണ് ഈ ദാർശനികാംശവും നിങ്ങളെ സ്പർശിക്കുന്നത്. ബഷീറിനെക്കുറിച്ച പരമമായ കണ്ടെത്തലും അല്ല ഈ സിനിമ.





ബഷീർ പറയുന്ന ചില ഫലിതങ്ങൾക്ക് ഒരു പ്രത്യേക മാനമുണ്ടല്ലോ ചിത്രത്തിൽ?

തീർച്ചയായും ഉണ്ട്. ബഷീറിനെ ഉമ്മ പെറ്റിട്ടത് തീയിലേക്കാണെന്നു പറയുമ്പോൾ ആളുകൾ ചിരിക്കുന്നു. അതെങ്ങിനെ ഫലിതമാകും. അതൊരു വേദനയല്ലേ. അതുപോലെ ബഷീർ കുഞ്ഞുണ്ണിമാഷോട് ഒന്നും ഒന്നും കൂട്ടിയാൽ ഇമ്മിണി വല്യ ഒന്നാകും എന്നു പറയുമ്പോഴും ആളുകൾക്കതൊരു തമാശയാണ്. പക്ഷെ, ബഷീർ പറയുന്നത് വലിയൊരു കാര്യമാണ്. മൂവാറ്റുപുഴയാറ് രണ്ടായി പിരിഞ്ഞ് വന്ന് ഒന്നായി വലിയ ഒന്നായി പോകുന്നു. (ബാല്യകാലസഖിയിലെ മജീദിന്റെ ഉത്തരം: മജീദ് ബഷീർ തന്നെയാണ്.) ഇതുതന്നെയാണ് ബഷീറിന്റെ തത്വചിന്താപരമായ അന്വേഷണത്തിന്റെ ആരംഭവും..... ഭാരതീയമായ അദ്വൈതവും സൂഫിസവും വലിയ ഒന്നിനെത്തന്നെ പറ്റിയാണ് പറഞ്ഞത്. ബഷീർ തന്റേതായ ലോജിക്കിലൂടെ സിംപ്ലിഫൈ ചെയ്തു. നമുക്കത് ചിരിയായി മാറുന്നു. (ഗണിതശാസ്ത്രത്തിലെ ലോജിക്കല്ല ബഷീറിന്റെ ലോജിക്ക്.)

ബഷീർ എന്ന വലിയ എഴുത്തുകാര



ബഷീറിനെ കമ്പാർട്ടുമെൻറലായി കാണാൻ ഞാൻ ശ്രമിച്ചിട്ടില്ല. അനേകം കമ്പാർട്ടുമെൻറുകൾ ഒന്നിച്ചടുക്കിവെച്ച ഒരു സമഗ്ര മനുഷ്യന്റെ സമഗ്രതയിലാണ് എന്റെ സിനിമ ഊന്നുന്നത്.

എം.എ. റഹ്മാൻ

നെ ഉൾക്കൊള്ളുന്നതിൽ ഈ പടമെത്ര മാത്രം വിജയിച്ചു?

—നിങ്ങളാണ് തീരുമാനിക്കേണ്ടത്.

അവസാനമായി ചോദിച്ചോട്ടെ. സിനിമാനിർമാണത്തിനിടയിൽ വന്നക്ലേശങ്ങൾ എന്തൊക്കെയാണ്?

ചിത്രത്തിൻെറ നിർമാണം പ്രയാസകരമായിരുന്നു. ഒന്നാമതായി ഒരു ഡോക്യുമെൻററി ചിത്രത്തിൻെറ പരിമിതികൾ തന്നെ. മറ്റൊന്ന്


ഒന്നിനോടുംപൊരുത്തപ്പെടാനാകാത്ത ബഷീറിൻെറ പ്രകൃതം. അദ്ദേഹം ക്യാമറയ്ക്കുവേണ്ടി ഒന്നും ചെയ്യില്ല. ക്യാമറ അദ്ദേഹത്തിനുവേണ്ടി ചലിപ്പിക്കേണ്ടിവന്നു. ക്യാമറ മുന്നിൽ കാണുമ്പോൾ ബഷീർ അസ്വസ്ഥനാകും. അദ്ദേഹത്തിൻെറ ചലനങ്ങൾക്കനുസരിച്ച് ക്യാമറ നീങ്ങണം. നമുക്കൊന്നും പ്ലാൻ ചെയ്യാനാവില്ല. അതുകൊണ്ട് വിചാരിച്ചപോലെ ഒന്നും നടക്കില്ല. ഷൂട്ട് ചെയ്ത ഫിലീമിൻെറ നല്ലൊരുഭാഗം തിരുവനന്തപുരത്തെ ചിത്രാഞ്ജലിസ്റ്റുഡിയോവിലെ ലാബറട്ടറിയിൽവച്ച് കേടായി. വീണ്ടും re-shoot ചെയ്യാനാവാത്തവിധത്തിലുള്ള ഷോട്ടുകൾ. നഷ്ടപരിഹാരവും വേണ്ടത്ര കിട്ടിയില്ല. എല്ലാം കൂടിയായപ്പോൾ തളർന്നുപോയി, മൂടക്കാൻ കാശും പ്രശ്നമായിരുന്നു. പിന്നെയും ഏറെ കഴിഞ്ഞാണ് ആ ഭാഗങ്ങൾ അധികച്ചെലവു ചെയ്ത് പൂർത്തിയാക്കുന്നത്. എങ്കിലും ഞാൻ കൺസീവ് ചെയ്ത രീതിയിൽ ഒന്നും re-shoot ചെയ്യാനായില്ല. ആ നഷ്ടബോധം ഇപ്പോഴുമുണ്ട്.

നിങ്ങളുടെ കോളെജിൽ അധ്യാപകനായി തുടരുന്ന സമയം. അല്പകാലം ലീവിനപേക്ഷിച്ചു. പക്ഷേ ലഭിച്ചില്ല. ഒടുക്കം മറ്റൊരു ജോലിയും മുന്നിൽ കാണാതെ തന്നെ ഞാൻ രാജിവച്ചു. നമുക്ക് നമ്മുടെതായ വീക്ഷണമുണ്ടാവും. എവിടെയും അത് നിലനിർത്താൻ കഴിയണം. ഇല്ലെങ്കിൽ ഒരു ഭീരുവിനെപ്പോലെ കഴിഞ്ഞുകൂടണം. എന്നെ സംബന്ധിച്ചിടത്തോളം അതസാധ്യമാണ്. ഇപ്പോൾ എനിക്കുതോന്നുന്നു ഞാൻ പരാജയപ്പെട്ടിട്ടില്ലെന്ന്. സിനിമാ ഫെസ്റ്റിവലിൽ പങ്കെടുക്കാനും അവാർഡു വാങ്ങാനും മറ്റും സർക്കാർ എനിക്കു ലീവനുവദിച്ചു തരുന്നുണ്ട്. ഇവിടെയെനിക്കാരെയും ഭയപ്പെടേണ്ടതില്ല, താങ്ങേണ്ടതുമില്ല — റഹ്മാൻ പറഞ്ഞുനിർത്തി.

# ഭാരതീയ തത്വചിന്തയു

# കപട മുഖ

കെ.പി. നാസ



നൂറ്റാണ്ടുകൾ ഭാരതീയ തത്വചിന്തയിൽ വരുത്തിയ ചേർച്ചക്കുറവുകളെക്കുറിച്ചുള്ള ഒരന്വേഷണമാണീ ലേഖനം. അതുകൊണ്ടുതന്നെ തീക്ഷ്ണമായ ഒരു നിഷേധവാക്യമായി തോന്നിക്കൂടെന്നില്ല.

മതം എന്ന സാമൂഹ്യബോധം തത്വചിന്തയിലധിഷ്ഠിതമാണ്. മനുഷ്യവർഗത്തിൻെറ ഇതുവരെയുള്ള പുരോഗതിയുടെ ഒരു ഭാഗമാണല്ലോ തത്വചിന്ത. നൂറ്റാണ്ടുകൾ പഴയ സങ്കൽപങ്ങളെ പുതിയ തലമുറയുടെ മുമ്പിൽ ഫലിതങ്ങളായി മാറ്റുന്നു. ഈ ചേർച്ചക്കുറവുകളെ വിശകലനം ചെയ്യുമ്പോൾ നമുക്ക് മനുഷ്യരാശി കൈവരിച്ച അൽഭുതകരമായ വിജ്ഞാനത്തെക്കുറിച്ച് മതിപ്പു തോന്നാതിരിക്കില്ല.

ഉത്തരമില്ലാത്ത ചോദ്യങ്ങളിൽനിന്നാണ് തത്വചിന്ത ഉടലെടുത്തത്. ആ ചോദ്യങ്ങൾ നിർണ്ണായകങ്ങളായിരുന്നു. ഓരോ തത്വചിന്തയും ഓരോ ഉത്തരം കണ്ടെത്തി. ആ ഉത്തരങ്ങളെല്ലാം മനുഷ്യരാശി വിദഗ്ധമായി ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. പൂർണ്ണമായ അവഗണന നേട്ടമുണ്ടാക്കില്ല. മറിച്ച് കോട്ടമാണ് വരുത്തുക.

മതതത്വചിന്ത അഥവാ ആത്മനിഷ്ഠ ചിന്ത ചില മാനസിക സങ്കൽപങ്ങളെ പിൻപറ്റിയാണ് നിലനിൽക്കുന്നത്. അതായത് ചില വിശ്വാസസത്യങ്ങൾ (Dogma) മാത്രമാണ് അതിനാധാരം. ആരോഗ്യകരമായ ഒന്നല്ല ഇത്. മതനിഷ്ഠ വസ്തുനിഷ്ഠ ചിന്തപോലെ സാമൂഹ്യ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇത് ഉദ്യമിക്കുന്നത് എന്ന വിശ്വാസമാണ് ഇതിനാധാരമെന്ന് സൂചിപ്പിക്കട്ടെ.

മാനസിക സങ്കൽപങ്ങളിലൂടെ സംഭരിച്ച മതതത്വചിന്ത ഭൗതിക വസ്തുക്കളിൽ കെട്ടിവെയ്ക്കാനുള്ള ശ്രമത്തിൻെറ ഏറ്റവും മികച്ച ഉദാഹരണമാണ് ബ്രഹ്മം (സത്ത) എന്ന അനുഭൂതി സങ്കൽപം. അത്, ആർഷ ഭാരത പാരമ്പര്യമതങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാന സങ്കൽപമാണ്. ഹിന്ദു-ബുദ്ധ-ജൈന മതങ്ങൾ വ്യത്യസ്ത നാമങ്ങളിലായി അംഗീകരിച്ചതാണത്. ഹിന്ദു വേദാന്തത്തിലൂടെ അത് സമർഥിക്കുമ്പോൾ, ബുദ്ധദർശനം നിർവാണമെന്നും, ജൈനർ ജീനത്വമെന്നും അതിനെ തിരിച്ചറിയുന്നു.

ബ്രഹ്മം പരമമായ സത്യമാണെന്ന വാദത്തെയല്ല ഇവിടെ ചോദ്യം ചെയ്യുന്നത്. മറിച്ച് ഭൂരിപക്ഷം വരുന്ന മർദിതരായ ഭാരതീയരെ അത് എങ്ങിനെ സ്വാധീനിച്ചു എന്നതാണ്. പട്ടിണിക്കാരെ അനർഘമെന്ന് വിശേ

ഷിപ്പിക്കപ്പെട്ട ഒരനുഭൂതികാട്ടി ചൂ
ചെയ്യുകയാണ്. മനുഷ്യവർഗത്തിൻെറ
ത്തത്തിലുള്ള സുഖമാണ് ഉദ്ദേശമെ
ബ്രഹ്മം ദുഃഖമാണ്. കാരണം അത്
ക്രിയത്വത്തിൻെറ ദർശനമാണ്.
ത്വചിന്ത ഒരിക്കലും ഭൗതിക സാഹ
ത്തെ കൈകാര്യം ചെയ്യാൻമാത്രം ഉ
മല്ല. വൈകാരികാനുഭൂതി പ്രദാനംചെ
ബ്രഹ്മസങ്കൽപ്പത്തിൻെറ പേരിൽ ജാ
വസ്ഥയെ നിഷേധിക്കുന്നത് മനുഷ്യ
തിഷ്കത്തിൻെറ അൽഭുതകരമായ ക്ര
ശേഷിയോടുള്ള വെല്ലുവിളിയാണ്.
മം മോക്ഷം നൽകുന്നു എന്നതാണ്
ൻെറ പ്രാധാന്യം. മോക്ഷം അഥവാ മു
മതനിഷ്ഠമായ മാനസിക സങ്കൽപ
അത് സത്യത്തിലേക്കുള്ള വഴിയാ
എങ്ങിനെ ന്യായീകരിക്കും? അ
ആണെങ്കിൽ തന്നെ. 'ശ്രയതി ഇതി
എന്ന വ്യുൽപത്തി പ്രകാരം ആശ്രയത്
യി അർഥിക്കുന്നതെല്ലാം ശ്രീ തന്നെ.
യത് ദുക്തിക്ക് ശേഷം മുക്തി. എ
ബ്രഹ്മമെന്തിന് ജഗത്മിഥ്യയെന്ന് സ്ഥ
ക്കുന്നു?

മനുസ്മൃതി പ്രകാരം ഉത്തമനായ
ഷ്യനാണ് ബ്രാഹ്മണൻ. നൂറ്റാണ്ടുക
ചേർച്ചക്കുറവ് ഇവിടെ ദൃശ്യമാവുന്നു.
ഷ്യരിൽ ഉത്തമനായി നാം ഇന്ന് ഗണ
ന്നത് പൊരുതുന്ന മനുഷ്യനെയാണ്.
ൻെറ മുൻഗാമികൾ തീർത്ത, അവന്
ലകളാവുന്ന, എല്ലാ സങ്കൽപത്തിനു
ശ്വാസത്തിനുമെതിരെ പോരാടുന്ന
അവൻെറ ശക്തി ജാഗ്രതാവസ്ഥയ
ഊർജസ്വലതയാണ്, ചതുർഥാവസ്
ലെ നിഷ്ക്രിയത്വമല്ല. ദേവലോകത്തി
നിലനിൽപ് ആധുനിക മനുഷ്യന് ഒരു
നമല്ല. അത് ബ്രാഹ്മണനും പൗരോഹ
ത്തിനും സ്വയം മറക്കാനുള്ള കറുപ്പ
ജീവിതത്തെ ധീരമായി നേരിടാനറിയ
വൻെറ, ശാസിക്കുകയും സ്തുതിക്കുക
ചെയ്യുന്നവൻെറ മനഃശാന്തി മാത്രമ
പൗരാണികർ എന്തുകൊണ്ടാണ് ബ്ര
മെന്ന വിശ്വാസ സത്യത്തെ മുറുകെപ്പി
എന്നറിയണമെങ്കിൽ പ്രപഞ്ചത്തെ
യാൻ അവരുപയോഗിച്ച മാനദണ്ഡ
അറിയണം. യഥാർഥാനുഭവങ്ങളെ അ
പ്രമാണങ്ങളെ അവർ പ്രത്യക്ഷം, അ
നം എന്നിങ്ങനെ രണ്ടായി തരംതി
പ്രത്യക്ഷം എന്നതുകൊണ്ടർഥമാക്കു
ഇന്ദ്രിയാനുഭവംകൊണ്ട് കൈവരുന്ന
ഭവത്തെയാണ് (ഭൗതികവാദ സമീപ
അനുമാനത്തെ ഉപമാനം (സാദൃശ
ശബ്ദം (അർഥാപത്തി), ചേഷ്ഠ, അ

ബ്ദി, ഐതിഹ്യം എന്നിങ്ങനെ തരംതിരിച്ചു (ആത്മനിഷ്ഠ സമീപനം). ബ്രഹ്മസങ്കൽപത്തിന് നിദാനം ഇന്ദ്രിയാനുഭവമല്ല; മറിച്ച് അനുമാനമാണ്. അതുകൊണ്ടുതന്നെ ധൈര്യമായി ചോദ്യം ചെയ്യാം.

ബ്രഹ്മത്തെ ബ്രാഹ്മണർ വാണിജ്യവൽക്കരിക്കുകയാണ് ചെയ്തത്. എതിർക്കപ്പെടേണ്ടത് ബ്രഹ്മത്തിലുപരി ബ്രാഹ്മണത്തിൻെറ കച്ചവടക്കണ്ണല്ലേ എന്ന് ചോദിച്ചേക്കാം. പക്ഷേ, ബ്രഹ്മമുള്ള കാലത്തോളം ബ്രാഹ്മണനുമുണ്ടാകുമല്ലോ. തോലുപൊളിച്ച് പുറത്ത് വരുന്ന പുത്തൻ തലമുറയുടെ കണ്ണുകളിലെ തീക്ഷ്ണമായ നിഷേധവചനങ്ങൾക്ക് ബ്രഹ്മത്തേക്കാൾ ശക്തിയുണ്ട്. വരേണ്യ സംസ്കാര നിഷേധം എന്നാൽ വെളിച്ചത്തിനെതിരെ കള്ളസാക്ഷി പറഞ്ഞവർക്കെതിരെയുള്ള പ്രതിഷേധ സ്വരമാണ്. മനുഷ്യൻെറ ക്രിയാശേഷിക്കും ശാസ്ത്രസാങ്കേതിക പുരോഗതിക്കും നിരക്കാത്തതാണ് ബ്രഹ്മസങ്കൽപം. ആധുനിക സന്യാസികൾ നടത്തുന്ന ശാസ്ത്ര-വേദാന്ത സങ്കലനം കാപട്യമാണ്. മതതത്വചിന്തക്ക് യാഥാസ്ഥിതികമായ ഒരടിത്തറയേക്കാൾ പുരോഗമനപരവും യുക്തിപരവുമായ ഒരടിസ്ഥാനമാണ് വേണ്ടത്.. "Our country has had a very ancient civilisation and culture which can give peace of mind and stability to every individual" എന്ന കാമകോടി പീഠം മഠാധിപതിയായിരുന്ന ശ്രീജയേന്ദ്ര സരസ്വതിയുടെ അഭിപ്രായം ആധുനിക ഭാരതത്തിലെ ഒരു തത്വശാസ്ത്രവിദ്യാർഥിക്ക് സുസമ്മതമായിരിക്കുകയില്ല. കാരണം, നമ്മുടെ പാരമ്പര്യദർശനം നൽകുന്നത് നിഷ്ക്രിയത്വമായ ശാന്തിയാണ്.

ബ്രഹ്മത്തെ രണ്ടുതരത്തിൽ സമീപിക്കാമെന്ന് തോന്നുന്നു. ഒന്ന്: ഒരു ജീവിത വ്യാഖ്യാനമെന്ന നിലക്ക്. രണ്ട്: സത്യാന്വേഷണത്തിൻെറ ഫലമെന്ന നിലക്ക്. ര്ണ്ടു തരത്തിലായാലും ആ സങ്കൽപം പരാജയം തന്നെ. ഒരു വ്യക്തിയെ നിഷ്ക്രിയനാക്കാൻമാത്രം വേണ്ടുന്ന ലഹരിമരുന്നു നിറച്ച സിറിഞ്ചാണത്. സൃഷ്ടിയും സ്രഷ്ടാവും സാക്ഷിയും എല്ലാം നീതന്നെയെന്ന വചനം ഒരു മനുഷ്യൻെറ നേർക്കുതിർക്കുന്ന വേദാന്തം അവൻെറ വിവേചനശക്തിയെ തകർക്കുകല്ലേ ചെയ്യുന്നത്?

ബുദ്ധിയും യുക്തിയും നശിച്ച് വൈകാരികാനുഭൂതിക്കായി അടിമപ്പെടൽ വിവേകമല്ല. ശാസ്ത്രീയ ചിന്താഗതിക്കനുയോജ്യമായ സങ്കൽപമല്ല ബ്രഹ്മം. അതുകൊണ്ട് ഓരോ തലമുറയും മഹത്തായ സത്യാന്വേഷണത്തിന് മുൻവിധികളില്ലാതെ തയ്യാറെടുക്കണം. പഴയ തലമുറയുടെ ബുദ്ധിയും വിഡ്ഢിത്തങ്ങളും വിശകലനം ചെയ്ത് സത്യം കണ്ടെത്തുകയാണ് വേണ്ടത്. അങ്ങനെ തത്വചിന്തയിൽ ഭാരതം പുതിയ ഏടുകൾ തുന്നിച്ചേർക്കട്ടെ.

ആളെറങ്ങാനണ്ട. നിരത്തണം

തിരക്കിനിടയിൽനിന്നും ഒരു ദീനവിലാപം. അസഹ്യമായ ഏതോ ദൂതുകേട്ടവണ്ണം കിളി ബസ്സിൻെറ ഇടതുഭാഗത്തു ചത്തുകിടന്ന നൂലു വലിച്ചു. മുന്നിലെവിടെയോ തുരുമ്പിച്ച ഒച്ച. കുറെക്കൂടി മുമ്പോട്ടുപോയാണ് ബസ് നിന്നത്.

അരുതാത്തതെന്തോ ചെയ്തപോലെ ഡ്രൈവർ തിരിഞ്ഞുനോക്കുന്നു. മുഖത്തെ അസ്വസ്ഥത ഇപ്പോൾ വ്യക്തമായികാണാം. പുറകിലേക്കുനോക്കി എന്തെല്ലാമോ പിറുപിറുത്തുകൊണ്ടാണയാൾ ബ്രേക്കു ചവുട്ടിയതെന്ന് നിശ്ചയം. പിന്നിൽ നേരത്തെ പിൻതള്ളിയ മറ്റൊരു ശകടം കുതിച്ചുവരുന്നതു കണ്ടപ്പോൾ ഡ്രൈവർക്കു സഹിച്ചില്ല. കിളിയുടെ നേർക്കയാൾ ഗ്രാമ്യപദങ്ങളാൽ കോർത്തെടുത്ത പ്രയോഗങ്ങൾ വർഷിച്ചുകൊണ്ടിരുന്നു. നേർത്ത ശബ്ദമായതും യാത്രക്കാരെയും കടന്ന് കിളിയുടെ ചെവിയിലെത്താതെ പോയതും നന്നായി. ഇല്ലെങ്കിൽ ഇതിനുള്ളിൽതന്നെ ഒരു വർഗ്ഗ സംഘട്ടനം നടന്നേനെ. നേരത്തെ എപ്പോഴോ കിളിയുടെ ആജ്ഞകേട്ട് മുന്നോട്ടു നീങ്ങിനിന്ന പരമശുദ്ധനായ ഒരു യാത്രക്കാരൻെറ പുറത്തിറങ്ങാനുള്ള പെടാപ്പാടും അഭ്യാസമുറകളുമാണിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

ബസിൽ ഏറിയകൂറും വിദ്യാർത്ഥികളാണ്. (ബസ് ജീവനക്കാരുടെ ഭാഷയിലും അണ്ഡകടാഹവിജ്ഞാനകോശകാരൻെറ ഗ്രന്ഥത്തിലും ഉറുപ്പികയ്ക്ക് പത്തെന്നാണ് പ്രയോഗം) അവർക്കിടയിലൂടെയാണ് നടേ പറഞ്ഞ പാപിയായ യാത്രക്കാരൻ ലക്ഷ്യസ്ഥാനം തിരക്കുന്നത്. ക്ലീനറുടെ ശകാരവാക്കുകളുടെ പശ്ചാത്തലസംഗീതം അയാൾ ഫുട്ബോർഡിൽ നിന്നും കാല് ഭൂമിയിലേക്ക് വെച്ചോ എന്നറിയില്ല അപ്പോഴേക്കും ഇരട്ടമണി മുഴങ്ങിയിരുന്നു. മോചനം കിട്ടിയവനെപ്പോലെ ബസ് ഒന്നു കുതിച്ചു. കുറെ ഓടിയശേഷം അപ്പുറത്തെവിടെയോ ബസ് നിന്നു. ഒരു വൃദ്ധയും മറ്റൊരു യുവതിയും മുൻ വാതിലിലൂടെ എങ്ങിനേയോ അകത്തുകയറിപ്പററി. കോളെജ് വിദ്യാർത്ഥികൾക്കിടയിലൂടെ അവർ തങ്ങളുടെ സംവരണ സ്ഥാനം തിരക്കുന്നുണ്ടായിരുന്നു. ഏതാനും ഇരിപ്പിടങ്ങൾക്കു മുകളിലായി കലാപരമായി എഴുതിവെച്ചത് 'സ്ത്രീകൾ' എന്നുതന്നെയാണെന്ന് അവർ ഒരുവിധം വായിച്ചൊപ്പിച്ചു. ഏറെ പ്രയാസപ്പെട്ടാണവർക്കത് ബോദ്ധ്യമായതെന്ന് വ്യക്തം. (ജാഗരൂകവും അമൂർത്തവുമായ ഒരു കാലഘട്ടത്തിലെ പൊള്ളുന്ന തിരിച്ചറിവായിരുന്നു അതെന്ന് ഒരു പുരോഗമനസാഹിത്യകാരൻ. സത്യം : വെളിവായപ്പോൾ തങ്ങളുടെ സീറ്റിൽ നിവർന്നിരിക്കുന്ന ആൺപിള്ളേരെയും ബോർഡിനേയും അവർ മാറിമാറി നോക്കി. അവകാശബോധം ലേശംപോലും ഇല്ലാതെ തന്നെ എന്നാൽ എല്ലാ പരുഷമായ നോട്ടങ്ങളെയും ചെറുത്തു തോൽപ്പിക്കുമെന്ന മട്ടിൽ വിദ്യാർത്ഥികൾ ഇളകാതിരുന്നു. കണ്ടക്ടർ അവിടെ അവതരിച്ചതെപ്പോഴാണെന്നറിഞ്ഞില്ല. താനിതിലെയൊക്കെ കടന്നുപോയിട്ടുണ്ട് എന്നതിൻെറ തെളിവെന്നോണം കമ്പിയിൽ തൂങ്ങി നിന്നവരുടെ വസ്ത്രത്തിലെല്ലാം നേർത്തവരകളും സമ്മാനിച്ചാണ് അയാളവിടെ എത്തിയതെന്ന് തിരക്കഥാകൃത്ത്.

വൃദ്ധയും യുവതിയും നിന്നു കഷ്ടപ്പെടുന്നത് കണ്ടക്ടർക്ക് സഹിച്ചില്ല. അല്ലെങ്കിലും നാരീജനങ്ങളുടെ യാത്രാവേളയിലെ കഷ്ടതകളിൽ അനുഭവാർദ്രമാകുന്നു മനസ്സാണല്ലോ അവരുടെത്. 'നാരീ ജനോം കീ പീഡൻ ഇതികശ്ചവീര്യവാൻ കണ്ടക്ടർ' (നാരീജനങ്ങൾ എവിടെ പീഡിപ്പിക്കപ്പെടുന്നുവോ അവിടെ അവർക്ക് തണലായി പ്രത്യക്ഷപ്പെടുന്നവനാണ് യഥാർത്ഥ കണ്ടക്ടർ) എന്ന ശകടപുരാണത്തിലെ ശ്ലോകം ഓർക്കുക.

ഏതായാലും കണ്ടക്ടറിൽ ദയ, ആർദ്രത തുടങ്ങിയ വികാരങ്ങൾ ഉണ്ടാവാൻ കത്തിലായിരുന്നു ബസിലെ രംഗം. സ്ത്രീകളുടെ സീറ്റിൽ നിവർന്നിരിക്കുന്നത് പുരുഷപ്രജ മാത്രമാണെങ്കിൽ സഹിച്ചേനെ. അവൻെറ കയ്യിൽ പുസ്തകംകൂടിയുള്ളപ്പോൾ സംഗതി സീരിയസ്. അനന്തരം സംഭാഷണം:

"ഒന്നെഴുന്നേറ്റു കൊടുത്തേക്കൂ"

മറുപടിയില്ല

"അത് ലേഡീസ് സീറ്റാണ്"

വലതുഭാഗത്തെ ലേഡീസ് സീറ്റിലും ആളുണ്ടല്ലോ. എന്താ അവരെ എഴുന്നേൽപ്പിച്ചൂടെ"

ഉടൻ മറുപടി

"എടോ നിങ്ങളെപ്പോലെ ചില്ലിക്കാശു തന്നോണ്ടല്ല അവർ യാത്രചെയ്യ്ണത്.'

('പ്രശ്നം സാമ്പത്തിക'മാണെന്ന് സ്വന്തം ലേഖകൻ)

"എഴുന്നേറ്റുകൊടുക്കുന്നുണ്ടോ, അതോ"

(സംഭവം ക്ലൈമാക്സിലേക്ക്)

"തൽക്കാലം മനസ്സില്ല"


"പോലീസ് സ്റ്റേഷനെത്തട്ടെ. ബാക്കി അവിടുന്നു കാണാം." — അതും പറഞ്ഞ് കണ്ടക്ടർ പിൻവാങ്ങിയെന്നു തോന്നും

"എടോ, പേടിപ്പിക്കേണ്ട . താൻ കാണുന്നതിനു മുമ്പേ ഞങ്ങള് പോലീസ് സ്റ്റേഷൻ കണ്ടോരാ. ഓൻെറ ഒരു .........

കണ്ടക്ടർക്ക് സഹിക്കാനായില്ല. തൻെറ വികാരം വ്രണപ്പെട്ടോ എന്നയാൾക്ക് സംശയം. തിരിച്ചുവന്ന് ഇനിയുമൊരങ്കത്തിന്

# ചലോ ചലോ പോലീസ് സ്റ്റേഷൻ

വി. ശുക്കൂർ



ബാല്യമുണ്ടെന്നമട്ടിൽ നിലയുറപ്പിച്ചു.

യാത്രക്കാരെല്ലാം മൗനമാണുത്തമമെന്നു കരുതിയപോലെ പിറകിലിരുന്ന ഏതോ വൃദ്ധൻ കോളെജു കുട്ട്യേ ളുടെ തോന്ന്യാസം ഇപ്പോൾ കൂടിവരുന്നതിൽ ആശങ്ക പ്രകടിപ്പിച്ചു. അടുത്തിരുന്ന വിദ്യാർത്ഥികൾ അയാൾക്കെതിരെ തിരിഞ്ഞതും പെട്ടെന്നായിരുന്നു. വിദ്യാർത്ഥി വർഗ്ഗത്തിന്റെ സംഘടിത മുന്നേറ്റത്തിനു മുമ്പിൽ അരുതാത്തതെന്തോ പറഞ്ഞമട്ടിൽ അയാൾ പരുങ്ങി; പിന്നെ നിശബ്ദനായി.

കണ്ടക്ടറുടെ മുഖത്തിപ്പോൾ നവരസങ്ങൾ മിന്നിമറയുന്നതുകാണാം. ഉള്ളിൽ ടി. ദാമോദരൻ സ്റ്റൈൽ സംഭാഷണങ്ങൾ പാകപ്പെട്ടുവരുന്നുണ്ടെങ്കിലും ഒന്നും ഉരിയാടാതിരിക്കയാണ് അഭികാമ്യമെന്ന് കരുതിയപോലെ ഇടയ്ക്കിടെ പുറത്തേക്ക് ഉറ്റുനോക്കുക മാത്രം ചെയ്യുന്നു. പോലീസ് സ്റ്റേഷനു മുമ്പിലെത്തിയാൽ ഒറ്റമണി മുഴക്കണമെന്നയാൾ പിന്നിലെ സഹജീവിയോടു വിളിച്ചു പറഞ്ഞു.

വിദ്യാർത്ഥികളിപ്പോഴും ഉച്ചത്തിലെന്തെല്ലാമോ പറഞ്ഞു ചിരിക്കുന്നുണ്ട്. കണ്ടക്ടർ അടക്കിനിർത്താൻ പെടാപ്പാടുപെടുന്നുമുണ്ട്. നേരത്തെ കയറിയ വൃദ്ധയും യുവതിയും ഇറങ്ങിപ്പോയി. പോലീസ് സ്റ്റേഷനോടടുത്തെത്തിയിരിക്കുന്നു. സ്റ്റേഷനിപ്പുറം രണ്ടുമൂന്നു ബസുകൾ നിർത്തിയിട്ടിട്ടുണ്ട്. അപ്പുറം ഒരു പോലീസ് വാഹനവും. കണ്ടക്ടറുടേയും കിളിയുടേയും മുഖത്ത് എന്തോ പന്തികേട്.

ഒരു പോലീസുകാരൻ കൈകാണിച്ചപ്പോൾ ഡ്രൈവർ ഓരം ചേർത്ത് ബസ് നിർത്തി. ഫസ്റ്റ് എയിഡ് ബോക്സിനുള്ളിൽനിന്നും കാക്കി വസ്ത്രം വലിച്ചെടുത്ത് ധരിക്കാനുള്ള ഡ്രൈവറുടെ ബദ്ധപ്പാട്. ഇറങ്ങിച്ചെന്ന അയാൾ വീണ്ടും തിരിച്ചുവന്നു. പെർമിറ്റും ലൈസൻസും പരതവേ കണ്ടക്ടറെന്തോ ചെവിയിൽ മൊഴിഞ്ഞു.

അപോഴേക്കും പോലീസുകാരൻ അവിടെയെത്തിയിരുന്നു.

"എവിടെ പെർമിറ്റും ലൈസൻസും"

"സാർ — ഡ്രൈവർ തലചൊറിഞ്ഞു.

"ങ്ഹും, സൈഡാക്കിയേക്ക്" — പോലീസുകാരന്റെ കല്പന.

ഒടുക്കത്തെ രംഗം വികാരനിർഭരം:

മുഷിഞ്ഞ ടിക്കറ്റുകളുമായി കണ്ടക്ടറെ പൊതിയുന്ന യാത്രക്കാരുടെ ദീന വിലാപവും പണം തിരിച്ചുകൊടുക്കുന്ന കണ്ടക്ടറുടെ ദയനീയഭാവവും ചേർന്നു സൃഷ്ടിച്ച ശോകാത്മകത.

(അനുബന്ധം: ഇത്തരം അവസ്ഥകളുടെ സന്നിഗ്ദതയും മാധുര്യവുമാണ് പൈങ്കിളി രചനകൾ വായിച്ചു തളരുന്ന തന്നെ സാധാരണ നിലയിലേക്കു തിരിച്ചുകൊണ്ടുവരുന്നതെന്ന് ഒരു സാഹിത്യയാത്രാഫലക്കാരൻ പിറ്റേ ലക്കം വാരികയിൽ. കാമുവിന്റെ (ശരിയായ പ്രയോഗം കമ്മു) നോവലുകളിൽ ഇത്തരം രംഗങ്ങൾ സർവ്വസാധാരണമാണുപോലും.



കോളെജ് നാഷനൽ സർവീസ് സ്കീം ഏറ്റെടുത്തു നടത്ത

ചേരി പുനർനിർമാണ പ്രവർത്തനങ്ങളിലേക്ക് ഒരെത്തിനോ

തയ്യാറാക്കിയത്: സി. അബ്ദുൽ റഹ്മാൻ

# ചേരിയിൽ കാരുണ്യവും കരുത്തുമായെത്തിയവർ

ഇവിടെയാണിവർ ജീവിക്കുന്നത്.

നിരന്നുനിൽക്കുന്ന ചെളിക്കൂമ്പാരത്തിനിടയിൽ നാലഞ്ചുകാലുകളിൽ താങ്ങിനിർത്തിയ കൊച്ചു കൊച്ചു കൂരകൾ. ഇതിനിടയിൽ രോഗങ്ങളുടെ ബീജങ്ങളുംപേറി വലിയ ഓവുചാൽ ചത്തുകിടക്കുന്നു. ഒഴുക്കുനിലച്ച ഓവുചാലിനും മാലിന്യങ്ങൾക്കുമിടയിലായി കുറേയേറെ മനുഷ്യർ. അവരെങ്ങിനെയെല്ലാമോ ജീവിക്കുന്നു. പ്രാഥമിക സൗകര്യങ്ങൾപോലും വിരലിലെണ്ണാവുന്ന ചില കുടുംബങ്ങൾക്കു മാത്രം.

ദുരിതങ്ങൾക്കറുതിവരുത്തുമെന്ന് ആരെല്ലാമോ ശപഥം ചെയ്തിരുന്നു. കൂട്ടരോടൊപ്പം വിജയാഹ്ലാദത്തിമർപ്പോടെ അവർ കടന്നുപോയതറിയാം. അവരാവഴി വന്നത് പിന്നെയും കുറെ കഴിഞ്ഞാണ്. പുതിയ 'ഉറപ്പു'കളുമായി.

ഇപ്പോൾ ആരോടും പഴിപറയാതെ തങ്ങളിലേക്കുതന്നെ ചുരുണ്ടുകൂടി പുതിയ രക്ഷകന്മാരുടെ പോക്കുവരവുകൾ നിർവ്വികാരതയോടെ നോക്കിനില്ക്കാനിവർ പഠിച്ചുകഴിഞ്ഞു. വോട്ടേഴ്സ് ലിസ്റ്റിലെങ്കിലും തങ്ങളുടെ അസ്തിത്വമുണ്ടല്ലോ. ആ സമാധാനം മാത്രമുണ്ട് വട്ടക്കുണ്ട് നിവാസികൾക്ക്.


ഒരിക്കൽ നീണ്ട ചോദ്യാവലിക്കുള്ള ഉത്തരവും തിരക്കി കൂരകൾ തോറും കയറിയിറങ്ങിയ കോളെജ് വിദ്യാർത്ഥികൾ. പതിവു നിർവ്വികാരതയോടെതന്നെയാണ് അവരെയും വട്ടക്കുണ്ടിലുള്ളവർ എതിരേറ്റത്. വാതിലിൻെറ മറവുപറ്റി ചിലരൊക്കെ കുശുകുശുത്തു: 'ഒരു പണീംല്ല്യാഞ്ഞിട്ട് എറങ്ങ്യേതാവും. ഞ്ഞിപ്പം ഇവരാ വട്ടക്കുണ്ടിനെ നന്നാക്കാൻ പോണ്...' ത്ഫൂ — നീട്ടിത്തുപ്പി നടന്നുപോയതാരാണ്.

അങ്ങിനെയൊക്കെയാണ് ഒന്നാംഘട്ട സർവെ 'വിജയകരമായി' പൂർത്തിയാക്കുന്നത്. ഒരു ചേരിപ്രദേശത്തെയും അവിടുത്തെ ജനങ്ങളുടെ വിചാരബോധത്തെയും മാറ്റിമറിക്കാൻ ആത്മാർത്ഥതയും സേവനസന്നദ്ധതയും ഒത്തുചേർന്നവരെത്തുന്നതിൻെറ തുടക്കമായിരിക്കണം അത്.

സർവെ കുറിപ്പുകൾ വിസ്മയംകലർന്നതായിരുന്നു. രോഗങ്ങളുടെയും നിരക്ഷരതയുടെയും സൗകര്യമില്ലായ്മയുടെയും പേടിപ്പെടുത്തുന്ന വിവരങ്ങൾ.

കോളെജ് നാഷനൽ സർവ്വീസ് സ്കീം പ്രവർത്തകർ പിറകോട്ടടിച്ചില്ല. ഏറ്റെടുത്ത സാഹസികദൗത്യത്തെക്കുറിച്ച് നന്നായറിയാമായിരുന്നു അവർക്ക്. ഒരു സന്നദ്ധസംഘടനയ്ക്കു പരിഹരിക്കാൻ കഴിയുന്നതിനപ്പുറമാണ് പ്രശ്നങ്ങളുടെ വേരുകൾ. പലവട്ടം ഇരുന്നാലോചിച്ചു. നിലവിലുള്ള അവസ്ഥ മെച്ചപ്പെടുത്തി പുരോഗതി എത്തിച്ചു കൊടുക്കാൻ പടവുകളേറെ താണ്ടണം. ഒന്നും എളുപ്പമല്ലെന്നറിയാമായിരുന്നു.

സമീപപ്രദേശങ്ങളിലെ പഴക്കംചെന്ന കാരണവന്മാരേയും സംഘടനാപ്രതിനിധികളേയും ചെന്നുകണ്ടു; പലതവണ അവരോട് കാര്യങ്ങൾ ആരാഞ്ഞു. കിട്ടിയ മറുപടികൾ ആശ്വാസമേകിയില്ല. ചേരിയിൽ പൊറുക്കുന്നവർ നന്ദിയില്ലാത്തവരാണെന്ന പരാതിയുണ്ടായി. ഞങ്ങളതാഗ്രഹിക്കു



ന്നില്ലെന്ന് പറഞ്ഞപ്പോൾ പുതിയ ആവലാതികൾ മുന്നിലേക്കിട്ടു.

പരാജയപ്പെടുമെങ്കിലങ്ങനെയാകട്ടെ. ഒരുശ്രമം നടത്തിയേ പിന്മാറൂ എന്ന വാശിയായി പിന്നെ. കോളെജ് പ്രിൻസിപ്പാളും രണ്ട് അധ്യാപകസുഹൃത്തുക്കളും പിന്നെ കുറേ നല്ല മനസ്സുകളും മുന്നിൽനിന്നു. അവരോടൊപ്പം നൂറോളം പ്രവർത്തകരും (അതിൽ പതിനഞ്ചുപേർ വിദ്യാർത്ഥിനികൾ).

പിന്നീടങ്ങോട്ട് വിശ്രമമില്ലാത്ത ദിനങ്ങളായിരുന്നു. വട്ടക്കുണ്ടിന്റെ വേദനകളിലേക്ക് ആട്ടും പാട്ടുമായവർ ചെന്നു — കരുത്തും കാരുണ്യവും ഒത്തുചേർന്നവർ.

മൂന്നുവർഷത്തെ പ്രവർത്തനങ്ങളവർ ചിട്ടപ്പെടുത്തി. വട്ടക്കുണ്ടിൽ നല്ലൊരു ജീവിതസാഹചര്യമൊരുക്കുകയായിരുന്നു ആദ്യപടി. ഒരു മാതൃകാചേരി വികസിപ്പിച്ചെടുക്കാനുള്ള ശ്രമം. വിദ്യാഭ്യാസ-സാംസ്കാരികപ്രവർത്തനങ്ങൾക്ക് സംവിധാനങ്ങൾ കണ്ടു. കോളെജിൽനിന്നും വിദൂരസ്ഥമായ ദിക്കിലായിരുന്നു ഡിസംബറവസാനത്തിലെ ദശദിനക്യാമ്പ് നടക്കാറ്. ഇക്കുറി അതും ചേരിയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി മാറ്റി. അതു വലിയൊരനുഗ്രഹവുമായി. ചേരിനിവാസികളുമായി ഹൃദയൈക്യം സ്ഥാപിക്കാനും ഒന്നിച്ചു യത്നിക്കാനും അതുവഴി സാധിച്ചു. അക്ഷരങ്ങളും അറിവുകളും കൂട്ടിവായിക്കാൻ അവരുടെ ഖൽബുകളിലിപ്പോൾ ആവേശമുണർന്നിരിക്കുന്നു.

രസികപ്രധാനങ്ങളായ നാടകങ്ങളിലും ഈരടികളിലുമടങ്ങിയ 'കാര്യ'ങ്ങളവർ മനസ്സിൽ ചേർത്തുവയ്ക്കുന്നു.

എല്ലാ ഭാഗത്തുനിന്നും ആശീർവദിക്കാനാളുകളെത്തി. നിർണ്ണായകഘട്ടങ്ങളിൽ സഹായഹസ്തങ്ങൾ നീണ്ടു. ചേരിയിലെ ചെളിയിൽ പതിക്കാൻ ഓട്ടിൻ ചീളുകൾ സുലഭമായി നല്കിയത് ഫറോക്കിലെഓട്ടുവ്യാപാരികൾ. അതവിടേക്കെത്തിക്കാൻ ചേരിനിവാസികളും നാട്ടുകാരുമൊക്കെ വിദ്യാർത്ഥികളോടൊപ്പം ചേർന്നു. കലക്ടറും നഗരാധിപന്മാരും സർക്കാരുദ്യോഗസ്ഥന്മാരും കൂടുതൽ താല്പര്യമെടുത്തു. ദുരിതങ്ങളുടെ ചേരിയിൽ പ്രത്യാശയുടെ നാമ്പുകൾ വിരിയിക്കാനെത്തിയവർക്കായി പൊതുജനജിഹ്വകൾ താളുകൾ നീക്കിവച്ചു. സഹായമുദ്രകൾ വേറെ പലഭാഗത്തുനിന്നും ഉണ്ടായി.



ചെളി നികത്താൻ ഓട്ടിൻ ചീളുകൾ

ഇപ്പോൾ ചേരിനിവാസികൾക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു; ഇവർ എന്തെങ്കിലുമൊക്കെ ചെയ്യാൻ കെല്പുള്ളവരാണെന്ന്. അനുഭവത്തിലൂടെ അവർ പാഠങ്ങൾ തിരുത്തുകയാവാം. ഇപ്പോൾ തുടക്കമായിട്ടേയുള്ളൂ. ഇനിയും ഒരുപാടുദൂരം ബാക്കി കിടക്കുന്നുണ്ട്. അതറിഞ്ഞുണർന്നു പ്രവർത്തിക്കാൻ സാധിക്കണം. ലക്ഷ്യമിട്ട പരിപാടികളുടെ സാക്ഷാത്കാരത്തിന് നിരന്തരമായ പ്രവർത്തനങ്ങളാവശ്യമാണ്.

എൻ.എസ്.എസ്. പ്രവർത്തകരിത് ഓർക്കുമായിരിക്കും.

○○




# ചിറകുകൾ

## നജീബ്. വി.എം.

നെയ്ത്തിരിവെട്ടമണഞ്ഞുപോയ തുളസിത്തറ
മരിക്കുന്ന സൂര്യൻെറ കണ്ണുനീർ വീണ്
മൗന മേഘങ്ങൾ നനയുന്നു
ശാന്തിമന്ത്രങ്ങൾ ചൊല്ലുന്ന അമ്മൂമ്മ
ഗതകാലസ്വപ്നങ്ങളുടെ രക്തസാക്ഷി
ചാരുകസേരയിൽ ചായുന്ന അപ്പൂപ്പൻ
രാത്രിവണ്ടിയുടെ ദൃക്സാക്ഷി
ഇരുൾ വീണ് കിടക്കുന്ന ഇടനാഴികളിൽ
ഈണം മരിച്ച ഗാനത്തിൻെറ ശീലുകൾ
പാഞ്ഞുപോകുന്ന ദിനങ്ങളിൽ
ഉത്തരമില്ലാത്ത ചോദ്യങ്ങളുടെ ജഢം
വ്യാഖ്യാനങ്ങളുടെ വാതിൽപ്പുറത്ത്
നിരർത്ഥകതയുടെ നീർക്കുമിളകൾ
എങ്കിലും
കാലത്തിൻെറ ചിറകുകളിൽ
കരിഞ്ഞുപോവാത്ത തൂവലുകൾ!

വിദ്യാഭ്യാസ രംഗത്തും മറ്റും നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ദേശസാൽകരണം പ്രതിവിധിയായി കാണുന്ന നിലപാടിനോടൊരു



വിയോജനക്കുറിപ്പ്. പ്രായോഗിക സമീപനത്തിലൂന്നിക്കൊണ്ടുള്ള സ്വതന്ത്രമായ കാഴ്ചപ്പാടുകളാണ് ലേഖകൻ മുന്നോട്ടുവെക്കുന്നത്.

# ദേശസാൽക്കരണത്തിനു പിന്നിലെ ഭ്രാന്തൻ ചിന്തകൾ

**ഒ. അബ്ദുറഹ്മാൻ**

**ഒരാശയമോ മുദ്രാവാക്യമോ ഒരു കാലഘട്ടത്തിൽ പ്രചാരം നേടുമ്പോൾ അതിലെ ശരിയും തെറ്റും സൂക്ഷ്മപഠനത്തിന് വിധേയമാക്കാതെ അതേറ്റുവിളിക്കുക എന്ന ദൗർബല്യത്തിൽ നിന്ന് നമ്മുടെ സമൂഹത്തിൽ ഒരു വിഭാഗവും മുക്തമല്ല എന്നാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. ശക്തമായ ഒരു പ്രചരണതന്ത്രം കൈവശമുള്ളവർക്ക് സ്വന്തം സിദ്ധാന്തങ്ങളെയും ചിന്താഗതികളെയും എളുപ്പത്തിൽ പൊതുജനാഭിപ്രായമാക്കി മാറ്റാൻ ഇത് സഹായിക്കുന്നു.**

എടുത്തുകാട്ടാവുന്ന ഒന്നാമത്തെ ഉദ്ദാഹരണമാണ് ദേശസാൽക്കരണം. സോഷ്യലിസം എന്നാൽ എല്ലാം പൊതുമേഖലയിൽ കൊണ്ടുവരലാണെന്നും നമ്മുടെ രാജ്യം ഔദ്യോഗികമായിത്തന്നെ സ്വീകരിച്ച പാത സോഷ്യലിസമാണെന്നും വന്നതോടെ, ജീവിതത്തിൻെറ എല്ലാ തുറകളിലും ദേശസാൽക്കരണത്തിന്നായുള്ള മുറവിളികൾ ഉയർന്നു. ഉയർത്തിയത് പ്രധാനമായും കമ്യൂണിസ്റ്റ്പാർട്ടികളാണ്. സ്വകാര്യഉടമക്ക് താത്ത്വികമായിത്തന്നെ എതിരായ കമ്യൂണിസ്റ്റുകാർ ദേശസാൽക്കരണത്തിന് വേണ്ടി ശബ്ദമുയർത്തുന്നത് മനസ്സിലാക്കാൻ പ്രയാസമുള്ളതല്ല. പക്ഷേ, പ്രത്യയശാസ്ത്രങ്ങളോടുള്ള പ്രതിബദ്ധതക്കപ്പുറം രാജ്യത്തിൻെറയും ജനങ്ങളുടെയും യഥാർത്ഥ നന്മ ഉന്നംവെക്കുന്നവർ ഇക്കാര്യത്തിൽ അന്ധവും വിവേകരഹിതവുമായ സമീപനം സ്വീകരിക്കാൻ പാടുണ്ടായിരുന്നില്ല. ദേശസാൽക്കരണം സ്വയമേവ നന്മയോ തിന്മയോ വരുത്തിവെക്കുന്ന ഒരാശയമല്ല എന്ന് കണ്ടെത്താൻ ഇതഃപര്യന്തമുള്ള അനുഭവങ്ങൾ തന്നെ ധാരാളം മതി. റെയിൽവെ, കമ്പിത്തപ്പാൽ, വാർത്താവിനിമയം, വൈദ്യുതി തുടങ്ങി ജനജീവിതവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ട ചില മേഖലകളിൽ, ലാഭചേതങ്ങളുടെ കണക്ക് കൂട്ടലുകൾക്കതീതമായി ദേശീയ താൽപര്യങ്ങൾ മുൻനിറുത്തി ദേശസാൽക്കരണം അനുപേക്ഷ്യമാവാം. ഇക്കൂട്ടത്തിൽതന്നെ വ്യവസായശാലകൾക്ക് സ്വന്തമായി വൈദ്യുതി ഉൽപാദിപ്പിക്കാൻ അനുമതിയുള്ള രാജ്യങ്ങളിൽ വ്യവസായ വികസനത്തിനും അതോടൊപ്പം സ്റ്റേറ്റിൻെറ ഭാരം കുറക്കുന്നതിനും സാധിച്ചിട്ടുണ്ട് എന്നോർക്കേണ്ടതാണ്. കയറ്റുമതി, ഇറക്കുമതി, ബാങ്കിംഗ്, ഇൻഷൂറൻസ്, നിരത്ത്ഗതാഗതം, വ്യോമഗതാഗതം തുടങ്ങിയ മേഖലകളിൽ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്വകാര്യ സംരംഭങ്ങളെ അനുവദിക്കുന്നതുകൊണ്ട് ദോഷമൊന്നും വരാനില്ല. എന്നാൽ കണ്ണുംചിമ്മി ദേശസാൽക്കരണം നടപ്പാക്കുകയാണ് ഇന്ത്യ ഭരിക്കുന്നവരും അവരെ എതിർക്കുന്നവരും ഒരുപോലെ സ്വീകരിച്ചിരിക്കുന്ന നയം. അതിനാൽ ഒരു രംഗത്തും മൽസരം ഇല്ലാതാവുകയും കുത്തകസമ്പ്രദായം കാര്യക്ഷമതയെ ഗുരുതരമായി തകർക്കുകയും ചെയ്തു. പതിനാല് വൻകിട ബാങ്കുകൾ ദേശസാൽക്കരിച്ച ശ്രീമതി ഇന്ദിരാഗാന്ധിയുടെ നടപടിയെ മറ്റെല്ലാ കാര്യങ്ങളിലും അവരുടെ പ്രതിയോഗികളായ ഇടതുപക്ഷംപോലും ഹർഷാരവത്തോടെ സ്വാഗതം ചെയ്യുകയായിരുന്നു. ഇന്നിപ്പോൾ, ദേശസാൽകൃത ബാങ്കുകൾ അവയുടെ ദൗത്യം നിറവേറ്റുകയോ സമൂഹത്തിലെ അധഃസ്ഥിതിക്ക് പ്രയോജനപ്പെടുകയോ ചെയ്യുന്നില്ലെന്ന് പരാതിപ്പെടുന്നത് ഭരണപക്ഷക്കാരും പ്രതിപക്ഷക്കാരും ഒരുപോലെയാണ്. രാജ്യത്തിലെ ഏറ്റവും 'സമ്പന്നരായ' വൈറ്റ്കോളർ തൊഴിലാളികളുടെ സംഘടിത വിലപേശലിന് മുമ്പിൽ നിരന്തരം മുട്ടുമടക്കി വേതനം അടിക്കടി വർദ്ധിപ്പിക്കുകയും, പാവപ്പെട്ടവരെ വേണ്ടവിധം കഷ്ടപ്പെടുത്തിയശേഷം കനത്ത പലിശക്ക് വായ്പകൾ അനുവദിക്കുകയും ചെയ്യുന്ന മേഖലയാണ് ദേശസാൽക്കൃത ബാങ്കിംഗ്

ശൃംഖല. ദേശസാൽക്കരണം എന്ന ആ
യം മാത്രം ഒരു മേഖലയുടെ ഗുണനിലവാ
മോ പ്രയോജനകാരിതയോ ഉറപ്പുവ
ത്താൻ പര്യാപ്തമല്ല എന്നതിനുദാഹരണ
മാണിത്. മോശമായ സർവ്വീസിലും നിര
രം നഷ്ടങ്ങൾ വരുത്തിവെക്കുന്നതിലും
പ്രസിദ്ധി നേടിയതാണ് പൊതുമേഖല
ലെ എയർ ഇന്ത്യ. ഗൾഫ് റൂട്ടിലെ കൊള്ള
ലാഭം മാത്രമാണ് ഈ സ്ഥാപനത്തെ
ങ്ങിനിർത്തുന്നതെന്ന് പറയണം. നിരത്ത
താഗതത്തിൽ കെ.എസ്.ആർ.ടി.സി.യു
'സേവന'ത്തിൻെറയും 'ലാഭ'ത്തിൻെറയു
കഥകൾ സുവിദിതമാണല്ലോ. ഈ രംഗത്ത
ഒരഴിച്ചുപണിയെപ്പോലും സംഘടിത തൊ
ഴിലാളികൾ അസാദ്ധ്യമാക്കിത്തീർക്കുന്നു

മറുവശത്ത്, സകല തിന്മകളുടെയും
രായവേരായ മദ്യത്തെ, സ്വകാര്യമുതലാ
മാർക്ക് തടിച്ചുകൊഴുക്കാനും സമൂഹത്തെ
ചൂഷണം ചെയ്യാനുമുള്ള ഉപാധിയാക്കി
ലനിർത്തുന്നതിൽ ദേശസാൽക്കരണ
ൻെറ തുടികൊട്ടുകാർക്ക് ഒരു മനഃപ്രയാ
വുമില്ലതാനും. മദ്യക്കച്ചവടത്തിലെ അ
തി തടയാനെങ്കിലും പര്യാപ്തമാവും ഉ
ഭാനു കമ്മീഷൻ സമർപ്പിച്ച ശുപാർശക
ലൊന്നായ മദ്യത്തിൻെറ നേരിട്ടുള്ള വി
ണം. അതംഗീകരിക്കാൻ തയാറില്ലാത്ത
നമ്മുടെ സർക്കാരാണ്!

ഇക്കാര്യങ്ങൾ മുമ്പിൽവെച്ച് ചിന്തിച്ചാ
പിടികിട്ടും, വിദ്യാഭ്യാസമേഖലയിലെ ദേ
സാൽക്കരണ മുദ്രാവാക്യത്തിൻെറ അർ
ശൂന്യത. സ്വകാര്യവിദ്യാഭ്യാസ സ്ഥാപ
ങ്ങൾക്കുനേരെ കുരിശുയുദ്ധവുമാ
ഇറങ്ങിയവർ ചൂണ്ടിക്കാട്ടുന്ന മുഖ്യപരാ
അവ സമൂഹത്തിൽ രണ്ടുതരം പൗരന്മാ
സൃഷ്ടിക്കുന്നു എന്നുള്ളതാണ്. സാ
ത്തിക മാനങ്ങളില്ലാത്ത, തികച്ചും ബുദ്ധി
രമായ കഴിവുകളുമായി ബന്ധപ്പെട്ട ന
ദയ സ്കൂളുകൾക്കുനേരെ പോലും നീ
യിട്ടുണ്ട് ഈ 'രണ്ടുതരം പൗരന്മാർ' വാ


വസ്തുത എന്താണ്? നമ്മുടെ സമൂഹത്തിൽ രണ്ടുതരമല്ല ഒരുപാടുതരം പൗരന്മാർ പണ്ടേയുണ്ട്. ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ ജീവിതം എന്ന ശിക്ഷ അനുഭവിച്ചുതീർക്കുന്ന ദരിദ്ര ജനകോടികൾ, പ്രയാസങ്ങളോടും പ്രാരാബ്ധങ്ങളോടും മല്ലിട്ട് ജീവിക്കുന്ന ഇടത്തരക്കാർ, അത്യുന്നതങ്ങളിൽ വിരാജിക്കുന്ന വിത്തനാഥന്മാർ, അഴിമതിയിലൂടെ ലക്ഷങ്ങൾ സമ്പാദിക്കുന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കൾ- ഇവരെയൊക്കെ സമത്വസുന്ദരമായ സമാജവാദ വ്യവസ്ഥിതിയിൽ മാലമണികളെപ്പോലെ തുല്യരാക്കി വാർത്തുംകോർത്തും ഇണക്കുക ഉദാത്തമായ സ്വപ്നമാണെങ്കിലും തൽക്കാലം നടപ്പുള്ള കാര്യമല്ല. ചെങ്കൊടി ചെങ്കോട്ടയിൽ ഒരു നൂറ്റാണ്ട് കാലം പാറിപ്പറന്നാൽപോലും പൂർണ്ണമായി സാക്ഷാത്കരിക്കാൻ ഇടയില്ല ആ സ്വപ്നം. എഴുപത് വർഷങ്ങൾകൊണ്ട് സോവിയറ്റ് യൂനിയന് നേടാനായത് നാം കണ്ടു. അത്രവരെ എത്തിയത് തന്നെ സോവിയറ്റ് റഷ്യയിലാണ്. സാർ ചക്രവർത്തിയുടെ കാലത്തുതന്നെ ലോകശക്തിയായിരുന്ന റഷ്യയിൽ ഒരു കാലത്തും വിദേശസാമ്രാജ്യത്വത്തിന്റെ പിടിയിലമർന്നിട്ടില്ലാത്ത, ഭൂവിസ്തൃതിയെ അപേക്ഷിച്ചു ജനസംഖ്യ എത്രയോ കുറവായ, പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായ റഷ്യയിൽ. അപ്പോൾപിന്നെ സി.പി.ഐ., സി.പി.എം., എം.എൽ., സി.എം.പി. പാർട്ടികളെല്ലാം ലയിച്ചലിഞ്ഞുചേർന്നു ഒന്നായി പൊരുതിയാൽപോലും 80 കോടി നാനാജാതി മതസ്ഥർ പാർക്കുന്ന ദരിദ്രഭാരതത്തെ യു.എസ്.എസ്.ആർ. ആക്കാൻ കുറുക്കുവഴികളില്ല.

ഈ രാജ്യത്ത് പലതരം പൗരന്മാർ ഇനിയും ഏറെക്കാലം തുടരും, ആരെന്ത് പറഞ്ഞാലും എന്നാണ് പറഞ്ഞുവരുന്നതിന്റെ ചുരുക്കം. എങ്കിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം പ്രായോഗിക ബുദ്ധി എന്താണ്? കാശുമുടക്കി മക്കളെ പഠിപ്പിക്കാൻ കഴിവുള്ളവർ അത് ചെയ്തുകൊള്ളട്ടെ എന്ന് വെയ്ക്കുക. അവരെ പഠിപ്പിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ തയാറുള്ളവർക്ക് അതിന്നനുമതിയും അവസരവും നൽകുക. കോഴയും അഴിമതിയും തടയാൻ ഇല്ലം ചുടാതെ നിയമനടപടികൾ സ്വീകരിക്കുക. സർക്കാരിന്റെ പരിമിതമായ കാശും ശേഷിയും പാവപ്പെട്ടവരുടെ കുട്ടികൾക്ക് കാര്യക്ഷമമായ വിദ്യാഭ്യാസം നൽകാൻ വിനിയോഗിക്കുക. ഫീസ് കൊടുത്തു സ്വകാര്യ വിദ്യാലയങ്ങളിൽ ചേർന്ന പണക്കാരുടെ മക്കളെയൊക്കെ ഇറക്കികൊണ്ടുവന്നു, സർക്കാർ സ്കൂളിൽ തിരുകിക്കയറ്റി സ്ഥലദൗർഭിക്ഷ്യവും ഫർണിച്ചർ ക്ഷാമവും രൂക്ഷതരമാക്കി, എല്ലാവരെയും ഒരുപോലെ നിരക്ഷരരാക്കി വിടുന്ന 'സോഷ്യലിസ'മുണ്ടല്ലോ. വെറും പിരാന്താണ്, പിരാന്ത്! വികസിത രാജ്യങ്ങളിലൊന്നിലുമില്ല ഇമ്മട്ടിലൊരു വിദ്യാഭ്യാസ സോഷ്യലിസം. ആരോ പറഞ്ഞുപഠിപ്പിച്ച വിപ്ലവാക്ഷരങ്ങൾ അർത്ഥമറിയാതെ ഉരുവിട്ടുശീലിച്ചവർ വിളിച്ചുകൂവുന്നതൊക്കെ ഏറ്റുവിളിക്കണമോ മറ്റുള്ളവരും എന്നാണ് ആലോചിക്കേണ്ടത്.

# ദക്ഷിണാഫ്രിക്ക

## എം. ജയരാജൻ

ഞങ്ങൾ, പാവ്‌ലോ നെരൂദയെ ഓർത്ത്
രോഷത്തിന്റെ കവിതകൾ പാടുന്നു.
ചോര മഴയെന്നപോലെ വീഴ്ത്തി
അസ്തമിച്ച കറുത്ത കവി
ബെഞ്ചമിൻ മൊളോയിസിനെ സ്മരിക്കുന്നു
കണ്ണുകളിലും, ഹൃദയത്തിലും അഗ്നി
കെട്ടടങ്ങാതെ സൂക്ഷിക്കുന്ന നിങ്ങൾക്ക്
സൗഹൃദത്തിന്റെ ഒരു ഫ്ളാഗ് ഞങ്ങൾ തരുന്നു.
വർണ്ണവെറി പിടിച്ച്, നരകത്തിന്റെ വാതിലിൽ നിൽക്കുന്ന
പ്രിട്ടോറിയയെ അഗ്നികുണ്ഠത്തിലെറിയാൻ സമയമായി
എല്ലാ കണ്ണുകളും നിങ്ങളിലാണ്.
നിങ്ങൾ കരുത്താർജ്ജിക്കുമ്പോൾ, ദുർഗ്ഗമായിരുന്ന
നിങ്ങളുടെ രക്ഷാധികാരി മഞ്ഞുമനുഷ്യനായ്
രൂപപ്പെടുകയാണ്.



# ദാർവിഷിന്റെ കാവ്യലോകം

**കെ.ഇ.എൻ.**

**പൊ**ള്ളുന്ന അനുഭവങ്ങളുടെയും പേടിപ്പെടുത്തുന്ന കിനാവുകളുടെയും ചുരുക്കപ്പേരായി ഇന്ന് പാലസ്തീൻ നില്ക്കുന്നു. ഭൂമിയും ആകാശവും നഷ്ടപ്പെട്ട പാലസ്തീനിലെ ജനതയുടെ വിചാരപ്പടർപ്പിന്റെ ജ്വാലയാണ് മഹമ്മൂദ് ദാർവിഷിന്റെ കവിത. തലക്കു മുകളിൽ ഇരമ്പുന്ന ബോംബർ വിമാനത്തേക്കാളും വേഗത്തിൽ മിടിക്കുന്ന ഒരു ഹൃദയത്തിന്റെ താളവും സംഘർഷഭരിതമായ തലച്ചോറിന്റെ തിളക്കവും ദാർവിഷിന്റെ വാക്കുകളിലുണ്ട്.


വിമോചനത്തിനുവേണ്ടി പൊരുതുന്ന അഭയാർത്ഥികളുടെ ജീവിതത്തിനു താഴെ ദാർവിഷ് സ്വന്തം ചോരകൊണ്ട് — അതുതന്നെയാണയാളുടെ കവിതയും — ഒപ്പുവെക്കുന്നു. ദാർവിഷിന്ന് രക്തം 'പ്രകൃതിയിലെ വസ്തുതകൾക്കും ദൈവത്തിനുമിടയിൽ നില്ക്കുന്ന' തിരിച്ചറിവിന്റെ മഷിയാണ്. ഉദിക്കാനൊരാകാശമില്ലാത്തുകൊണ്ട് അനാഥമായിത്തീരുന്ന ഓരോ ജീവിതത്തിനുമുമ്പിലും പോരാട്ടത്തിന്റെ പാഠങ്ങൾ ചൊല്ലിക്കൊണ്ട് ദാർവിഷിന്റെ കവിത ഓടിനടക്കുന്നു. ഷെയ്ക്കിന്റെ അഴുകിയ സമ്പത്തിന്റെ നാണംകെട്ട തുറിച്ചുനോട്ടങ്ങൾക്കും സിയോണിസത്തിന്റെ ചോരക്കുരുതിക്കുമിടയിൽ ശിഥിലമാവുന്ന ജീവിതത്തിന് ശക്തിപകരുകയാണ് ദാർവിഷ്. പാലസ്തീനുകാരന്റെ പ്രിയപ്പെട്ട ജീവിതത്തിന്റെ ശിരസ്സിനുമുകളിൽ സാമ്രാജ്യത്വം തീകൊളുത്തുമ്പോൾ ദാർവിഷ് അതിനുമീതെ മഴയായിവന്ന് പെയ്യുകയല്ല, മറ്റൊരു സൂര്യനായിനിന്ന് ജ്വലിക്കുകയാണ്.

ജന്മനാട്ടിൽനിന്നും നാടുകടത്തപ്പെട്ട ഒരു ജനതയുടെ ഗദ്ഗദങ്ങൾ തളംകെട്ടിക്കിടക്കുന്ന ഒരനുഭവമേഖലയാണ് ദാർവിഷ് ആവിഷ്കരിക്കുന്നത്. കണ്ണീരും ചോരയും പുരണ്ട ഉടുപുടവ ഊരിയ വരികളാണയാൾ പ്രാകൃതമായൊരു വാശിയോടെ വാരിവിതറുന്നത്. 'തിന്നാൻ ഗോതമ്പും കുടിക്കാൻ വെള്ളവും നമുക്ക് കിട്ടുന്നില്ലെങ്കിൽ നമ്മൾ നമ്മുടെ സ്നേഹം തിന്നുകയും കണ്ണീർ കുടിക്കുകയും ചെയ്യണം.' ദാർവിഷ് ഇത്രയുമെഴുതുമ്പോൾ ശത്രുക്കൾ പകർന്നെടുത്ത പാലസ്തീൻ പാടത്തും അരുവിയിലും അതിനുമുകളിലെ ആകാശത്തിൽനിന്നും വന്നുവീഴുന്നത് വിഷാദത്തിന്റെ വർഷമാണ്. സ്വന്തം ജീവിതത്തെ വിലാപഭരിതമാക്കിയ സാമ്രാജ്യത്തോട് 'കലാപം' വഴി കണക്കുതീർക്കാൻ വെമ്പുന്ന പോരാളികൾ ദുരിതം വാരിത്തിന്നുമ്പോഴും തളരാതെ പൊരുതുകയാണ്. സ്വന്തം മുറിവ് തേടുന്ന ഒരു ചോരത്തുള്ളിയേക്കുറിച്ച് ദാർവിഷ് എഴുതിയത് അസ്വസ്ഥജനകമായി നമ്മെ പൊതിയു


ന്നു. സുഭിക്ഷമായ രാത്രിഭക്ഷണത്തിനു ശേഷം ഉച്ചത്തിൽ കൂർക്കംവലിച്ചുറങ്ങുന്നവർക്ക്, പകൽ വെളിച്ചത്തിൽ കണ്ണുതുറന്ന് പിന്നെയും ഉറങ്ങുന്നവർക്ക് അവർക്ക് ദാർവിഷ് ആരുമല്ല. ലില്ലിപ്പൂവും മൂത്രവും മണക്കുന്ന നെരൂദയുടെ കവിതകളോ തടവറയിൽ അതിനെക്കാളും കറുത്ത ഒരിച്ഛയുടെ 'നിർമിതി'യായി നില്ക്കുന്ന നെൽസൺ മണ്ടേലമാരെക്കുറിച്ചോ അവർക്ക് യാതൊന്നുമറിയില്ല. 'രക്തസാക്ഷികളെ കയറ്റിയയച്ച് ബീർ ഇറക്കുമതി ചെയ്യുന്ന' അറേബ്യൻ കൊട്ടാരത്തിലെ മന്ദബുദ്ധികൾക്ക് ഒരുകാലത്തും ദാർവിഷിനെ മനസ്സിലാവുകയില്ല. 'വാക്കുകൾ തേൻതുള്ളികളാവുമ്പോൾ ഈച്ചകൾ വന്നെൻെറ ചുണ്ട് പൊതിയുന്നു' എന്ന് പാടിയ ഒരു കവിയെ സിയോണിസത്തിൻെറ ജീർണ്ണമോഹങ്ങൾക്ക് എങ്ങനെ സ്പർശിക്കാൻ കഴിയും? ഹൈഫയിലെ പറവകളുടെ തൂവലുകളിൽനിന്നും ഉറ്റിവീഴുന്ന ഒരു തുള്ളി വെള്ളം സ്വന്തം പാപങ്ങളെ മുഴുവൻ കഴുകിപ്പോക്കുമെന്ന് ഒരു പോരാളി സാക്ഷ്യപ്പെടുത്തുമ്പോൾ പാപപ്പുരകളിൽ പുളച്ച് കഴിയുന്നവർ എങ്ങനെ നടുക്കം കൊള്ളാതിരിക്കും?

നാടുകടത്തിയാലും ഞങ്ങളിവിടെനിന്ന് പോവില്ലാന്നും വെടിയുണ്ടകൾക്ക് ഞങ്ങളുടെ വഴിയിൽ തുളകൾ വീഴ്ത്താനാവില്ലെന്നും. സ്വന്തപ്പെട്ടതെല്ലാം നഷ്ടപ്പെട്ട ഒരു വംശം വികാരവിവശരായിവിളിച്ചു പറയുകയാണ്. 'നമ്മളീ ഭൂമിയുടെ മക്കളാണെങ്കിൽ അവൾ നമ്മോട് കരുണ കാട്ടേണ്ടിയിരിക്കുന്നു.' ആരോ വിസർജിച്ച ഈച്ചയാർക്കുന്ന ഉത്തരങ്ങളെ തള്ളിക്കൊണ്ട് ദാർവിഷ് ചോദിക്കുന്നു: 'അവസാനത്തെ അതിർത്തിയും മുറിച്ചുകടന്ന് ഞങ്ങളെവിടെ പോകാനാണ്? അവസാനത്തെ ആകാശത്തിനുമപ്പുറത്തേക്ക് പക്ഷികൾ എങ്ങോട്ടു പറക്കാനാണ്?' നിങ്ങളീ വിതുമ്പലിൻെറ വലിവുകൾ കേൾക്കുകയില്ലേ?





മരിച്ചാലും പിറന്ന മണ്ണിനെ പുണർന്നു തന്നെ കിടക്കുമെന്ന ഒരു പോരാളിയുടെ പുളകപ്പെയ്ത്താകുന്നു ദാർവിഷിൻെറ കവിത. 'ഒരു കൂട്ടം രക്തസാക്ഷികൾ എനിക്കുനേരെ കുതിക്കുന്നത് ഞാൻ കാണുന്നു. പിന്നെ അവരെൻെറ മാറിൽ ഒളിഞ്ഞിരിക്കുകയും ജ്വലിക്കുകയും ചെയ്യുന്നു.' ഒരു വിമോചനപ്പോരാളിയുടെ ജീവിതത്തിൻെറ ആമുഖവും ഉപസംഹാരവും ഇതിലടങ്ങുന്നു. സ്വന്തം ആകാശത്തിൻെറയും മേൽപ്പുരയായി ജനങ്ങളെ കാണുന്ന ഒരു കവി 'ഞാൻ നിങ്ങളോടൊപ്പം നിങ്ങളോടൊപ്പം നിങ്ങളോടൊപ്പം ഇവിടെത്തന്നെ നില്ക്കു'മെന്നെഴുതുമ്പോൾ ഒരു 'ചെഞ്ചമ്മേ' പോസിൽ ഇരുന്നുകൊണ്ട് ആർക്കും അത് 'ചുമ്മാ' വായിക്കാൻ കഴിയില്ല. 'എൻെറ ശരീരം ഈ ഭൂമിക്കു മുകളിലുള്ള നിങ്ങളുടെ ഭൂമിയാകുന്നു' എന്ന് ദാർവിഷ് പറയുമ്പോൾ അതാർക്കും അലസമായി ഈണത്തിൽ പാടി രസിക്കാൻ കഴിയില്ല. അകത്തെ ദുർഗന്ധത്തെ സംരക്ഷിക്കാൻ സായുധരാവുകയും പുറത്ത് അത്തർ പുരട്ടുകയും ചെയ്യുന്നവർക്ക്, അവരുടെ ഫ്രിഡ്ജിലിട്ട മനസ്സിന് ദാർവിഷ് ഒരു വൻ ഭീഷണിയാവാതെവയ്യ. 'സ്വന്തം മനസ്സിലെ ഇരുട്ട് കാണാൻ നിങ്ങൾ കാഫ്ക വായിക്കുക' എന്ന് ദാർവിഷ് പറയുന്നത് ഇവരോടാവുമോ? സ്വന്തം ഉപ്പൂപ്പമാർ വിയർത്തുനില്ക്കുന്ന പഴത്തോട്ടങ്ങളിൽ സാമ്രാജ്യത്വം കാറ്റുകൊള്ളാനിറങ്ങുന്നത് പാലസ്തീനുകാർക്ക് ഒരു നടുക്കത്തോടെയല്ലാതെ നോക്കിനില്ക്കാനാവില്ല. പാറ പിഴിയുന്നോരുടെ മനസ്സിലുമുണ്ട് പൂക്കളും പൂമ്പാറ്റകളും, പ്രിയപ്പെട്ടോരുടെ ചിരിയിൽനിന്നും ചോരക്കൊതിയൻെറ ചിരി വേർതിരിച്ചറിയാൻ ഒരു ബിരുദവും ആവശ്യമില്ലെന്ന് അനുഭവം അവരെ അസ്സലായി പഠിപ്പിച്ചിരിക്കുന്നു. ദാർവിഷ് അവരുടെ പ്രിയപ്പെട്ട കവിയാണ്. 'എൻെറ ഏറ്റവും പുതിയ കവിത എൻെറ രാജ്യമാകുന്നു' എന്ന ദാർവിഷിൻെറ ഒരൊറ്റ വരിക്കുമുമ്പിൽ ഒരു മഹാശില്പത്തിൻെറ മുന്നിലെന്നപോലെ നമ്മൾ നിശ്ശബ്ദരായി നിന്നുപോകുന്നു. അതിനെത്ര ടൺ ഭാരം കാണുമെന്ന് പറയുക പ്രയാസമാണ്. 'ഒരിക്കൽ ഞങ്ങൾ ഒരു ജനതയായിരുന്നു. ഇപ്പോൾ ഞങ്ങൾ കല്ലുകളാകുന്നു. ഒരിക്കൽ ഞങ്ങളൊരു രാജ്യമായിരുന്നു ഇപ്പോൾ ഞങ്ങൾ



# ദാർവിഷിൻെറ കാവ്യലോകം

പുകയാകുന്നു.' നമ്മെ ദാർവിഷ് ഒരറിവിലേക്ക്, അഭയാർത്ഥിയുടെ അശാന്തിയുടെ ആഴങ്ങളിലേക്ക് ബലാൽക്കാരമായി തള്ളുകയാണ്. കടൽപ്പക്ഷികളോട് കലഹിക്കാനോ പൂക്കളോട് പുന്നാരം പറയാനോ അപ്പോൾ നമുക്കാവുകയില്ല.


വാക്കുകൾ തെരഞ്ഞെടുക്കുന്നതിൽ ദാർവിഷിനെ സ്വാധീനിക്കുന്നത് പീഡിതവംശത്തോടും പ്രകൃതിയോടും അയാൾ പുലർത്തുന്ന ആഴത്തിലുള്ള പ്രതിജ്ഞാബദ്ധതയാണ്.'എൻെറ വാക്കുകൾ ഗോതമ്പുമണികളായിരുന്നപ്പോൾ ഞാൻ ഭൂമിയാകുന്നു. എൻെറ വാക്കുകൾ അമർഷമായിരുന്നപ്പാൾ ഞാനൊരു കൊടുങ്കാറ്റായിരുന്നു. എൻെറ വാക്കുകൾ പാറയായിരുന്നപ്പോൾ ഞാനൊരു പുഴയായിരുന്നു.' എന്നൊക്കെ എഴുതുമ്പോൾ ദാർവിഷ് ഒരു കവിയെന്ന നിലയിൽ ഭൂമിയോടുള്ള തൻെറ അടുപ്പം അച്ചടക്കമുള്ള ഒരു ഭൂമീപുത്രനെപ്പോലെ അടയാളപ്പെടുത്തുകമാത്രമാണ് ചെയ്യുന്നത്.മാംസച്ചീളുകൾ ചിതറിത്തെറിക്കുന്ന ചോരപ്പാടങ്ങളിൽ നിൽക്കുമ്പോഴും പറവകൾ എൻെറ കൂറ്റിൽ കൂടുകൂട്ടിയിട്ടുണ്ടെന്ന് ചൊല്ലാൻ ദാർവിഷിന് കഴിയുന്നു. 'അരിവാളി'നും 'ചുറ്റിക'യ്ക്കുമൊപ്പം ഒരു നക്ഷത്രവും വിമോചനരാഷ്ട്രീയത്തിൻെറ അടയാളമായതിന്നു പിറകിൽ വിശാലമായൊരു പ്രപഞ്ചവീക്ഷണമുണ്ട്. അതെല്ലാ ഏകപക്ഷീയതകൾക്കും എതിരാണ്. സംഗ്രാമഭൂമിയുടെ സൗന്ദര്യം ആയുധത്തിൻെറ മൂർച്ചയിലും അത് ലക്ഷ്യത്തിൽ കൊള്ളിക്കുന്നതിലും പ്രയോഗിക്കുന്നതിൻെറ വേഗതയിലുമാണ് സ്ഥിതിചെയ്യുന്നത്. നിലവിളിക്ക് സംഗീതത്തിൻെറ സഹായവും പ്രതിജ്ഞയ്ക്ക് പൊങ്ങുപദങ്ങളുടെ പിന്തുണയും പോരാട്ടത്തിന് സൗന്ദര്യത്തിൻെറ കടാക്ഷവും വേണ്ടെന്ന് മറ്റ് ജനകീയകവിതകളോടൊപ്പം ദാർവിഷിൻെറ കവിതയും നമുക്ക് അറിവുതരുന്നു. അത് നിരലംകൃതവും നിശിതവുമാണ്. 'ഞാനൊരറബി. കുട്ടികൾ എട്ട്. എഴുതിയെടുത്തോ. വെറുമൊരു സംജ്ഞാനാമം മാത്രം. മാറാപ്പേരും സ്ഥാനപ്പേരും ഒന്നും എനിക്കില്ല.........' വ്യക്തതയുടെ ഉറപ്പുള്ള സൂചിക്കുത്തുകളുടെ സൗന്ദര്യത്തിന് എന്തായാലും അയാൾ മുൻഗണന നല്കുന്നുണ്ട്.

ഒരിക്കലും നിലാവുദിക്കാത്ത നിരാശയുടെ തുരങ്കത്തിൽ ജീവിക്കുമ്പോഴും ഒരു ജനതയ്ക്ക് ന,ക്ഷത്രക്കുഞ്ഞുങ്ങളുടെ ചിരി കാണാൻ കഴിയും. ചൂട് പരത്തുന്ന മണൽപ്പരപ്പിൻെറ നടുവിലും സാന്ത്വനം ചൊരിയുന്ന ഒരു രഹസ്യ നദി കണ്ടെത്തുന്ന രണ്ട് അനുരാഗികളുടെ തീവ്രമായ സ്നേഹം അവതരിപ്പിക്കുകയാണ് 'മണൽ' എന്ന കവിതയിൽ ദാർവിഷ് ചെയ്യുന്നത്. (ഈ കുറിപ്പിൽ പ്രധാനമായും ആശ്രയിച്ചിട്ടുള്ളത് "The Sand and other poems" എന്ന ദാർവിഷിൻെറ അടുത്തിറങ്ങിയ കവിതാസമാഹാരമാണ്.) 'മണലി'ൽ പാലസ്തീനിൻെറ സവിശേഷ പരിസരവും മനുഷ്യാനുഭവത്തിൻെറ സാമാന്യപരിസരവും വേർതിരിക്കാനാവാത്തവിധം പുണർന്ന് നില്ക്കുന്നു. 'മണൽപ്പരപ്പുണ്ടായിട്ടും അവർ — പ്രിയപ്പെട്ട രണ്ടു പേർ — അവരുടെ വഴി കണ്ടു. മണലിൻെറ നടുവിലും അവരൊരു രഹസ്യനദി കണ്ടെത്തി. എന്നിട്ടവർ തമ്മിൽ പറഞ്ഞത് എന്താണെന്നോ — ഈ മണൽപ്പരപ്പ് എത്ര ചെറുത് — എന്ന്! നീണ്ടുകിടക്കുന്ന ഒരുമണൽപ്പ

പ്പിൻെറ നടുവിൽനിന്ന് 'ഈ മണൽ
എത്ര ചെറുതാണ്' എന്ന് പ്രണയിക
യുന്നതിൽ വലിയ പുതുമയില്ല. എ
അതിൽ ലീനമായ പ്രക്ഷോഭാത്മക
പ്രതിസന്ധികളെ മറികടക്കാനുള്ള
ഹാവേശം — നമുക്കവഗണിച്ചുകൂട
രിയാനാവാത്ത
വരുടെ സ്നേഹം അതിൻെറ സകല
തകളോടും കൂടി ഒരുമിക്കുന്ന വേദി
ന്നു 'മണൽ'. മനുഷ്യൻെറ ഇച്ഛ
മിയുടെ ആകൃതി മാറ്റുന്നതിൻെറ ഉ
ഹപൂർണമായ ആഘോഷം കൂടി
ന്നുണ്ട് 'മണൽ'.

ബഹിരാകാശം പോലും ആയു
യായി തീർന്നൊരു നാളിൽ ഭാവന ഉ
യാത്രയ്ക്കുള്ള വാഹനമല്ലെന്ന അസ
രമായ അറിവിൽനിന്നും ഉത്തരവാദി
ള്ള ഒരു എഴുത്തുകാരനും മോചന
കവിതയുടെ ശുദ്ധിയെക്കുറിച്ചുള്ള ന
കാല്പനിക സ്വപ്നവും പ്രായോഗിക
അപ്രസക്തവും

സൈദ്ധാന്തികമായി അസംബന്ധ
ണെന്ന സത്യം അവഗണിച്ചുകൊ
ഇന്നൊരു എഴുത്തുകാരനും മുന്നോട്ടു
കാനാവില്ല. പ്രകടമായ രാഷ്ട്രീയത്തെ
സ്യമായി പുണർന്നുകൊണ്ട് 'പുതിയ
ത' നിശിതമായ ഒരു രാഷ്ട്രീയനില
ൻെറ വികസിച്ച 'പ്രയോഗമായി' മാറി
ഞ്ഞിരിക്കുന്നു. ചിന്തയ്ക്ക് മേൽക്കോ
യില്ലാത്ത സന്ദർഭങ്ങൾക്കുള്ളിൽവച്ച് ഉ
ദിപ്പിക്കുന്ന സംഘടിതമായ ചിരിയും
ച്ചിലും ഒരു വർഗവിഭജിത സമുദായ
ഇനിമുതൽ കലാപ്രവർത്തനങ്ങളുടെ
മായിട്ടല്ല, സാംസ്കാരിക കുറ്റകൃത്യ
ടെ ഭാഗമായിട്ടാണ് അപഗ്രഥിക്ക
ണ്ടത്.
ഒരു
ദ്ധഭൂമിയിൽ നില്ക്കുമ്പോൾ 'എഴു
എന്നുള്ളത് പൊരുതുക എന്നുള്ളതി
മറ്റൊരു പേര് മാത്രമാകുന്നു. ദാർവി
ൻെറ കവിത പാലസ്തീനിൻെറ മുറി
ളുടെ പശ്ചാത്തലത്തിലും ചോരക്കു
രം ചിലപ്പോഴെങ്കിലും വെടിയുണ്ടകള
വർഷിക്കുന്നത്. കരിയില കണക്കെ
കുറഞ്ഞ അലസമരണങ്ങളുടെ അന്ത്യ
ഴികളോടല്ല, പർവതതുല്യം ഭാരമുള്ള
തസാക്ഷികളുടെ പിന്നെയും ബാക്കി
വുന്ന പോർവിളികകളോട്, 'പാലസ്ത
ലെ പ്രതിരോധസമരത്തിലെ ലോർക
ന്ന വിമർശകർ വിശേഷിപ്പിച്ചിട്ടുള്ള
വിഷിന് പ്രിയം. 'നഷ്ടപ്പെടാൻ ശവ



ങ്ങൾ മാത്രം' എന്ന ദാർവിഷിൻെറ കുറുകിയ വരിയിൽനിന്നും സംഘർഷഭരിതമായ പാലസ്തീൻ ജീവിതത്തിൻെറ ഉൽസാഹഭരിതമായ ഊർജം തന്നെയാണ് തിളച്ചുമറിയുന്നത്. പ്രിയപ്പെട്ടോരുടെ ചിതറിപ്പോയ മാംസച്ചീളുകൾ ചേർത്തുവച്ച് സ്വന്തപ്പെട്ടോരുടെ ഒരേകദേശചിത്രംപോലും വരക്കാനാവാതെ താല്ക്കാലികമായെങ്കിലും തലചുറ്റിനിന്നുപോകുന്ന ഒരു ജനതയുടെ അനുഭവമാണ് ദാർവിഷ് 'ഗാസ ഓറഞ്ചുകൾ വില്ക്കുന്നില്ല. അവ ടിന്നുകളിലാക്കിയ അവളുടെ രക്തമാകുന്നു' എന്ന രണ്ട് വരിയിൽ അമർത്തുന്നത്. കൂട്ടക്കൊലയുടെ നില്ക്കാത്ത തുടർച്ചകൾ കൊച്ചുവരികളിൽ ഭയാനകമായ നിശ്ശബ്ദതയോടെ ചുരുണ്ടുകിടക്കുകയാണ്. സ്വന്തം വീട്ടിൽനിന്നും അടിച്ചിറക്കപ്പെട്ട അറബിയുടെ ആർത്തനാദം പാലസ്തീൻ പാടത്തിലൂടെ അനാഥമായി ഓടുമ്പോൾ സിയോണിസ്റ്റുകളുടെ നെറിപോയനീതി വിജയലഹരിയിൽ തുള്ളുന്നു! 'ഗാസ'യിലെയും 'വെസ്റ്റ് ബേക്കി'ലെയും ശവക്കൂമ്പാരങ്ങൾക്ക് മുകളിൽ സിയോണിസ്റ്റുകൾ വട്ടമിട്ട് പറക്കുന്നു. അമേരിക്കയുടെയും ബ്രിട്ടൻെറയും പിൻതുണയോടെ പാലസ്തീൻ വിമോചനസമരത്തെ വിഴുങ്ങാനാവുമെന്ന് ഇസ്രായേൽ വെറുതെ മോഹിക്കുന്നു. പാട്ടുകൊണ്ട് കൊട്ടാരം കീഴടക്കുമെന്ന് എഴുതിയ ദാർവിഷ് സിയോണിസത്തിനും അതുപോലെ അറേബ്യൻ രാജവാഴ്ചക്കും എതിരെ വിട്ടുവീഴ്ചയില്ലാതെ പൊരുതുന്ന കവിയാണ്. അദ്ദേഹത്തിൻെറ കവിത അതിൻെറ സകലപരിമിതികളോടും കൂടി വിമോചനത്തിൻെറ ഇടിനാദമാണ്. ഒലിവ് വൃക്ഷത്തിൽനിന്നും വ്യാജശാഖകൾ ഉരിഞ്ഞുകളയാൻ ഇറങ്ങിപ്പുറപ്പെട്ട ദാർവിഷ് പൊരുതാൻവേണ്ടി മരണത്തെ നിരസിച്ച കവിയാണ്. പ്രിയപ്പെട്ട ദാർവിഷ് — ഭൂമിയിൽ ഇതുപോലെ ഇനിയും നിവർന്ന് നില്ക്കുക. ഒരിക്കലും ആയുധം താഴെ വെക്കാതെ ആകാശത്തിലെ തിളങ്ങുന്ന നക്ഷത്രങ്ങളെനോക്കി സ്വപ്നങ്ങൾ നിർമിച്ചുകൊണ്ടേയിരിക്കുക. ദാർവിഷ് അത്രമാത്രം. ●

പോന്ന വഴിയിൽനിന്നും
ഒരു വളപ്പൊട്ട്.

''നാരങ്ങപ്പാല്
ചൂണ്ടക്ക് രണ്ട്
ഇലകൾ പച്ച
പൂക്കൾ മഞ്ഞ
ഓടിവരുന്ന.......
...............

o

'കാലം സാക്ഷി
മനുഷ്യരെല്ലാം നഷ്ടത്തിലാണ്.
വിശ്വസിച്ചവരും സൽക്കർമ്മങ്ങൾ അനുഷ്ഠിച്ച
വരും ക്ഷമ ഉപദേശിച്ചവരുമൊഴികെ.'

എല്ലാ പരാജയങ്ങളെയും
മറികടക്കാൻ നമുക്കു കഴിയേണ്ടിയിരിക്കുന്നു.

പടികളിറങ്ങുമ്പോൾ
തിരിഞ്ഞുനോക്കാതിരിക്കാനായില്ല.
പിന്നിൽ രണ്ടു കണ്ണുകൾ
അവയ്ക്കു കീഴിൽ സ്നേഹദുഃഖത്തിന്റെ
അപക്ഷിപ്തമെന്നോണം കറുത്ത പാടുകൾ.
എല്ലാ അമ്മമാരുടെ കൺകോണുകളിലും
ഇതൊളിഞ്ഞിരിപ്പുണ്ടാകുമോ?


o

റൂം നമ്പർ 65.
കോളെജിന്റെ പടികൾ ഇതിനു മുന്നിലവസാ
രിക്കുന്നു. വെള്ളതേച്ച മേൽക്കൂരയാണിനി
മുകളിൽ. ഉച്ചവരെ സാമൂഹ്യശാസ്ത്രവും
ഭാഷയും അരിച്ചുനടക്കുന്ന മുറി. കുറച്ചു
പേരുടെ നിശ്വാസങ്ങളും കൂട്ടിനുണ്ട്. അതും
കഴിഞ്ഞാൽ പിന്നെ കാറ്റിന്റെ ഊഴമായി.
വലിഞ്ഞടയുന്ന ജനൽപാളികൾക്കിപ്പോൾ
വല്ലാത്ത കിരുകിരുപ്പ്. രണ്ടുവർഷം
കഴിഞ്ഞപ്പോൾ താഴേക്ക് കുടിയിറക്കപ്പെട്ടു.
'എല്ലാരസവും പോയെന്ന്'പെൺകുട്ടികളിലൊരാൾ.
'ഉപരിവർഗത്തിന്റെ പതനമാണിതെന്ന് റോഷനും'

o

രാത്രിവണ്ടി കുതിച്ചോടുകയാണ്. അല്പം
മുമ്പാണ് മരണവാർത്തയെത്തിയത്.
വണ്ടിക്കൊപ്പം ശരീരവും മനസ്സും യാന്ത്രികമാ
വുകയാണ്. ക്ലാസ്റൂമുകളിൽ ചിതറിവീണ
മഴമേഘങ്ങളെയോർത്തു. ഇപ്പോൾ അവയും
ഏതോ രൗദ്ര ഭാവത്തിന്റെ തലത്തിലേക്ക്
മെല്ലെമെല്ലെ...........
യാത്ര അവസാനിച്ചതറിഞ്ഞു.
പിന്നെ കണ്ടത് മോർച്ചറിയാണ്.
അതിനുള്ളിലെ സിമൻറ് തറയ്ക്കുമേൽ
പ്രിയപ്പെട്ടവൻ. കവിളിൽ രക്തമൊലിച്ചിറങ്ങി
യ പാടുകൾ. ചുണ്ടിലിപ്പോഴും പൂർത്തിയാകാ
ത്ത പുഞ്ചിരി. എന്തെങ്കിലും ഓർമ്മിക്കാൻ
പോലും ഞാൻ അശക്തനാണു സുഹൃത്തേ.

ഇടയ്ക്കൊരിക്കൽ
ആരിഫലി സാഹിബ് പറഞ്ഞു:




ഒന്നുറപ്പാണ്. വിശ്വസിച്ചവരുടെ
പ്രയത്നങ്ങളൊന്നും വൃഥാവിലാവില്ല'

o

ആശ്രയമറ്റവർ ചേക്കേറിയ ഭവനം.
കൂട്ടുകാരോടൊപ്പം വാർഡുകളിലൂടെ നടന്നു.
അബൂബക്കറും സലീമും ചേർന്നുപാടി.
ഏതോ രസം നിറഞ്ഞ പാട്ട്.
"ഒഴുക്കുള്ള വെള്ളത്തിൽ
മോലോട്ട് നീന്ത്യേപ്പം
തടസ്സൊന്നും കൂടാതെ
താഴോട്ടു പോന്നോവർ"................
നിശബ്ദത നീങ്ങി. വരണ്ട കട്ടിലുകൾക്കു
മേൽ ഉത്സാഹം. പഴകിയ കണ്ണുകൾ
പലതിലും നക്ഷത്രങ്ങൾ മിന്നിയതറിഞ്ഞു

o

പണിക്കരുടെ നടത്തവും
മുഹമ്മദലിയുടെ നില്പും
—വല്ലാത്തൊരു ചന്തമാണിവയ്ക്ക്.

നഗരത്തിലെത്തിയ 'ഖസാക്കിന്റെ ഇതിഹാസ
കാരനെ' ചെന്നുകണ്ടു. സംസാരത്തിന്റെ
പങ്കുവെയ്ക്കലിനിടയിൽ മഞ്ഞദ്രാവകത്തിലേ
ക്കും ക്ഷണം.
'സോറി' — സുഹൃത്തു പറഞ്ഞു.
മുന്നിൽ വിറച്ച ചിരിയോടൊപ്പം
പ്രത്യുത്തരം. 'ഫണ്ടമെൻറലിസം, അല്ലേ'

ബസ്സിറങ്ങിയപ്പോൾ അമ്പരന്നുപോയി. മഞ്ഞ
ച്ചുവരിൽ നിറയെ അക്ഷരങ്ങളുടെ വൈകൃതം.
കറുത്ത അക്ഷരങ്ങൾ. ഇതുവരെ കേട്ട
സൗന്ദര്യം നിറഞ്ഞ വാക്കുകൾക്കുമേൽ അവ
കനത്തു നിൽക്കുന്നു.
പിന്നിൽ സുഹൃത്തിന്റെ സാന്ത്വനം.
"മിഴി പൂട്ടുക, മിഴിനീരൊപ്പുക"

o

പിന്നെ കാമ്പസ്സ് കവികളെക്കുറിച്ചായി
സംസാരം. ഗോപി പറഞ്ഞു:
'നെൽസൺ മണ്ടേലയെങ്ങാനും മോചിതനാ
യാൽ പിന്നെ നമ്മുടെ പല കവികളുടെയും
വെള്ളംകുടി മുട്ടിയേക്കും'

ഒന്നു വഴിമാറി ചിന്തിക്കാൻപോലും കഴിയുന്നി
ല്ലല്ലോ. അതാണേറെ കഷ്ടം.

അന്നും വൈകിയാണെത്തിയത്. ടീച്ചർ 'ലീലാ
തിലക'ത്തിന്റെ ധമനികളോരോന്നും കീറിയെ
ടുത്ത് മുന്നിൽ വെയ്ക്കുന്നു. അല്പം കഴിഞ്ഞ്
എല്ലാവരോടുമെന്നോണം ടീച്ചർ: 'ഉഴപ്പി നട
ന്നോളൂ. അവസാനം വേദനിച്ചിട്ടും കാര്യമുണ്ടാ
വില്ല.' വാതിലിനപ്പുറത്ത് ആരോ വന്നുനിന്നു.
'സാർ, നാസർ'
ടീച്ചർ എന്നെ നോക്കി. പിന്നെ സമ്മതം നല്കി.
'പൊയ്ക്കോളൂ'
വന്നവന്റെ കൂടെ താഴോട്ടിറങ്ങി. പിന്നിൽ
ആരുടെയോ അമർത്തിയ ചിരി.

അബൂക്കയുടെ മരണം പലരുമറിയാതെ പോയി
ഹോസ്റ്റലിൽനിന്നും കൂട്ടംകൂടി
പോകുന്ന പെൺകുട്ടികൾ. അവരോടു ചോദി
ച്ചു. 'പോകുന്നില്ലേ?'
'വിടുംന്ന് തോന്ന്ണില്യ'
- അതുംപറഞ്ഞവർ നടന്നുപോകെ ഒന്നു കൂടെ
ചോദിച്ചു: 'വീടറിയുമോ?'
'മലപ്പുറത്തെവിടെയോ ആണ്.' - അവരിലൊരാൾ.
മലപ്പുറത്തെ വിടെയായിരിക്കും?
കുഗ്രാമത്തിന്റെ ഏതോ ഒരു കോണിൽ.
അത്രയൊക്കെയേ നമുക്കറിയൂ.

o

സിന്ദുവിന്റെ ബന്ധുക്കളിലാരോ ഒരാൾ ഗദ്
ഗദത്തോടെ പറയുന്നു. "ഇന്നോളം ആ വഴിക്കു
പോകാത്തതാ. എന്തു ചെയ്യാനാണ്. ഇങ്ങനെ
മരിക്കാനാവും വിധി."

അവസാനപരീക്ഷയും കഴിഞ്ഞു.
പലരും വ്യാകരണത്തിന്റെ തലങ്ങുംവിലങ്ങും
ചർച്ച ചെയ്യുകയാണ്. അല്പം മാറിനിന്ന് അപ്പു
ക്കുട്ടൻ പറഞ്ഞു: "പരമാവധി മുതലാക്കിയാലേ
ഒക്കൂ. പതിനാറു അഡീഷണൽ പേപ്പറിൽ അടി
ച്ചു കാച്ചിയിട്ടുണ്ട്"

ഇന്ന്
അവസാനത്തെ ഒത്തുചേരലായിരുന്നു. എല്ലാ
വരുടെ മുഖത്തും ഏതോ വല്ലായ്മ ബാക്കി
യുണ്ട്. കറുത്ത ബോർഡിൽ ഒരരികിലായി
ആരോ എഴുതിവെച്ചിരിക്കുന്നു. — ''സഫലമീ
യാത്ര.''

o



# ഈ നിരപരാധികളെ കൊല്ലുന്നതാര്?

-മുജീബുർറഹ്മാൻ എം.കെ.

പുകവലി സൃഷ്ടിക്കുന്ന ഭയാനകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് മനസ്സിലാക്കാത്തവരല്ല നാം. അതിലൂടെ വ്യക്തികളുടെയും സമൂഹത്തിന്റെയും സിരകളിൽ പടർന്നുകയറുന്ന രോഗബീജങ്ങളെക്കുറിച്ച് അറിയാത്തവരുമല്ല നാം. എന്നിട്ടും പുകവലി മാന്യതയുടെ ലക്ഷണമായി ഇന്നും കണക്കാക്കപ്പെടുന്നു. അങ്ങിനെ ജനസഞ്ചയം (അതിൽ സ്ത്രീകളും കുട്ടികളുമെല്ലാം ഉൾപ്പെടും) മരണത്തെ വിലയ്ക്കു വാങ്ങിക്കൊണ്ടിരിക്കുന്നു. ആർക്കുമിതിൽ പരാതിയില്ല. കച്ചവടക്കണ്ണുള്ള അനേകം ബീഡി-സിഗാർ കമ്പനികളുടെ ക്രൂരാട്ടഹാസങ്ങൾ പതിന്മടങ്ങ് ശക്തിയിൽ ഇവിടെ ഉയർന്നുകൊണ്ടിരിക്കുന്നു.

ഇതിനിടയിൽ നാം അറിയേണ്ട ചില യാഥാർഥ്യങ്ങൾ. പതിനേഴു വയസ്സുകാരിൽ ഏതാണ്ട് പകുതിയോളം പേർ ഇന്ന് പുകവലിയുടെ അടിമകളാണ്. ഇരുപത്തഞ്ചു വയസ്സുള്ള യുവാക്കളിൽ 65% പേരുടെയും ഉറ്റ സുഹൃത്താണ് പുകവലി. യുവതികളിൽ 36 ശതമാനത്തിന്റെയും. നിത്യേന മൂന്നും നാലും പായ്ക്കറ്റ് സിഗരറ്റുകൾ വലിച്ചു തള്ളുന്ന 'ചെയിൻ സ്മോക്കർ'മാരാണിവരിലധികപേരും.

ഹൃദ്രോഗങ്ങളുടെ മുഖ്യകാരണം പുകവലിയാണെന്നത് തെളിയിക്കപ്പെട്ടതാണ്. പുകവലിക്കുന്നവരിൽ മാത്രമല്ല അതു ശ്വസിക്കുന്നവരിലും ഹൃദ്രോഗ സാധ്യത കൂടുതലാണ്. പുകയിലയിലടങ്ങിയ നിക്കോട്ടിൻ എന്ന വിഷവസ്തുവാണ് ഏറെ അപകടകാരി. ഇത് രക്തത്തിൽ കൊളസ്ട്രോളിന്റെ അംശം വർധിപ്പിക്കുന്നു. ഇത് ഹൃദയസ്തംഭനത്തിന് കാരണമാകുന്നു. പുകവലിക്കുമ്പോഴുണ്ടാകുന്ന കാർബൺ മോണോക്സൈഡ് എന്ന വിഷവാതകം രക്തത്തിലെ ഹിമോഗ്ലോബിനുമായി എളുപ്പത്തിൽ ചേരുന്നു. ഓക്സിജനേക്കാൾ ഇരുനൂറിലേറെയിരട്ടി വേഗതയിലാണ് ഇത് രക്തവുമായി ലയിച്ചു ചേരുന്നത്.

പുകവലിക്കാരൻ എളുപ്പത്തിൽ രോഗത്തിന് അടിപ്പെട്ടു കൊള്ളണമെന്നില്ല. വിഷാംശത്തെ ചെറുക്കാനുള്ള ഓരോരുത്തരുടെ ശരീരപ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു ഇത്. നിരന്തരമായി പുകവലിക്കുന്നവർ കാൻസറിന് കടന്നുവരാനുള്ള വാതായനങ്ങൾ മലർക്കെ തുറന്നുകൊടുക്കുകയാണെന്ന് ഓർക്കുക.

നിങ്ങൾ പുകവലിക്കാതിരുന്നതുകൊണ്ടും രക്ഷയില്ല. സഹജീവികൾ വലിച്ചൂതുന്ന പുക ശ്വസിക്കാൻ നിങ്ങളും വിധിക്കപ്പെടുന്നു. വലിക്കുന്നവനേക്കാൾ കൂടുതൽ പുക ശ്വസിക്കുന്നത് നിങ്ങളായിരിക്കും. അങ്ങിനെ സ്വയം നശിക്കുന്നതോടൊപ്പം പുകവലിക്ക
തന്റെ സഹജീവിയുടെ കൊലയാളി കൂ
യി മാറുന്നു.

ശീലിച്ചു കഴിഞ്ഞ പുകവലി പെട്ടെന്ന്
ക്ഷിക്കുക എളുപ്പമല്ല. എങ്കിലും ഉറച്ച തീ
നമെടുത്ത് പ്രവൃത്തിക്കുമെങ്കിൽ അതെ
മാണ്. പുകയിലയിലെ വിഷാംശം നാഡീ
ശങ്ങളെ ഉത്തേജിപ്പിക്കുകയും പുകവലി
ന്നവരിൽ പ്രത്യേകമായ ഒരു മാനസികാ
തി അതുണ്ടാക്കുകയും ചെയ്യുന്നു. ഈ
ഭൂതിയാണ് ഒരാളെ പുകവലിയുടെ അടി
ക്കിത്തീർക്കുന്നത്.

പുകവലിക്കെതിരെ ശക്തമായ
വൽക്കരണ പരിപാടികൾ നടക്കേണ്ട
പലരും കരുതുംപോലെ നിരുപദ്രവകാ
ഒന്നല്ല ഇത്. മാനസികമായി പുകവ
അടിപ്പെട്ടവരെ അതിൽനിന്ന് പിന്തിരി
നും പുകവലിക്കെതിരെ ശക്തമായ ജന
ബോധം സൃഷ്ടിച്ചെടുക്കാനും നമുക്ക്
ക്കേണ്ടതുണ്ട്. അതിനു കഴിഞ്ഞില്ലെങ്കിൽ
മുറയെ കൊല ചെയ്യാൻ കൂട്ടുനിന്നവ
മഹാപാതകത്തിൽ നിന്നു കൈകഴുകാൻ
ക്കാവില്ലെന്നു വരും. അതിനാൽ പുക
ക്കെതിരിലുള്ള പോരാട്ടം ഒരു ജനതയോ
അടുത്ത തലമുറയോടുമുള്ള നമ്മുടെ ക
തയുടെ ഭാഗമാണെന്നത് മറക്കാതിരിക്ക


# ഇത്തിരി

നട്ടപ്പാതിര നേരത്തിത്തിരി
വെട്ടം തേടി നടക്കേ
കാലമൊരിത്തിരി
നേരമൊരിത്തിരി
വെട്ടവുമിത്തിരിയെന്നോ
അല്ല
കാലമൊരൊത്തിരി
നേരമൊരൊത്തിരി
വെട്ടവുമൊത്തിരിയത്രെ
മജ്ജയിൽ പ്രാണൻ പൊതിഞ്ഞ
മനുഷ്യാ
നമ്മളിത്തിരിമാത്രം
നമ്മളിത്തിരിമാത്രം

അബ്ദുല്ല സി.എം.

# ഫാറൂഖിന്റെ കൈവഴികൾ

അഹ്മദ് ശരീഫ് .പി.




നാലു ദശവൽസരങ്ങൾ കഴിഞ്ഞിരിക്കുന്നു. ആരംഭവും വളർച്ചയും വിസ്മയത്തോടെ മാത്രമേ കാണാൻ കഴിയൂ. പക്ഷേ, നടന്നുപോകേണ്ട വഴികൾ ഇനിയും ദീർഘിച്ചതാണ്.

— നാല്പതാം വാർഷികം മുൻനിറുത്തി ചില ചിന്തകൾ. പൂർവ്വവിദ്യാർത്ഥിയും പത്രപ്രവർത്തകനുമാണ് ലേഖകൻ.

'അലാവുദ്ദീൻെറ അത്ഭുതവിളക്ക്

യൂനിവേഴ്സിറ്റി കമ്മീഷനായി നിയമിക്ക പ്പെട്ട രാമസ്വാമിഗൗഡരാണ് അങ്ങനെ ചോദി ച്ചു കളഞ്ഞത്. അലാവുദ്ദീൻെറ അത്ഭുത വി ളക്കുണ്ടോ നിങ്ങളുടെ കയ്യിൽ? കരിങ്കല്ലായി കുന്നിൻെറ പരിണാമം അത്ഭുതവിളക്കില്ലാ തെ അസാധ്യമായിരുന്ന ഒരു കാലമായിരുന്ന ല്ലോ അത്.

വന്യജീവികളെ ഭയന്ന് പകൽപോലും ആരും കടന്നു പോകാത്ത കരിങ്കല്ലായി കുന്ന്.

ടിപ്പുസുൽത്താൻ മലബാറിൻെറ തലസ്ഥാനമാക്കി മാറ്റാൻ ഉദ്ദേശിച്ച ദേശ ത്തിന് പക്ഷേ, ഇസ്ലാമിക മലയാളത്തിൻെറ സാംസ്കാരിക തലസ്ഥാനമാകാനുള്ള സൗ ഭാഗ്യമാണ് സിദ്ധിച്ചത്. ഉമറുൽഫാറൂഖിൻെറ പേരിൽ ടിപ്പു പേരു നൽകിയ 'ഫാറൂഖാ ബാദ്' തന്നെ തേടിവന്നതായിരുന്നു മൗലാ നാ അബുസ്സബാഹ്. അത് വെറുതെ ആയില്ല. മലബാർ മുസ്ലിംകളുടെ നവോത്ഥാനത്തി ൻെറ ആണിക്കല്ലായിത്തീർന്നു ഫാറൂഖാ ബാദ്.

ഉത്തരേന്ത്യയെപ്പോലെ മുസ്ലിം ഭരണകർ ത്താക്കളുടെ ഔദാര്യം അനുഭവിക്കാനുള്ള യോഗമുണ്ടാകാത്ത കേരളത്തിൽ അറയ്ക്കൽ രാജാക്കന്മാരെ കഴിച്ചാൽ ഹൈദറും ടിപ്പുവും വന്നുപോയ കഥയേ ശേഷിപ്പുള്ളൂ. അതു കൊണ്ട് മാപ്പിളമാരുടെയും ജോനകരുടെയും വിദ്യാഭ്യാസം അസാധ്യവും അസംഭവ്യവുമാ യ ഒരു മോഹമായിരുന്നു. ഇംഗ്ലീഷുകാർ നട ത്തുന്ന കോളെജുകളിൽ മത്സരിച്ച് കടന്നു കയറാൻ മാത്രം 'മുന്നോക്ക'ക്കാരായിരുന്നില്ല അവർ. പ്രാഥമികവിദ്യാഭ്യാസകടമ്പകയറിക്കി ട്ടിയവർ സെക്കണ്ടറി വിദ്യാഭ്യാസത്തിനപ്പുറം പോവാൻ കഴിയാതെ പിൻതിരിയുകയായിരു ന്നു പതിവ്. ഈ ദുഃസ്ഥിതിക്ക് മാറ്റം വരണ മെന്ന സമുദായസ്നേഹികളുടെ ഉൽക്കടമാ യ 'അഭിലാഷത്തിൻെറ ഫലമാണ് ഫാറൂഖ്

കോളെജ്. 1922-ലെ മുസ്ലിം ഐക്യസംഘം വഴിയുണ്ടായ പുത്തനുണർവ് സമുദായത്തെ ഇതിന് പ്രാപ്തമാക്കി. മുസ്ലിം കോളെജുകളു ടെ അഭാവത്തിൽ സ്കൂളുകളിൽ വിദ്യാഭ്യാ സം പരിമിതപ്പെട്ടുപോകുന്നത് പരിഹരിക്കാ നുള്ള കഠിനപ്രയത്നം 1948-ൽ 32 വിദ്യാർ ത്ഥികളെയും 5 അധ്യാപകരെയുംവച്ച് ഇസ് മായിൽ സാഹിബ് വിട്ടുകൊടുത്ത സ്വന്തം വീട്ടിൽ, മുന്നിലകം തറവാട്ടിൽ 'ദക്ഷിണേ ന്ത്യയിലെ അലിഗറി'ന് ജന്മം നല്കി.

ഇസ്ലാമിക പാരമ്പര്യവും സംസ്കാരവും കൈമാറിക്കിട്ടിയ തലമുറകളെ വാർത്തെടുക്ക ണമെന്ന ലക്ഷ്യവും ഇതിൻെറ പിന്നിലുണ്ടാ യിരുന്നു. ഒട്ടേറെ ത്യാഗം ഫാറൂഖ് കോളെജി ൻെറ ഇപ്പോഴത്തെ പ്രതാപത്തിന് കാരണ മാണ്. സമുദായത്തിലെ സമ്പന്നർ അവസര ത്തിനൊത്ത്' ഉയർന്നതിൻെറ നിദർശനം കൂടിയാണ് കരിങ്കല്ലായ് കുന്നിലെ വൃത്തിയു ള്ള കെട്ടിടങ്ങളും പൂന്തോട്ടവും അവയെ സംരക്ഷിക്കുന്ന സംസ്കാരവും.

'അണ്ണാറക്കണ്ണനും തന്നാലായത്' ഫാറൂ ഖിൻെറ വളർച്ചയിൽ വിസ്മരിക്കാൻ പാടി ല്ലാത്ത ഘടകമാണ്.

മലബാറിലെ ഏറ്റവും കൂടുതൽ താമസ സൗകര്യമുള്ള സ്ഥാപനമായി ഉയർന്നതും മിക്ക വിഷയങ്ങൾക്കും ബിരുദാനന്തരബിരുദ കോഴ്സുകൾ നിലവിൽവന്നതും വിദ്യാർത്ഥി കളെ ഫാറൂഖിൻെറ മടിത്തട്ടിലേക്ക് മാടിവി ളിച്ചു. മലപ്പുറം ജില്ലയുടെയും കോഴിക്കോടു ജില്ലയുടെയും ഏതാണ്ട് മധ്യത്തിലുള്ള നില്പ് മുസ്ലിം വിദ്യാർത്ഥികൾക്ക് സഞ്ചാര സൗകര്യമായി. ഏറനാട്ടിലെയും വള്ളുവനാ ട്ടിലെയും വിദ്യാഭ്യാസസൗകര്യം നിഷേധിക്ക പ്പെട്ടവർക്കും കോഴിക്കോട്ടുകാർക്കും കണ്ണൂർ കാർക്കും എത്തിപ്പെടാനും താമസിച്ചുപഠി ക്കാനും സൗകര്യപ്രദമായ അന്തരീക്ഷം, എൽ.പി.സ്കൂൾ, ഹൈസ്കൂൾ, അറബിക്

കോളെജ്, ട്രെയിനിങ് കോളെജ് എന്നിവയു ടെ സാന്നിധ്യം—എല്ലാംകൂടി ആയപ്പോൾ മുസ്ലിംവിദ്യാർത്ഥികൾക്കതിൻെറ പ്രയോജ നം പറഞ്ഞാൽ തീരാത്തത്രയുണ്ട്.


ഇത്തരം കാരണങ്ങൾ മലബാറിലെ പഠനം നിന്നുപോവേണ്ട മുസ്ലിം വിദ്യാർത്ഥികളുടെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കുകയും വിജ്ഞാനത്തിൻെറ വെളിച്ചം അവരിൽ പുതി യ തരംഗങ്ങളുണ്ടാക്കുകയും ചെയ്തു. മല ബാറിലെ മുസ്ലിം വിദ്യാഭ്യാസപുരോഗതി

ഫാറൂഖ് കോളെജിനെ മാറ്റിനിർത്തി ചർച്ച ചെയ്യാനാവില്ല. കേരളത്തിലെ മുസ്ലിംകളുടെ ജീവിതരീതിയെത്തന്നെ ഈ വിജ്ഞാനവിപ്ല വം സാരമായ മാറ്റങ്ങൾക്ക് വിധേയമാക്കിയി ട്ടുണ്ട്.

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം അപ്രാ പ്യമായിരുന്ന അവസ്ഥ തിരുത്തിയെടുത്തത് ഫാറൂഖാണ്. മുസ്ലിം കോളെജ് നിലവിൽ വന്നതു മുസ്ലിം വിദ്യാർത്ഥിനികളെ കൂടുത ലാകർഷിക്കാനിടയാക്കി. പെൺകുട്ടികൾക്ക് ഹോസ്റ്റൽ കൂടിയായപ്പോൾ ദൂരെനിന്നുള്ള വർക്കും സൗകര്യമായി.

പക്ഷെ ഇതുകൊണ്ട് മതിയോ? മലബാറി ലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലിംവിദ്യാർ ത്ഥികൾക്കിന്നും ഉന്നതവിദ്യാഭ്യാസം വിദൂര സ്വപ്നമാണ്. അതിൻെറ ചെറിയൊരംശ ത്തിന് പരിഹാരം നൽകാനേ ഫാറൂഖിന് പോലും കഴിയുന്നുള്ളൂ. പിന്നോക്കം നിൽ ക്കുന്ന ഒരു സമൂഹത്തെ മുന്നോട്ടു കൈപി ടിച്ചുയർത്തുക ക്ഷിപ്രസാധ്യമല്ല. അതിന് വേണ്ടിയുള്ള പ്രയത്നങ്ങൾ തുടർന്നു പോ വേണ്ടതുണ്ട്.

ഫാറൂഖ് കോളെജ് ലക്ഷ്യത്തിൽനിന്ന് വ്യ തിചലിക്കാതെ പ്രയാണം തുടരേണ്ടതുണ്ട്. ഫാറൂക്ക് കോളെജിനെ ഒരു യൂനിവേഴ്സിറ്റി യാക്കി വളർത്തുക എന്നതാവട്ടെ നമ്മുടെ സ്വപ്നം.





# ജാതീയത വർഗീയത വിമോചനം

മൻസൂർ

"സവർണ്ണൻെറ ചായക്കടയിൽ കയറി ചായ ചോദിച്ചതിന് ഹരിജൻ യുവാവിനെ കടയുടമയും സവർണ്ണരും ചേർന്ന് തല്ലിക്കൊന്നു." - വാർത്ത.

ഇതെന്താ തല്ലിക്കൊല്ലാൻ പാമ്പോ? സംശയിക്കേണ്ട. ആധുനിക ഭാരതത്തിലെ - ഇരുപത്തിഒന്നാം നൂറ്റാണ്ടിലേക്കു കുതിക്കുന്ന ഭാരതത്തിലെ - സ്ഥിതിയാണിത്.

നിരവധി ഋഷിമാരുടെയും മുനിമാരുടെയും സാമൂഹിക പരിഷ്കർത്താക്കളുടെയും നാടായ ഭാരതം. പക്ഷെ ഹിമാലയ സാനുക്കൾ മുതൽ കന്യാകുമാരിവരെ ജാതീയത കൊടികുത്തിവാഴുന്നു. രാഷ്ട്രീയ മണ്ഡലമായാലും വിദ്യാഭ്യാസ മണ്ഡലമായാലും തൊഴിൽ വ്യവസായ മേഖലകളായാലും മത സാംസ്കാരിക മേഖലകളായാലും - അവിടെയെല്ലാം വിഷം ചീറ്റി നിറഞ്ഞുനിൽക്കുന്നു ജാതീയത.

ഇന്ത്യയിൽ ദ്രാവിഡരോട് കൂടിയാണല്ലോ ജനവാസം ആരംഭിക്കുന്നത്. പൊതുവെ അദ്ധ്വാനശീലരും മാന്യതയുള്ളവരുമായിരുന്നു ദ്രാവിഡർ. ദ്രാവിഡരുടെ സംസ്കാരം പ്രശോഭിച്ചുനിന്ന ഒരു ഘട്ടത്തിൽ പുറമെനിന്ന് ഇന്ത്യയിലേക്കു കടന്നുവന്ന ആര്യന്മാർ ദ്രാവിഡന്മാരെ കീഴടക്കി. ഇവിടെനിന്നാണ്, ഒരർത്ഥത്തിൽ ജാതീയതയുടെ ഉത്ഭവം.

പുരുഷസൂക്തപ്രകാരം ദൈവത്തിൻെറ തലയിൽനിന്നുത്ഭവിച്ച ബ്രാഹ്മണൻെറ ജോലി പൂജാകർമ്മങ്ങൾ നിർവ്വഹിക്കുക, വേദങ്ങൾ പഠിക്കുക, പഠിപ്പിക്കുക തുടങ്ങിയവയാണ്. ദൈവത്തിൻെറ കൈകളിൽ നിന്നുത്ഭവിച്ച ക്ഷത്രിയൻെറ ജോലി യുദ്ധം ചെയ്യുക, ഭരിക്കുക തുടങ്ങിയവയാണ്. ദൈവത്തിൻെറ തുടയിൽനിന്നുടലെടുത്ത വൈശ്യൻ കൃഷി, ധനസമ്പാദനം, കച്ചവടം ഇത്യാദി കാര്യങ്ങൾ ചെയ്യേണ്ടവനാണ്. എന്നാൽ ദൈവത്തിൻെറ കാലിൽനിന്നുടലെടുത്ത ശൂദ്രൻ മറ്റുള്ളവരുടെ പാദസേവകനായി കഴിഞ്ഞുകൂടണമെന്നാണ് അനുശാസനം.

ഈ സിദ്ധാന്തങ്ങൾ തന്നെ ഹിന്ദുമതത്തിൻെറ തനതായ അടിസ്ഥാനങ്ങളിൽപെട്ടതല്ലെന്നും, പുറമെനിന്നു കടന്നുവന്ന് ഇന്ത്യയിലെ പ്രാചീന സംസ്കാരത്തെയും ജാതിയെയും അടിമപ്പെടുത്താൻ തീരുമാനിച്ച ആര്യന്മാർ സ്വയം കെട്ടിയുണ്ടാക്കിയതാണെന്നും പണ്ഡിതന്മാർ പറയുന്നുണ്ട്.

ഈ നാലുവർണത്തിനകത്തുള്ളവർ ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം പതിനഞ്ച് ശതമാനമേ വരൂ. ഹരിജനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ തുടങ്ങിയ ഭൂരിപക്ഷം വിഭാഗങ്ങൾ ഈ വൃത്തത്തിനു പുറത്താണ്. ഇതാണ് നമ്മുടെ മുമ്പിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഹരിജനപീഡനങ്ങളുടെ യഥാർത്ഥ പശ്ചാത്തലം.

ഇത്രയും പറഞ്ഞതിൽനിന്ന്, ചരിത്രപരമായിത്തന്നെ, മതത്തിൻെറ മറവിൽ സ്വന്തം വർണ്ണമേധാവിത്വം മറ്റുള്ളവരുടെ മേൽ ഏതുവിധേനയും അടിച്ചേൽപ്പിച്ച് കാലാകാലവും നേതാക്കന്മാരായി വിരാജിക്കുന്നതിൽ മാത്രമാണ് മേൽജാതിക്കാർക്ക് താൽപര്യമെന്നു കാണാം. ഹിറ്റ്ലറുടെ ജർമ്മനി മുതൽ ബോതയുടെ ദക്ഷിണാഫ്രിക്കവരെയും ഇതാണ് വർണ്ണവെറിയൻ മനസ്സിൻെറ ചരിത്രം. അതുതന്നെയാണ് എൺപത്തിയഞ്ചു ശതമാനത്തിലേറെവരുന്ന കീഴ്ജാതി-പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്കെതിരെ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നതും. അഹമ്മദാബാദ്, മുറാദാബാദ്, മീറത്ത്.........ആ പട്ടിക നീണ്ടതാണ്. ഏപ്രിൽ മാസത്തിൽ ഗുജറാത്തിൽ മാത്രം 35 വർഗീയ ലഹളകൾ നടന്നു!

ഉത്തരേന്ത്യയിലാണ് ജാതീയ അസമത്വങ്ങൾ കൂടുതലായി കണ്ടുവരുന്നതെങ്കിലും ദക്ഷിണേന്ത്യയും അതിൽനിന്ന് മുക്തമല്ല. സംസ്കാരസമ്പന്നരുടെ നാട് എന്ന് നാം വിശേഷിപ്പിക്കുന്ന കേരളത്തിലുമുണ്ട് ഹരിജനമർദ്ദനങ്ങൾ. കൊയിലാണ്ടിയിലെ മുത്താമ്പിയിൽ ഹരിജനങ്ങൾ ക്രൂരമായി മർദ്ദിക്കപ്പെട്ടു. തിരുവനന്തപുരത്തും, കോതമംഗലത്തും മറ്റും അവർ ഹീനമായി മലം തീറ്റിക്കപ്പെട്ടു. പക്ഷെ, കേരളത്തിൽ ഒരു പ്രത്യേകതയുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സംഘടിപ്പിക്കു തിൽ മുൻപന്തിയിലുള്ളത് സാക്ഷാൽ മാർ സിസ്റ്റുകാരാണ്. വടകരയിലും നാദാപ ത്തും നടന്ന കലാപങ്ങൾ കൂടി ഓർക്കു എന്തൊരു വൈപരീത്യം, അല്ലേ!

ബീഹാർ നിയമസഭയിലെ കോൺഗ്ര (ഐ) എം.എൽ.എ ആയ രാധാകൃഷ്ണ കിഷോർ എന്ന ഹരിജനെ സ്വന്തം പാർ അംഗങ്ങൾതന്നെ മർദ്ദിച്ചു. ഹരിജനായി യല്ലോ!

ഹരിജൻ പെൺകുട്ടികളെ വസ്ത്രമില്ലാ തെരുവിലൂടെ നടത്തിക്കുക, അവരുടെ വ കൾ അഗ്നിക്കിരയാക്കുക തുടങ്ങിയ സം ങ്ങൾ എത്രവേണമെങ്കിലും നമ്മുടെ പത്ര ളിൽ നിന്ന് ഉദ്ധരിക്കാൻ കഴിയും.

ഇതൊക്കെയാണ് നമ്മുടെ രാജ്യത്തി സാമൂഹ്യാവസ്ഥ . സാമൂഹ്യ സമത്വത്തി വേണ്ടിയുള്ള അന്വേഷണത്തിൽ ദലിതു മുസ്ലിംകളും അടക്കമുള്ള മർദ്ദിതവി ങ്ങൾക്ക് ഐക്യത്തോടും സ്നേഹത്തോ കൂടി ഒറ്റക്കെട്ടായി നിൽക്കാൻ കഴിയേ തുണ്ട്. പക്ഷെ, ഇങ്ങിനെ നടക്കുന്ന സ ങ്ങൾ സമൂലമായ ഒരു നവോത്ഥാന ലക്ഷ്യം വച്ചുള്ളതായിരിക്കണം. മർദ്ദിത ക്കൂടി, അവൻെറ ഉള്ളിലെ മാനുഷിക ധാർമ്മികവുമായ അംശത്തെ ഉണർത്തി ത്ത് ഈ നവോത്ഥാന സംരംഭത്തിൽ ഭാ ക്കാക്കാൻ സഹായിക്കുന്ന തരത്തിലുള്ള യിരിക്കണം. അതൊരിക്കലും പക തീർക്ക ൻെറയോ ശാശ്വത വൈര ത്തിൻെറയോ ലി സ്വീകരിച്ചുകൂടാ. ഇതിന് ശക്ത ദീർഘവീക്ഷണവുമുള്ളതും മൂല്യബന്ധ മായ നേതൃത്വമാണ് ഒന്നാമത്തെ ആവശ അത്തരമൊരു നേതൃത്വം ഇവിടെ ഉണ്ടാ ത്തീരുമെന്നും നൂറ്റാണ്ടുകളായി നമ്മുടെ ജ അനുഭവിച്ചുവരുന്ന യാതനകൾക്ക് അറ വരുമെന്നും നമുക്ക് പ്രതീക്ഷിക്കുക. പ്ര ത്തിക്കുക. ദൈവത്തോട് പ്രാർത്ഥിക്കുക.

കഥ

# കാത്തിരിപ്പ്



ജ്യോതിഷ്കുമാർ കെ.സി.

എന്തേ ഇങ്ങിനെയെല്ലാം സംസാരിക്കാൻ?- അയാൾ ഓർമ്മിക്കാൻ ശ്രമിച്ചു. ആത്മാർഥത നിറഞ്ഞുനിന്ന നമ്മുടെ ബന്ധത്തെ തല്ലിത്തകർത്ത ചിന്തയുടെ വേരുകളെ നാം എവിടെയാണ് തിരയേണ്ടത്?

നാം രണ്ടുപേരും തിരക്കിയത് ഒന്നുതന്നെയായിരുന്നില്ലേ. ആരവങ്ങൾക്കിടയിലെങ്ങോ നഷ്ടപ്പെടുന്ന നമ്മുടെ തന്നെ വ്യക്തിത്വത്തെ. കേവലമായ ഒരു ചിരിക്കപ്പുറത്തേക്ക് നാം ഉയരുകയായിരുന്നു. പിന്നെ എല്ലാ പൊരുത്തക്കേടുകളെയും അതിജീവിച്ച് ഒന്നായിത്തീരുകയായിരുന്നു. സ്വന്തം മനസ്സുകളിൽ മാത്രം ഒതുങ്ങിക്കിടക്കുന്ന രഹസ്യങ്ങൾ പങ്കുവെക്കാൻ നമുക്കെന്തൊരു ധൃതിയായിരുന്നു! നമ്മിൽ ഉറഞ്ഞുകൂടിയ വിശ്വാസത്തിലൂടെ പുതിയൊരുലോകം തീർക്കാനുള്ള വെമ്പലിലായിരുന്നു നാം. ഒരു പക്ഷേ, അത് നമ്മുടേതു മാത്രമായ ഒരു കൊച്ചു ലോകമായിരിക്കും. എങ്കിലും അതെത്ര ആഹ്ലാദകരമായിരിക്കും.

എന്നിട്ടും സുഹൃത്തേ, ഇന്നിപ്പോൾ നാം തമ്മിലുള്ള ബന്ധം പോലും തകർന്നിരിക്കുന്നു. സ്വപ്നങ്ങളൊന്നും ബാക്കിയായിട്ടില്ല. എവിടെ വെച്ചാണ് നമുക്ക് താളം തെറ്റിയത്. ഇപ്പോൾ നിന്നെയും എന്നെയും സാക്ഷിനിർത്തി ഞാനീ ചോദ്യത്തിനുത്തരം പരതുകയാണ് സുഹൃത്തേ. ആത്മാർഥതുടെ മൂടുപടമണിഞ്ഞ മുഖങ്ങൾ തന്നെയായിരിക്കാം നമ്മെയും സ്വാധീനിച്ചത്. സ്നേഹത്തിൻെറ മുഖച്ഛായയിൽ, അതിൻെറ ആന്തരികഘടനയെ തിരിച്ചറിയാനാവാതെ ഉഴറുന്ന മനസ്സ്. പാളിച്ചകൾ ഒന്നിനു പിറകെ മറ്റൊന്നായി സംഭവിച്ചിട്ടും വേർപിരിയാത്ത മനസ്സ് സൂക്ഷിക്കുന്നവരായിരുന്നില്ലേ നാം.

ഒരു സത്യം നമുക്കറിയാമായിരുന്നു. ഇവിടെ ഓരോ മനുഷ്യൻെറയും നിയന്ത്രണം അവൻെറ സമൂഹത്തിന്മേലാണ്. അല്ലെങ്കിലും നമുക്ക് നമ്മുടേതായ വ്യക്തിത്വം സൂക്ഷിക്കാൻ കഴിയുന്നതെങ്ങിനെ?

എന്നാലും സുഹൃത്തേ, നാം പണിത ആ സ്വപ്നലോകം നമ്മുടേതു മാത്രമായിരുന്നു. അവിടെ വിരിഞ്ഞിരുന്ന പൂക്കളെത്രയും കരിഞ്ഞുവീണിട്ടുണ്ടാവും. ആ കരിഞ്ഞ പൂക്കളിലും നിൻെറ മുഖം തന്നെയാണ് ഞാനിന്നും കാണുന്നത്. ആ പൂക്കൾക്ക് പഴയ ശോഭ തിരിച്ചുകിട്ടുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു. കാരണം നമ്മുടെ ചെയ്തികളത്രയും ഒരു സുഹൃത്തിൻെറ, അച്ഛൻെറ, സഹോദരൻെറ, ഗുരുവിൻെറ മുഖങ്ങളിലൂടെയെന്നോണമായിരുന്നല്ലോ നമ്മിൽ പ്രതിഫലിച്ചത്. ഞാൻ കാത്തിരിക്കാം. ഒട്ടും നിരാശപ്പെടാതെതന്നെ.

# കാട്ടുപുഴയുടെ സംഗീതം

സി. അയ്യപ്പൻ

അരയാൽ മരത്തിന്റെ
നെഞ്ചിൽനിന്നും
കാനനത്തിന്റെ ,വിരിമാറിലൂടെ
കരിനാഗമിഴയുന്നു.
പൂവമ്പ് കണ്ണിലേന്തിയ
വനവേടനും വേടത്തിയും
തളിരിലകൾ കോർത്ത്
നൃത്തം ചവിട്ടുന്നു.
താളം തെറ്റുന്ന സൂര്യകിരണങ്ങൾ
താമരയിതള് കീറുന്നു
മൗനങ്ങളുടെ ആലിംഗനത്തിൽ
ഭൂമി ഇളവെയില് കൊള്ളുന്നു

കാടിന്റെ ഇരുൾനെഞ്ച്
രാജാവിന്റെ മനസ്സാണ്
വളപ്പൊട്ടുകൾകൊണ്ട്
നീ തീർത്ത പെൺകുട്ടിയുടെ
കണ്ണിൽ നിന്നും
പേടമാനുകൾ മേയാനിറങ്ങുന്നു
വേട്ടയ്ക്കു വന്ന രാജാവിന്റെ
ചിരിയും ചിന്തകളും ആയുധങ്ങളാണ്
വിശപ്പു തീരാത്ത അമ്പുകൾക്കിടയിൽ
ചെമ്പരത്തികൾ പൂക്കുന്നു
ചെമ്പട്ട് മൂടി പുഴയൊഴുകുന്നു....

ഹൃദയത്തിലെ വരണ്ടമുറിയിൽ
ഘടികാരത്തിന്റെ മിടിപ്പു മാത്രം.
ബോധങ്ങളറ്റുപോയ ശിരസ്സിൽ
കുത്തിനിറച്ച പ്രത്യയശാസ്ത്രങ്ങൾ.
മഴവില്ലും ജലകണങ്ങളും
അവർ തന്നെ തിരിച്ചെടുക്കുന്നു
മിന്നൽപിണരുകൊണ്ട്
കാടിന്റെ ഇടനെഞ്ച് പൊട്ടുന്നു
കാട്ടാറിന്റെ ഹൃദയത്തിൽ.
മൗനത്തിന്റെ
കലങ്ങി മറിഞ്ഞ കയങ്ങൾ

പുഴയിൽ നിന്നും
ഒരുപാട് മുത്തെടുത്ത്
ഒരു മാല കോർത്ത്
നെഞ്ചിൽ ചാർത്തുക!

# കവിതാലോകത്തെ ഒററയാൻ

മലയാള കവിതാസാഹിത്യത്തിലെ പതിവുരീതികളെയും ആ രീതികൾ നമ്മിലുണ്ടാക്കിയ വികലമായ കാഴ്ചപ്പാടുകളെയും കടപുഴക്കിയെറിഞ്ഞ കവിശ്രേഷ്ഠനായിരുന്നു വൈലോപ്പിള്ളി ശ്രീധരമേനോൻ. മൗലികമായ വീക്ഷണവും കാവ്യരീതിയും ഈ ഒറ്റയാൻെറ പ്രത്യേകതകളായിരുന്നു. ആത്മസംഘർഷവും മാനവിക സ്നേഹവും പ്രോജ്ജ്വലിക്കുന്ന എത്രയെത്ര കവിതകളാണ് മലയാള സാഹിത്യത്തിന് അദ്ദേഹത്തിൽനിന്നും ലഭിച്ചിരിക്കുന്നത്!

മലയാളനാടിൻെറ വൈകാരികബന്ധങ്ങളും ഇവിടുത്തെ സമൃദ്ധമായ സാംസ്കാരിക ഭാവങ്ങളുമായിരുന്നു അക്കവിതകളുടെയൊക്കെ മൗലികമായ മുഖമുദ്ര. 'മാമ്പഴ'ത്തിലൂടെ നേർത്ത മാനുഷികഭാവങ്ങൾ ആവിഷ്കരിച്ച കവി തന്നെയാണ് പരുക്കൻ അവസ്ഥയുടെ വിഹ്വലതകൾ നിറഞ്ഞ ഈരടികൾ നെയ്തെടുത്തതും. മാറിവരുന്ന കാലത്തിൽനിന്നും അകന്നുമാറി പഴമയിൽതന്നെ മുഖംകുത്തി നിന്ന എത്രയോ കവികൾ ഇവിടെ ഉണ്ടായിട്ടുണ്ട്. പോയകാലത്തെക്കുറിച്ചോർത്ത് കണ്ണീരൊഴുക്കി, വിലാപഗീതങ്ങളും രചിച്ച് കൂടുന്ന അക്കൂട്ടരിൽ നിന്നും മാറിനിന്നുവെന്നതാണ് വൈലോപ്പിള്ളിയെയും അദ്ദേഹത്തിൻെറ കവിതകളെയും അനശ്വരമാക്കുന്ന ഘടകം.

കാണാപ്പുറത്തേക്ക് ദൃഷ്ടികളയച്ച കവിയായിരുന്നു വൈലോപ്പിള്ളി. സൗന്ദര്യത്തിൽ വൈരൂപ്യത്തേയും വൈരൂപ്യത്തിൽ സൗന്ദര്യത്തേയും കണ്ടെത്താൻ അദ്ദേഹത്തിന് കഴിഞ്ഞതും അതുകൊണ്ടുതന്നെ. സങ്കൽപങ്ങൾക്കുമേൽ ശാസ്ത്രബോധം പ്രതിഷ്ഠിക്കാൻ സാധിച്ചപ്പോൾ അദ്ദേഹം 'സംക്രമണപുരുഷ'നായിത്തീരുകയും ചെയ്തു.

''ശക്തിതൻ ഭൂകമ്പങ്ങൾ ചമയ്ക്കും ശാസ്ത്രങ്ങളും
സത്യസൗന്ദര്യ സ്വർഗം തുറക്കും കലകളും'' -എന്ന 'അമ്മയുടെ പുഞ്ചിരി'യിലെ വരികൾ ശ്രദ്ധേയമാണ്. വസ്തുനിഷ്ഠമായ അന്വേഷണത്തിലൂടെയാണ് ഈ കവി തൻെറ ദർശനങ്ങൾ ചമച്ചത്. ഈ ദർശനാടിസ്ഥാനത്തിൽ കൊരുത്തെടുത്ത വാക്കുകൾ നോക്കുക: ''പ്രകൃതിയിൽ വിശ്വഹൃദയത്തിൻെറ മിടിപ്പും പരമാത്മാവിൻെറ മുഖവും കാണുന്ന പ്രകൃത്യുപാസകന്മാരായ കവികളുണ്ട്. എനിക്ക് ആ ദർശനം നഷ്ടപ്പെട്ടിരിക്കുന്നു. ഹൃദയത്തിലും മുഖത്തും അതിരറ്റ വാ സല്യവും ക്രൂരതയും കാണുന്നതോടൊപ്പം പുള്ളിമാനിനു പിന്നിലെ പുള്ളിപ്പുലിയെയും വസന്തവായുവിലെ വസൂരിരോഗാണുക്കളെയും കാണാതിരിക്കാൻ എനിക്കാവില്ല''- ഇവിടെ മുഴങ്ങുന്ന ആത്മാർത്ഥതയുടെയും ആർജ്ജവത്വത്തിൻെറയും താളം തന്നെയാണ് വൈലോപ്പിള്ളിയുടെ ഒട്ടുമിക്ക കവിതകളുടെയും ജീവധാര

പഴമയെ പൂർണ്ണമായും നിരാകരിക്കുകയല്ല കവി. മറിച്ച് അതിൻെറ അടിത്തറയിൽ നിന്നുകൊണ്ടുതന്നെ പുതുകാലത്തെ കൈനീട്ടി സ്വീകരിക്കുകയാണ്. ഈടുവെപ്പുകൾ വിനഷ്ടമാവുമ്പോഴും പുതുതായി സൃഷ്ടിക്കപ്പെടുന്ന നാടിൻെറയും ജനതയുടെയും കരുത്തിൽ കവി സംതൃപ്തനാകുന്നു. സർപ്പക്കാട്ടിലെ പൊത്തുകളിൽ അഭയം തേടിയ നാഗത്തിനേക്കാൾ ഭൂമിയുടെ ജൈവപരമായ നിലനിൽപിൽ പങ്കുവഹിക്കുന്ന ഞാഞ്ഞൂലുകളാണ് പ്രധാനമെന്ന് കവി മനസ്സിലാക്കുന്നു. സർപ്പക്കാടിനെ ചുട്ടുചാമ്പലാക്കുമ്പോൾ യാതൊരു വ്യഥയും കവിയെ അലട്ടുന്നില്ലെന്നോർക്കണം. ''മനുഷ്യപ്രേമാത്മകമായ ശാസ്ത്രബോധമാണ് വൈലോപ്പിള്ളിക്കവിതയുടെ പ്രത്യേകത''യെന്ന എം.എൻ. വിജയൻെറ അഭിപ്രായം അർത്ഥവത്താണ്.

ശാസ്ത്രം മാനവിക ക്ഷേമത്തിനുപകരിക്കണമെന്നായിരുന്നു കവിയുടെ ആഗ്രഹം. അദ്ദേഹത്തിൻെറ യുദ്ധവിരുദ്ധ കവിതകൾ ഇതിനു തെളിവാണ്. ശാസ്ത്രത്തിൻെറ പിഴച്ച സഞ്ചാരത്തെ അദ്ദേഹം നിശിതമായെതിർത്തു. ആധുനിക കാലത്ത് സമാധാന സം ഭങ്ങൾക്ക് വന്നുഭവിച്ച ദുഃസ്ഥിതി 'ബിയില്ല' എന്ന കവിതയിൽ പ്രകടമാണ്.

''ആഹവരക്തക്കളങ്ങളിൽ കാണായ്
ലോകസമാധാന മാടപ്പിറാവിനെ
ആയതിൻ ചഞ്ചുപദങ്ങളിൽ കുങ്കുമച്ചായം കലർത്തിയിരുന്നു രണ്ടാമണം''

എല്ലാറ്റിനേയും അതിജയിച്ച് മുന്നോട്ടുകുതിക്കുന്ന മനുഷ്യൻെറ കരുത്തിലാണ് കവിയുടെ സർവപ്രതീക്ഷയും. ജനതയുടെ ബലത്തെക്കുറിച്ച് ഉറച്ച ബോധം ഹൃദയത്തിൽ കത്തി നിൽക്കുമ്പോൾ 'മർത്ത്യവീര്യമീയ യെ വെല്ലു'മെന്ന് കവി മനസ്സറിഞ്ഞ് **പാടുന്നു.**

കെ.പി. അജയൻ



# കോട്ടയത്ത് എത്ര മത്തായിമാരുണ്ട്

## അല്പം മത്തായി പുരാണം

ബ്രഹ്മാണ്ഡമായ ഇഹലോകത്ത് ഒരുപാട് പൊടിപ്പൊടി മനുഷ്യർ. ചില മനുഷ്യർ കരുതുന്നു തങ്ങൾ പൊടിപ്പൊടിയല്ല, വലിയ പൊടിയാണെന്ന്. ഈ പൊടിപ്പൊടി മനുഷ്യരും മറ്റേ മനുഷ്യരും പണിഞ്ഞിട്ടും പണിഞ്ഞിട്ടും തീരാത്ത ബ്രഹ്മാണ്ഡമായ ഇഹലോകത്ത് ഇനിയും കുറെ പണികൾ നിർവ്വഹിക്കാനുള്ളതുപോലെ...

ചില മനുഷ്യരുടേതു കതിരു തേടുന്ന പണി. ചിലരുടേതു പതിരു തേടുന്ന പണി. മറ്റു ചിലർ തേടുന്നതു കതിരാണെങ്കിലും നേടുന്നതു പതിരാവും. അതുപോട്ടെ. പതിരു പണിയുന്നവരുടെ കണ്ണിൽ കതിരു പണിയുന്നവരുടേതു പതിരുപണിയാണെന്നതും മറിച്ചും തോന്നുന്നതു വേറെ കാര്യം.

അങ്ങിനെ, പണിയും പണിയില്ലായ്മയും നിമിത്തം കുറെ പൊടിപ്പൊടി യാത്രകൾ. ആ യാത്രകൾക്കായി കുറെ തവണത്തെ വേഷം അണിയലും വേഷം അഴിക്കലും.

ഏതാനും യാത്രകൾ അഥവാ കുറെ വേഷം അണിയലും അഴിക്കലുമാണ് ജീവിതം എന്നപോലെ... അതുകൊണ്ട് ഇഹലോകത്തിലെ ഈ കൊച്ചുകൊച്ചു യാത്രകൾക്കിടയിൽ ചെയ്യുന്ന പണിയെന്ത് എന്നതിനു പ്രാധാന്യമേറുന്നു... കതിരു പണിയണമോ... പതിരു പണിയണമോ? തെരഞ്ഞെടുക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും അവരവർക്കുള്ളത്.

മുൻചൊന്നമട്ടിലുള്ള പലമാതിരി മനുഷ്യർ ഏതാനും തവണത്തെ പൊടിപ്പൊടി യാത്രകളും വേഷമണിയലും അഴിക്കലും കഴിഞ്ഞ് വലിയൊരു നീണ്ട യാത്ര... അതോടെ ജീവിതം ശുഭം. ആ വലിയ യാത്രയ്ക്കായി ചെറിയ യാത്രാ റിഹേഴ്സലുകൾ ജീവിതം എന്ന പേരിൽ നടത്താൻ വിധിയ്ക്കപ്പെട്ട പാവം മനുഷ്യർ... യാത്രകൾക്കിടയിൽ പതിരുപണിയണമോ കതിരു പണിയണമോ എന്നു തെരഞ്ഞെടുക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും മാത്രം മനുഷ്യനുള്ളത്...

ഇത്തരത്തിലുള്ള ഒരവസ്ഥയിലെ ഒരു പൊടിപ്പൊടി മനുഷ്യനോ വലിയ പൊടി മനുഷ്യനോ ആയ മത്തായിമത്തായിയെ കുറിച്ചാണ് ഈ നാടകം.

ഇഹലോകത്തിലെ മേൽപടി പണികളിൽനിന്നും റിട്ടയർ ചെയ്തവർക്കും റിട്ടയർ ചെയ്യാനിരിക്കുന്നവർക്കും തുടക്കക്കാർക്കും ഒരിയ്ക്കൽ മത്തായി മത്തായിയുടെ ജീവിതത്തിലെ നാടകീയ മുഹൂർത്തങ്ങൾക്ക് സമാനമായ നിമിഷങ്ങളിലൂടെ കടന്നുപോകേണ്ടിവരും. അതെ, എല്ലാ മനുഷ്യർക്കും ജീവിതത്തിൽ മത്തായിയുടേതിനുതുല്യമായ അവസ്ഥയിലെത്തിച്ചേരുന്ന ഒരു മുഹൂർത്തം അനിവാര്യമാണ്.

നമ്മിൽ ഓരോരുത്തരിലും ഒരു മത്തായിമത്തായി ഉണ്ടല്ലോ. ആ മത്തായിമത്തായിയെക്കുറിച്ചുള്ളതുകൂടിയാണ് ഈ നാടകം.

'ഹലോ. അതെ മത്തായി തന്നെ. ഏത് മത്തായിയാണെന്നോ. അറിയില്ലേ മത്തായി മത്തായി അടിമാലി. എ റിട്ടയേർഡ് ഫെലോ!'

—ടെലിഫോൺ ഡയറക്ടറിയിൽ നിന്നും കിട്ടിയ നമ്പറുകളിലെല്ലാം മത്തായി കറക്കിക്കൊണ്ടിരുന്നു. അപ്പുറത്ത് ഫോണെടുത്തവരോടെല്ലാം സുഖവിവരമന്വേഷിച്ചു; അവർക്കൊക്കെ തന്നെ പരിചയപ്പെടുത്തി.

O

ജോലിയിൽനിന്നും റിട്ടയർ ചെയ്തപ്പോൾ സൂക്ഷിച്ചുവെക്കാൻ ഒരു ഫോട്ടോയെടുക്കണമെന്ന് മത്തായിക്ക് ആഗ്രഹം. അകത്തേക്കു നോക്കി അയാൾ വിളിച്ചു. 'എടിയേയ് നമുക്കൊരു ഫോട്ടോ എടുക്കാൻ പോകാം. നീയൊന്ന് വേഗമൊരുങ്ങിക്കേ'.

അകത്തുനിന്നും മറുപടി: 'കിഴവൻ എന്തോന്നിനാ കിടന്ന് വെകിളിപിടിക്കുന്നെ. ഫോട്ടോ എടുക്കാൻ വരണമെന്നോ. ഇതിയാനെന്നാ തലയ്ക്കു നല്ല വെളിവില്ലേ.'

ഈർഷ്യ തോന്നിയെങ്കിലും ഒന്നും പറയാതെ അയാൾ നടന്നു.

O

മത്തായിയുടെ പ്രകൃതവും ചലനവും നമ്മെ ചിരിപ്പിക്കുന്നു. പക്ഷേ, അയാളുടെ മാനസികാവസ്ഥകൾ നാം മനസ്സിലാക്കാതെ പോകുന്നു. റിട്ടയർ ചെയ്തപ്പോൾ മത്തായി എത്തിപ്പെടുന്ന അവസ്ഥയാണിത്. സ്വന്തം കുടുംബത്തിൽ പോലും തലയ്ക്കു വെളിവില്ലാത്തവനെന്നതിലപ്പുറം അയാളൊന്നുമാകുന്നില്ല. ഔദ്യോഗിക ജീവിതകാലത്തെ യാന്ത്രികതയും ഇപ്പോൾ ഒന്നും ചെയ്യാനില്ലാത്ത അവസ്ഥയും അയാളെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു. തന്റെ സത്വത്തെ തിരിച്ചറിയാനുള്ള ശ്രമത്തിലാണ് പിന്നീടയാൾ. അതിനായി എന്തെല്ലാമോ ചെയ്

ജോൺ അബ്രഹാം



തുകൂട്ടുന്നു.

പക്ഷേ, കാലമെന്ന സത്വം മത്തായിയെ വിടാൻ ഭാവമില്ല. ഇങ്ങിനെയിരിക്കെയാണ് ടെലിഫോൺ മത്തായിയുടെ ജീവിതത്തിലേക്കു കടന്നുവരുന്നത്. ഒരു നല്ല സുഹൃത്തിനെ ലഭിച്ചപ്പോൾ അയാൾ തുള്ളിച്ചാടി. 'എടിയേ്. നമുക്ക് ടെലിഫോൺ കിട്ടി. നീയൊന്നിങ്ങോട്ടു വന്നു നോക്കിക്കേ.'

അകത്തു നിന്നും മറുപടി: 'ഈ മുതുക്കനെന്നാത്തിനായിങ്ങനെ വിളിച്ചുകൂവുന്നെ. ടെലിഫോൺ കിട്ടിയെന്നാകിൽ എടുത്ത് അതിയാൻെറതന്നെ തലയിലോട്ടുവച്ചേര്.'

ടെലിഫോൺ ഓപ്പറേറ്റർ അതുകേട്ടോ. മത്തായി വല്ലാതെയായി. അഡ്ജസ്റ്റു ചെയ്യാനായി പിന്നെ ശ്രമം. 'അല്ലേലും അവളൊരു വലിയ തമാശക്കാരിയാ ഇടയ്ക്കൊക്കെ അവളിങ്ങനെ പറയുന്നതു കേൾക്കാൻ എനിക്കു വലിയ രസമാ.'

പാവം മനുഷ്യൻ.

ഫോണുമായുള്ള ആത്മബന്ധം തുടർന്നുകൊണ്ടിരിക്കെ മത്തായിയുടെ ഉള്ളിൽ പുതിയൊരാശയം മുളപൊട്ടി — ആ ദേശത്തുള്ള സകലമാന മത്തായിമാരെയും കണ്ടെത്തി ഒരു സർവമത്തായി വിജ്ഞാനകോശം പുറത്തിറക്കുക.

പിന്നെ താമസിച്ചില്ല. അയാൾ സർവമത്തായി വിജ്ഞാനകോശകാരനായി. (പിന്നീടങ്ങോട്ട് അഭിസംബോധനയും അങ്ങിനെയാണ്). ഡയറക്ടറിയിൽ കണ്ട മത്തായിമാർക്കെല്ലാം ഫോൺ ചെയ്തു. ഫോണില്ലാത്ത ഒരുപാട് മത്തായിമാർ വേറെയുമുണ്ടാകുമെന്നറിഞ്ഞത് വൈകിയാണ്. പിന്നെ പാർട്ടി ഓഫീസുകളുടെയും ജനനരജിസ്ട്രാർ ഓഫീസുകളുടെയും നമ്പറുകൾ പരതി. വിശ്രമമെന്തെന്നറിയാതെ ഫോൺ മത്തായിക്കുമുമ്പിൽ അരുമയായി നിന്നുകൊടുത്തു.

കോമാളിവേഷം കെട്ടിയും അനിയന്ത്രിത ഭാവങ്ങളെ ആശ്ലേഷിച്ചും പൊരുത്തപ്പെടാനുള്ള യത്നത്തിലാണ് മത്തായി. ഒടുക്കം അതെത്തിനില്ക്കുന്നത് അയാളുടെ ദുരന്തത്തിലുമാണ്. (ഇലക്ട്രിക് കമ്പിയിൽ പിടഞ്ഞു മരിക്കുകയാണ് മത്തായി). വല്ലാത്തൊരാഘാതമായി ആ ദുരന്തം നമ്മെ അനുഭവിപ്പിച്ചാണ് നാടകമവസാനിക്കുന്നത് സർഗശേഷിയില്ലാത്ത നമ്മുടെ കാലഘട്ടത്തിൽ മത്തായിയുടെ മരണം ഒരനിവാര്യതയായിരിക്കാം • ജോൺ ചിത്രങ്ങളിലെ ദുരന്തകഥാപാത്രങ്ങളുടെ അശാന്തഭാവം മത്തായിക്കും കൈവന്നിരിക്കുന്നു.

വേദിയിലെ അനാഡംബരത്വവും സംഭാഷണാദികളിലെ സംഗീത താളവും ഈ നാടകത്തെ ശ്രദ്ധേയമാക്കുന്നു. ഘടികാരത്തിൻെറ യാന്ത്രികമായ ടിക് ടിക് താളം മാത്രമാണ് നാടകത്തിലുടനീളമുപയോഗിക്കുന്ന ഏക പശ്ചാത്തലസംഗീതം. ബുദ്ധിപരമായ ഉയർന്ന അവബോധമാണ് ലാളിത്യത്തിലൂന്നിയുള്ള ഈ രംഗഭാഷയുടെ കരുത്ത്. അതുവഴി അവിസ്മരണീയമായ ഒരു ദൃശ്യാനുഭവമായി നാടകം മാറുന്നു. മത്തായിയെ പൂർണമായി ഉൾക്കൊണ്ട അജയൻെറ അഭിനയസിദ്ധിയെ വാഴ്ത്താതെ പറ്റില്ല.

ജോൺ അബ്രഹാമിൻെറ കഥാപാത്രങ്ങളോട് പൂർണമായ അർത്ഥത്തിൽ നീതിപുലർത്താനും രംഗഭാഷയിൽ തൻെറതായ മൗലികതകൾ കൊണ്ടുവരാനും സാധിച്ചുവെന്നതാണ് സംവിധായകൻ രഘുവിൻെറ പ്രതിഭാമഹത്വം. അമച്വർ നാടകവേദിയിൽ പുതിയൊരു പാലുകീറിയതിൽ തിരുവനന്തപുരം നാടകയോഗത്തിന് അഭിമാനിക്കാം. ശക്തവും അവിസ്മരണീയവുമായ ചുവടുവെപ്പാണിത്. സംശയമില്ല.



കോട്ടയത്ത് എത്ര മത്തായിമാരുണ്ട്
നാടകത്തിൽനിന്ന്



സംവിധായകൻ രഘു

# ലെബനോണിൽ നിന്ന്

ദുരന്തങ്ങളുടെ ദുഃഖഭൂമിയാണ് ലെബനോൺ.

യുദ്ധവിമാനങ്ങളുടെ കാതടപ്പിക്കുന്ന ഇരമ്പലും നിലയ്ക്കാത്ത വെടിയൊച്ചകളും കേട്ട് പിറക്കുന്ന അവിടുത്തെ കുഞ്ഞുങ്ങൾ. ജീവിതത്തിന്റെ ഊടും പാവുമായിത്തീർന്ന, ദാരിദ്ര്യവും പട്ടിണിയും സഹിച്ച് മരണതുല്യം നാൾകഴിക്കാൻ വിധിക്കപ്പെട്ട കുഞ്ഞുങ്ങൾ. ചരിത്രത്തിൽ തുല്യതയില്ലാത്ത വിനാശത്തിന്റെയും വിപത്തിന്റെയും ആയിരമായിരം ദൃശ്യങ്ങൾ കണ്ട് മനസ്സ് വിറങ്ങലിച്ചുപോയ ജനലക്ഷങ്ങൾ-ഭാവിയെക്കുറിച്ച ഭയാശങ്കളാൽ ആകുലമായ നെടുവീർപ്പുകളയച്ച് വരുംകാല വിപത്തുകൾക്ക് കാതോർത്തിരുന്ന് നിമിഷങ്ങൾ തള്ളിനീക്കുന്ന ഒരു ജനസഞ്ചയത്തെക്കുറിച്ച് ഒരു നിമിഷം ഓർത്തുനോക്കൂ. അബീർ. എട്ടുവയസ്സുള്ള ഒരു കൊച്ചു ബാലിക തന്റെ ഇളയ സഹോദരങ്ങളെ തീറ്റിപ്പോറ്റാൻ ഒരു വീട്ടിൽ വേലയ്ക്കുനിൽക്കുകയാണ്. യുദ്ധത്തിൽ വധിക്കപ്പെട്ട പിതാവ് അനാഥമാക്കി വിട്ടേച്ചുപോയ കുടുംബത്തെ പരിരക്ഷിക്കേണ്ട ഭാരിച്ച ചുമതല സ്വയം കയ്യേൽക്കാൻ വിധിക്കപ്പെട്ട അബീറിന്റെ വാക്കുകളിൽതന്നെ ആ ജീവിതകഥ കേൾക്കൂ:

"ഒരുകൊല്ലം മുമ്പാണ് എനിക്ക് സ്കൂൾ വിടേണ്ടിവന്നത്. സ്കൂളിലെ ഫീസ് കൊടുക്കാൻ ഉമ്മക്ക് കഴിയുമായിരുന്നില്ല. എന്റെ സഹോദരങ്ങളെ തീറ്റിപ്പോറ്റാനുള്ള കഴിവും എന്റെ ഉമ്മക്കുണ്ടായിരുന്നില്ല. അങ്ങിനെ എന്റെ ഉമ്മയെ സഹായിക്കാൻ എനിക്കൊരു തൊഴിൽ തേടേണ്ടിവന്നു. എട്ടുവയസ്സുകാരിയായ ഞാൻ എന്തു ജോലി ചെയ്യാനാണ്? ഏതെങ്കിലും വീട്ടിൽ ജോലിക്ക് നിൽക്കുക മാത്രമാണ് എനിക്കു പറ്റിയ പണിയായി ഞാൻ കണ്ടത്. എന്റെ ആങ്ങളമാർ കൊച്ചുങ്ങളാണ്. വിശപ്പ് അവരെ കാർന്നുതിന്നുന്നു. അവരെ ഞാനെങ്ങിനെ കൈവിടും. വേലക്കാരിയായി നിന്നാൽ എനിക്ക് ഒരു ദിവസം നൂറ് 'ലീറ' കിട്ടും അതുകൊണ്ട് ഞാനെന്റെ കൊച്ചാങ്ങളമാർക്ക് റൊട്ടിവാങ്ങും. വിശന്ന വയറോടെ അവർക്ക് ഉറങ്ങേണ്ടിവരില്ലല്ലോ!"

"എന്റെ ചെറിയ സഹോദരന് ഇടാൻ ചെരുപ്പില്ല. വരുന്ന മാസം അവന് ഒരു ജോഡി പുതിയ ചെരുപ്പ് വാങ്ങാൻ എനിക്കാഗ്രഹമുണ്ട്. ഞാൻ ജോലിചെയ്യുന്ന വീട്ടിലെ അഫാഫ് ഇത്ത എന്റെ ആങ്ങളമാർക്ക് പുതുവസ്ത്രം വാങ്ങിത്തരാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ, ഇനി വാങ്ങിത്തരികയില്ലെങ്കിൽ ഞാൻ അധികസമയം ജോലി ചെയ്യും. ആ അധികക്കൂലികൊണ്ട് ഞാൻ എന്റെ ആങ്ങളമാരുടെ ആവശ്യങ്ങൾ നിറവേറ്റും. നൂറു ലിറ കൊടുത്താൽ എന്റെ കൊച്ചനിയന് ചെരിപ്പുകിട്ടും. പക്ഷേ, ഞങ്ങളുടെ പക്കൽ കാശില്ല. ലോകം മുഴുവൻ യുദ്ധത്താൽ നിറയുന്നതിനുമുമ്പ്, ജനങ്ങളുടെ പക്കൽ കാശുണ്ടായിരുന്നു. ഉപ്പ ഞങ്ങൾക്കെല്ലാം വാങ്ങിത്തരുമായിരുന്നു. ഞാൻ അന്ന് സ്കൂളിലും പോവാറുണ്ടായിരുന്നു! സ്കൂളിൽ പോകാൻ എനിയ്ക്കെന്ത് ഇഷ്ടമായിരുന്നുവെന്നോ! ഒരു ഡോക്ടറോ എഞ്ചിനീയറോ ആവണമെന്നായിരുന്നു എന്റെ മോഹം. ആ നല്ലകാലമെല്ലാം അസ്തമിച്ചു. ഉപ്പ യുദ്ധത്തിൽപ്പെട്ട് മരിച്ചുപോയി. മരിക്കുന്നതിനുമുമ്പ് ഉപ്പ എനിക്കെന്തെല്ലാം വാഗ്ദത്തം ചെയ്തിരുന്നുവെന്നോ!

ജനങ്ങളെന്തിനാണ് പരസ്പരം പടവെട്ടുന്നത്! ഞങ്ങൾ എന്നും വെടിയൊച്ചകൾ കേൾക്കുന്നു. ടാങ്കുകളും മിസൈലുകളും പോർവിമാനങ്ങളും ഞങ്ങളുടെ ജീവിതം തുലച്ചു. ഞങ്ങൾ നശിക്കുന്നു. നരകയാതന അനുഭവിക്കുന്നു. എന്നെപ്പോലെ നിരവധി കുഞ്ഞുങ്ങൾ വിശപ്പടക്കാൻ ഇതുപോലെ ജോലി ചെയ്യുന്നുണ്ട്. എന്റെ ഉമ്മ പാവമാണ്. എന്നും കുറേനേരം ഇരുന്ന് കരയും. പകൽ മുഴുവനും ജോലി ചെയ്താലും ഞങ്ങളുടെ ആവശ്യങ്ങൾക്ക് മതിയായ വക കിട്ടാത്തതുകൊണ്ടായിരിക്കും ഉമ്മ കരയുന്നത്. എന്റെ ആങ്ങളമാർ ചെറുതല്ലേ? അവർക്കൊന്നും അറിഞ്ഞുകൂടല്ലോ. അവരുടെ ആവശ്യങ്ങൾ നിരവധിയാണ്. ജോലി കഴിഞ്ഞെത്തിയാൽ എന്നും വൈകുന്നേരം ഞാൻ എന്റെ ഉമ്മയോടും ആങ്ങളമാരോടും ഒപ്പം ഇരിക്കും. അപ്പോൾ തുടങ്ങും ആങ്ങളമാർ ഓരോരോ ആവശ്യം ഉന്നയിക്കാൻ. ഉമ്മ കരച്ചിലും തുടങ്ങും. എന്റെ ഉമ്മയുടെ കണ്ണീർ എന്നാണ് ഒന്ന് തോർന്നു കാണുക. ഉമ്മ എന്തിനാണ് കരയുന്നത്? നമ്മളും മറ്റുള്ളവരെപ്പോലെയല്ലേ? എന്റെ കൂടെ പഠിച്ച എത്രയോ പെൺകുട്ടികൾ ഇങ്ങിനെ വീടുകളിൽ വേലക്ക് നിൽക്കുന്നുണ്ടല്ലോ എന്ന് ഒരു ദിവസം ഞാൻ ചോദിച്ചപ്പോൾ ഉമ്മ പറയുകയാണ്; 'നിന്റെ പഠനം മുടങ്ങരുതെന്നായിരുന്നു എന്റെ ആഗ്രഹം. നിന്റെ മോഹങ്ങളെല്ലാം പൂർത്തീകരിച്ചു തരണമെന്നുണ്ടായിരുന്നു ഈ ഉമ്മക്ക്. അതിനു കഴിഞ്ഞില്ലല്ലോ എന്നോർക്കുമ്പോൾ സങ്കടംകൊണ്ട് കരഞ്ഞുപോകുകയാണ്. പിന്നെ കൊച്ചുന്നാളിലേ എന്റെ പൊന്നുമോൾ ഇങ്ങിനെ എല്ലുമുറിയെ ജോലിചെയ്യേണ്ടിവന്നല്ലോ എന്നോർക്കുമ്പോൾ ഉമ്മയുടെ സങ്കടം ഇരട്ടിക്കുന്നു!' -ഉമ്മക്ക് ഒരുമ്മ കൊടുത്ത് ഞാൻ പറഞ്ഞു.

ഉമ്മ കരയേണ്ട. എന്നെങ്കിലും ഒരു നാൾ ഈ യുദ്ധം നിൽക്കും. എനിക്ക് വീണ്ടും സ്കൂളിൽ പോകാൻ കഴിയും. ആ പഴയ സുന്ദരദിനങ്ങൾ തിരിച്ചുവരും."


പി.കെ.ജെ

യുദ്ധഭൂമിയിൽനിന്നും ഒരു കൊച്ചു പെൺകുട്ടിയുടെ ഹൃദയവ്യഥകൾ.



# മലബാറിന്റെ വർത്തമാനം


## സൂചനകളും ദൃശ്യങ്ങളും



മലബാറിൻെറ ഉള്ളറകളിലേക്ക് ഒരു യാത്ര. ദൃശ്യങ്ങൾക്കും സൂചനകൾക്കുമിടയിൽ ചില സത്യങ്ങളുണ്ട്. നാം അറിയാതെ പോകുന്ന പരുക്കൻ യാഥാർത്ഥ്യങ്ങൾ. മലബാറിൻെറ പഴയകാല പെരുമകളോടൊപ്പം ഇതും മനസ്സിലുറപ്പിച്ചേക്കുക.

— എഡിറ്റർ

# കോഴിക്കോട്



ദൃശ്യം ഒന്ന്

കല്ലായിപ്പുഴ. നഗരത്തിൻെറ ഉദയാസ്തമയങ്ങൾക്കൊരു മാപ്പുസാക്ഷി.

## കോഴിക്കോടിനെപ്പറ്റി

**ജയകുമാർ**

ഈ നഗരത്തിന് അധഃപതനമേ ഉണ്ടായിട്ടുള്ളു. തീരെ വളർന്നിട്ടില്ല. എന്തെങ്കിലും നടന്നെങ്കിൽ ബാഹ്യമായി മാത്രം. മൊഫ്യൂസിൽ ബസ്റ്റാൻറ്, രാജപാതകൾ, കൂറ്റൻ കെട്ടിടങ്ങൾ — ശരിയാണ് പുറമേയ്ക്കു വളർച്ചയുണ്ട്. പുതുതായി പലതും വന്നിട്ടുമുണ്ട്. പക്ഷേ, ജനങ്ങളുടെ അവസ്ഥയെന്താണ്? അവരുടെ ജീവിതപരിതസ്ഥിതിയിൽ വല്ല മാറ്റവും വന്നോ? സത്യത്തിൽ അവരുടെ ജീവിതം കൂടുതൽ ദുഷ്കരമാവുകയായിരുന്നില്ലേ? മരവിച്ച വ്യാപാരരംഗം അങ്ങിനെ തന്നെ കിടക്കുന്നു. ചേരികളും ലഹരിയും പിടിവിടാതെയുണ്ട്. ഗതാഗത-വൈദ്യുതികാര്യങ്ങളിൽ ഇപ്പോഴും പിന്നോക്കാവസ്ഥ തന്നെ. എല്ലാറ്റിനും നമുക്കൊരു കാരണം പറയാം— സാമ്പത്തികപരാധീനത. സമ്മതിക്കുന്നു. ദേശീയവരുമാനം വർധിക്കാതെ അടിസ്ഥാനമാറ്റം നടന്നോളണമെന്നില്ല. പക്ഷേ, അതിനിടയിലും ഒന്നു മറക്കരുത്. ആവശ്യങ്ങൾ പെരുകുമ്പോഴും പൂട്ടിപ്പോകുന്ന വ്യവസായങ്ങളാണിവിടെ. ഒരർത്ഥത്തിൽ ഇത് മഹാപാതകമാണ്.

നഗരത്തിലുള്ളവർ കുറെയൊക്കെ സുകൃതം ചെയ്തവരാണ്. അവർക്ക് പ്രതികരണവും മീഡിയകളുമുണ്ട് (കുറെയേറെ പത്രസ്ഥാപനങ്ങൾ ഈ നഗരത്തിലുണ്ട്.). ഗ്രാമങ്ങളിലെ അവസ്ഥയോ? എങ്കിലും ഒന്നുറപ്പിച്ചു പറയാം. കോഴിക്കോടൻമനസ്സ് നന്മ നിറഞ്ഞതാണ്. കുറെയൊക്കെ സ്വതന്ത്രമായി ചിന്തിക്കുന്നവരുമാണ്.

ഇനി പറയട്ടെ, ഈ നഗരത്തിനാവശ്യം സാമ്പത്തികമായ നല്ലൊരു മുതൽമുടക്കാണ്. അല്പം ദീർഘവീക്ഷണവും. അങ്ങിനെയേ കോഴിക്കോടിന് ശാപമോക്ഷം ലഭിക്കൂ.

### സൂചന ഒന്ന്

പഴയ തലമുറയും പുറമേയുള്ളോരും ഇന്നും കോഴിക്കോടിനെ അറിയുന്നു. കോഴിക്കോടിനെക്കുറിച്ചോർക്കുമ്പോൾ മരവ്യവസായവും ഹലുവയും കൈലിമുണ്ടും അവർ മനസ്സിൽ ചേർത്തുവയ്ക്കുന്നു. ഉണർന്നുചിരിക്കുന്ന കല്ലായിയുടെ മണവാട്ടിത്തവുമവർ ഓർത്തിരിക്കും. ഇന്നിപ്പോൾ കോഴിക്കോട് ഒന്നുമല്ലാതായിരിക്കുന്നത് അവരറിഞ്ഞിരിക്കുമോ? ഇല്ലെങ്കിൽ അറിയിക്കേണ്ട. സ്വപ്നങ്ങളിലെങ്കിലും ഇവ മായാതെ കിടന്നോട്ടെ.

പെരുമനിറഞ്ഞ നഗരത്തിൻെറ ഹൃദയത്തിലേക്ക് കടൽകടന്നും അല്ലാതെയും വിരുന്നെത്തുന്നത് ലഹരിയാണ്. ഹെറോയിനും ചരസും കഞ്ചാവും കാത്തിരിക്കുന്നവരുടെ നഗരമായി മാറുകയാണ് കോഴിക്കോട്. സദാചാര തകർച്ച സാംക്രമികരോഗംപോലെ തലമുറകളിലേക്കു പകരുന്നു.

ഓർമ്മത്തെറ്റുപോലെ

നമുക്കു മുമ്പിൽ കല്ലായി.


ഇതിൻെറ തീരങ്ങളിൽ ജീവിതം തളിർക്കുന്നേയില്ല. അപ്പുറം കടപ്പുറത്ത് ചേരികൾ. വർഷംതോറും അവ പെരുകിവരുന്നു. വയറെരിഞ്ഞുനിലവിളിക്കുന്ന കുഞ്ഞുങ്ങളും പെരുകുകയാണ്. ചെറുപ്പത്തിലേ ജീവിതം പഠിക്കുന്ന കുഞ്ഞുങ്ങൾ. കടൽ തെളിയുമ്പോഴാണവർക്കു കഞ്ഞിവെള്ളം കിട്ടുന്നത്. അതും കുടിച്ച് ചാളകൾക്കിടയിലെ ഇത്തിരി സ്ഥലത്തവർ കൂട്ടംകൂടി പാടുന്നു. 'അക്കുത്തിക്കുത്താന പെരുംകുത്തക്കര നില്ക്ണ...........'

കടപ്പുറത്തേക്കു കടന്നുവന്ന ഇടനിലക്കാർ പലരും പലതും സ്വന്തമാക്കിയാണ് തിരിച്ചുപോയത്. അതു പോട്ടെ മലബാറിലെ ഐശ്വര്യം നിറഞ്ഞ നഗരമാണിത്. നഗരമധ്യത്തിൽത്തന്നെ വറ്റാത്ത ഉർവരതയുമായി മാനാഞ്ചിറ. ഈ അനുഗ്രഹബിന്ദുവിൽനിന്ന് പുതിയ കൈവഴികളും ശിഖരങ്ങളും നിർമിച്ച് നമുക്കീ നഗരത്തെ മാറ്റിമറിക്കാനാവും. നമുക്കത് അറിയാഞ്ഞിട്ടല്ല. എളുപ്പത്തിൽ ലഭിക്കുന്ന നേട്ടത്തിലാണ് ഇപ്പോഴും നമ്മുടെ കണ്ണുകൾ വിഹരിക്കുന്നത്. അതിനിടയിൽ കുഞ്ഞുങ്ങളുടെ പാർക്കുപോലും കച്ചവടത്തിനു വഴിമാറുന്ന ഗതികേട്........ ഇവിടെ നിഴലുകൾ ഇരുളുകയായിരുന്നല്ലോ.

ജില്ലയുടെ കിഴക്കൻഭാഗങ്ങളിൽ നല്ല വർത്തമാനങ്ങളവസാനിച്ചോ? മനസ്സിൽ പ്രതികാരം മുളപ്പിച്ചുള്ള ഈ കാത്തിരിപ്പിൻെറ അവസാനമെന്തായിരിക്കും? ഈയിടെ തീയെരിഞ്ഞമർന്നപ്പോൾ കുരുതികൊടുക്കപ്പെട്ടവർ എട്ടുപേരാണ്. അനർത്ഥങ്ങൾ ഒന്നുമിനി കേൾക്കാതിരിക്കട്ടെ

സംതൃപ്തിയുണ്ട്. അടഞ്ഞ ഫാക്ടറികളിൽ ചിലതെല്ലാം തുറന്നിരിക്കുന്നു. ജയിച്ചതാരാണ്? എല്ലാവർക്കുമറിയാവുന്ന സത്യമാണിത്. പുറത്തുപറയേണ്ട.

# മലപ്പുറം




അർഹതപ്പെട്ടത് പലതും ലഭിച്ചില്ല. ലഭിച്ചതിൻെറ പിതൃത്വം പോലും മറ്റുള്ളോർ കൊണ്ടുപോയി. മലപ്പുറത്തുകാരൻെറ മനസ്സിൽ വ്യഥയുണ്ട്. എന്നിട്ടു ഞ്ഞുകൊണ്ടവൻ പറയുന്നു; 'എന്തെങ്കിലും ആയ്ക്കോട്ടെ സംഗതി നടന്നാ മതി.'.

തേഞ്ഞിപ്പലത്തെ സർവകലാശാലയുടെയും കരിപ്പൂർ വിമാനത്താവളത്തിൻെറയും മേൽവിലാസം മലപ്പുറത്തിന് കിട്ടിയില്ല. അതിൻെറ പേരിൽ മലപ്പുറം ഒച്ചവച്ചതുമില്ല.

## സൂചന രണ്ട്

നിള വറ്റിവരളുകയാണ്. മാമാങ്കം നടന്ന തീരങ്ങളിൽ പൊലിമയുടെ അവക്ഷിപ്തമെങ്ങാനും ബാക്കിയുണ്ടോ? ചരിത്രത്തിൽ മലപ്പുറം പലതുമാണ്. നെഞ്ഞൂക്കുള്ളവൻെറ നാട്.21 ൽ പൂക്കോട്ടൂരിൽ പൊട്ടിപ്പുറപ്പെട്ട കലാപം. അതു വിതച്ച വാഗൺട്രാജഡിയടക്കമുള്ള ദുരന്തങ്ങൾ. ഓർക്കാൻ പലതുമുണ്ട്.

മലപ്പുറത്തിനിപ്പോൾ വയസ്സ് പത്തൊമ്പതായി പോലും. പിടിച്ചുനിർത്തി ചോദിച്ചുവാങ്ങിയ ജില്ലയാണിത്. ജില്ല രൂപീകരിക്കുന്നതിനെതിരെ ആരെല്ലാമോ ഒച്ചവച്ചിരുന്നു പിന്നെ ക്രമേണ അതൊക്കെ കെട്ടടങ്ങി. വികസനത്തെക്കുറിച്ച മോഹങ്ങളായിരുന്നു ജില്ല വേണമെന്ന മുറവിളിക്കു പിന്നിൽ.

സാധ്യതകളും സ്വാധീനങ്ങളുമേറെയുണ്ടായിരുന്നു. പക്ഷേ, ജില്ല വന്നിട്ടും പലതും നടന്നില്ല.

നിരത്തുകളൊരുപാടുണ്ടായി. കുഗ്രാമങ്ങളിലേക്കു പോലും ജീപ്പുകളുടെ പരക്കംപാച്ചിൽ. മണ്ണിനോടുള്ള ബന്ധം മലപ്പുറത്തുകാരുടെ മനസ്സിൽ നിന്നും ചോർന്നുപോയെന്ന് തോന്നുന്നു. കാർഷികവൃത്തി ക്ഷയിച്ചു. ലാഭകരമല്ലാത്തുകൊണ്ടാവാം. നേർത്ത ചില ഭാവങ്ങളും ഉൾനാട്ടുകാരനിൽനിന്നും ചോർന്നുപോകുന്നുണ്ടോ?

ഇടക്കാലത്ത് പൊടുന്നനെ ചില വികസനങ്ങൾ നടന്നു. ഗൾഫിൽ കുടിയേറിയവൻെറ പിൻബലത്തിൽ. പുരോഗതിയുണ്ടായത് ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മാത്രം. മഞ്ചേരി, തിരൂർ, കോട്ടക്കൽ, പെരിന്തൽമണ്ണ, വേങ്ങര, ചെമ്മാട്.... — ഇവയുടെ ഉൾഭാഗങ്ങളിൽ പലതുമിന്നും പിന്നോക്കം തന്നെ.

ഗൾഫിൽനിന്നും പ്രവഹിച്ച സമ്പത്ത് ഉല്പാദനമേഖലയിലേക്കു വന്നില്ല. പൊങ്ങച്ചപ്രകടനമായതു മാറി. പണിതീരാത്ത കെട്ടിടങ്ങളും ഭവനങ്ങളും അതിൻെറ സാക്ഷിയായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ. ഗൾഫ് പണം സൃഷ്ടിച്ച പുത്തൻ സംസ്കാരവും ചിലയിടത്തൊക്കെ ദൃശ്യമാണ്.

പുതിയ വ്യവസായങ്ങൾ വരുന്നി
ഉള്ളവ തന്നെ പൂട്ടിപ്പോകുന്നു. മല
സഹകരണസ്പിന്നിംഗ് മിൽ, വ
ലെതേർസ്, എടപ്പാളിലെ കോക്ക
കോംപ്ലക്സ്, മേലാറ്റൂരിലെ ഇന്ദി
ടൈൽസ്........

ഭാഷാപിതാവടക്കം എത്രയോ
കൾക്ക് ജന്മമേകിയ മണ്ണാണിത്.
അക്ഷരങ്ങളറിയാത്ത എത്രയോപേ
ഇന്നുമിവിടെയുണ്ട്. അടുത്ത കാല
കുറെ മാറ്റം വന്നു. ഓത്തുപുരയും
പള്ളിക്കൂടവും തമ്മിൽ ബന്ധിപ്പി
കഴിഞ്ഞപ്പോൾ അലിഫിനപ്പുറത്തേ
കണ്ണുകളെത്തുന്നു. 'പെൺകുട്ട്യോ
ആവതിനൊത്തു' പഠിപ്പിക്കണമെ
തോന്നൽ വന്നിട്ടുണ്ട്. പഠിപ്പും വി
കൂടുമ്പോഴും മലപ്പുറത്തുകാ
തൻെറ തന്നെ വേരുകളിൽ അ
നാണ് ഇന്നും താല്പര്യം.

മദ്യത്തെ വെറുക്കുന്നവരാണധി
ഫുട്ബോൾ അവൻെറ ലഹരിയാ
മാറുന്നു. കേസും കൂട്ടവും പറഞ്ഞ
നാണു താല്പര്യം. കോടതികളി
വിജനത ഇതുതെളിയിക്കുന്നു.

പരാധീനതകൾ മാറുമായിരി
ഒടുക്കം മനസ്സറിഞ്ഞു ചിരിക്കാ
മലപ്പുറത്തുകാരന് കഴിയുമായിരി

# വയനാട്

1980 നവമ്പർ ഒന്ന്.

കൊട്ടും കുരവയുമായി ജില്ലാ രൂപീകരണം നടന്നു.

എട്ടാം വാർഷികാന്ത്യത്തിലും കൂനിക്കൂടിയിരുന്ന് വയനാട്ടുകാരൻ ചോദിക്കുന്നു. 'തമ്പ്രാക്കളിനിയെന്നാവും വാക്കുനിറവേറ്റുന്നത്?'

കണ്ണൂരിലേക്കും കോഴിക്കോട്ടേക്കും പോകാതെ കാര്യങ്ങൾ നിറവേറ്റാൻ കഴിയുമെന്നതായിരുന്നു ജില്ലയിലൂടെ വയനാട്ടുകാരൻ കണ്ട വലിയ കാര്യം. പക്ഷേ, ജില്ലയുടെ ബോർഡു തൂക്കിയെന്നതിലപ്പുറം തമ്പ്രാക്കളൊന്നും ചെയ്തില്ല.

മലമടക്കുകളിൽ വിയർപ്പൊഴുക്കുന്നവരുടെ ജീവിതം പഴയപോലെതന്നെ. രോഗങ്ങൾ വരുമ്പോൾ നാഴികകൾ താണ്ടേണ്ട ദുർവിധി. (അസുഖങ്ങൾ ദൈവകോപങ്ങളായി കണ്ട് മരണത്തെ കാത്തിരിക്കുന്നോരുമുണ്ട്.) പക്ഷേ, മുക്കിലും മൂലയിലും വന്ധ്യംകരണപ്രവർത്തനങ്ങൾക്കായി എമ്പാടും സൗകര്യങ്ങൾ ചെയ്തിരിക്കുന്നു.

ബിരുദം കിട്ടണമെങ്കിൽ വയനാട്ടുകാരനിന്നും ചുരമിറങ്ങേണ്ടിവരുന്നു. (വയനാടൻ ചുരം പോലും ആ നാട്ടുകാർക്ക് ലഭിച്ചിട്ടില്ലെന്നുമോർക്കുക.) ഡിഗ്രിയും പി.ജി.യുമുള്ള ഒരൊറ്റ കോളെജാണ് ജില്ലയിലുള്ളത് — ബത്തേരിയിൽ.

വയനാടിന്റെ ഉള്ളറകളിൽ ബാക്കിനിന്നിരുന്ന ഹരിതാഭയും മാഞ്ഞുകൊണ്ടിരിക്കുന്നു. അടുത്തുതന്നെ വയനാട് ടൂറിസ്റ്റുകേന്ദ്രമാവുകയാണ്. അതോടെ ഇനിയെന്തെല്ലാമാണിങ്ങോട്ട് ഇറക്കുമതി ചെയ്യപ്പെടുകയെന്ന് കണ്ടറിയണം. കാർഷികമേഖല താളംതെറ്റുമ്പോൾ വയനാടൻ ജനത പട്ടിണിയുടെ വിളികേൾക്കുന്നു. പകരമൊരു തൊഴിൽശാലപോലും അവന്റെ രക്ഷക്കില്ലല്ലോ. മലനിര - കളുടെ നാടിന്റെ ദുർവിധിയാണിത്. ലക്ഷങ്ങൾ ചെലവഴിച്ച് ആദിവാസികളുടെ പേരിൽ മേളകൾ നടക്കുന്നുണ്ട്. അതിനിടയിൽ ഊരുകളിൽ പട്ടിണികിടന്നു മരിക്കുന്ന ആദിവാസിയെക്കുറിച്ചാരറിയാൻ. വയനാട്ടിന്റെ പ്രാകൃതമക്കളുടെ സമുദ്ധാരണമാണുപോലും നടക്കുന്നത്. യഥാർത്ഥത്തിൽ അതുമാത്രമാണോ? ഒരിക്കലുമല്ല. അവരുടെ സാംസ്കാരികചിഹ്നങ്ങളെ തകർത്ത് നമ്മുടെ കപടസംസ്കാരത്തിലേക്കവരെ കൊണ്ടുവരാനാണ് ശ്രമം. അതിൽ നാം വിജയിച്ചുകൊണ്ടിരിക്കുന്നു.



വൈത്തിരിയിലെ ആൽമരവും ചങ്ങലയും. വയനാടൻ മനസ്സുകളിൽ പതിഞ്ഞമർന്ന കഥകളിൽ ചിലതൊക്കെ ഇതിനെ ചുറ്റിപ്പറ്റിയാണ്. അതെന്തെങ്കിലുമാവട്ടെ. ഇന്നിപ്പോൾ ചങ്ങലയുടെ വ്യാപ്തി മരത്തിനപ്പുറത്തേക്കും വലിഞ്ഞെത്തിയിരിക്കുന്നോ? സംശയിക്കേണ്ടിയിരിക്കുന്നു.

# കണ്ണൂർ

## സൂചന നാല്


പടയോട്ടങ്ങൾ പലതും നടന്ന മണ്ണ്. അതിന്റെ സ്മൃതികളെന്നോണം കുടീരങ്ങളിൽ ചിലത് ഇന്നും തലയുയർത്തി നില്ക്കുന്നു.

കണ്ണൂരിനിപ്പോൾ മേന്മകൾ പലതും പറയാം. ജില്ല വന്ന് മുപ്പതോളം വർഷങ്ങൾ നടന്നുപോന്നു. വിസ്തൃതമായ ജില്ലയിൽ നിന്ന് കാസർകോഡ് വേർപെട്ടത് അടുത്തകാലത്താണ്.

കണ്ണൂരിലെ പതിവു കാഴ്ചയിലൊന്നു നോക്കൂ:

ചായ്പിലും പീടികക്കോലായിലും ബീഡിതെറുത്തുകൂട്ടുന്ന സാധാരണക്കാരൻ.

രാഷ്ട്രീയത്തിന്റെ ഉദയാസ്തമയങ്ങൾ കണക്കുകൂട്ടാനാണ് കണ്ണൂർകാരന് താല്പര്യം. ഒരു ചെറിയ രാഷ്ട്രീയവാർത്ത പോലും ദിനങ്ങൾ നീണ്ടചർച്ചയ്ക്കു വകയാണിവിടെ. രാഷ്ട്രീയം ആവേശമായി പതയുമ്പോൾ ചോരതെറിക്കുന്ന പകലുകൾ കണ്ണൂരിൽ ശാന്തി കെടുത്തുന്നു. രാഷ്ട്രീയ സംഘട്ടനങ്ങൾക്ക് ഇവിടെ പുറത്തിറങ്ങുന്ന പരശ്ശതം സായാഹ്നപത്രങ്ങൾ പോലും വലിയ പങ്കുവഹിക്കുന്നതായി കേൾക്കുന്നു. ഇത്രയേറെ രാഷ്ട്രീയ സംഘട്ടനങ്ങൾ നടക്കുന്ന മറ്റൊരു ജില്ലയും മലബാറിലുണ്ടാകുമെന്നു തോന്നുന്നില്ല.



കണ്ണൂർക്കോട്ട. പ്രതിരോധത്തിന്റെയും പ്രത്യാക്രമണത്തിന്റെയും പൈതൃകം ഇന്നും ബാക്കിയുണ്ട്. പക്ഷേ, വഴിമാറിയ താൽപര്യങ്ങളാണവയെ നിയന്ത്രിക്കുന്നത്.

## ദൃശ്യം നാല്

ജോലിക്കിടയിൽ അവർക്കു കൈമാറാനുള്ള വാക്കുകളധികവും രാഷ്ട്രീയത്തെക്കുറിച്ചാവും. നീണ്ട തർക്കങ്ങളിലേക്കു വരെ അതു വഴുതിവീണേക്കാം. അപ്പോഴും കൈകൾ അതിദ്രുതം ചലിക്കുന്നു; മുറത്തിൽ ബീഡികളുടെ എണ്ണം പെരുകുന്നു. വൈകുന്നേരമാകുമ്പോൾ പണിയുംനിർത്തി അടുത്ത പലഹാരക്കടയിൽ കയറി ഒരു പൊതിയെങ്കിലും വാങ്ങിയാവും അവൻ വീട്ടിലേക്കു തിരിക്കുന്നത്. എന്നിട്ടും രാത്രിയിലെ പാർട്ടിവക പരിപാടികൾക്കായ വൻ നേരത്തെതന്നെയെത്തുന്നു.

കണ്ണൂരിന്റെ ദിനങ്ങളിൽ രാഷ്ട്രീയം അത്രയേറെ സ്വാധീനം ചെലുത്തുന്നു. ഇപ്പോൾ പുതിയ തലമുറയ്ക്ക് ക്രിക്കറ്റും കൂട്ടിനുണ്ട്.

ഇതൊക്കെയാണേലും കണ്ണൂർക്കാരന്റെ മനസ്സിലൊരു കനിവുണ്ട്. സഹജീവികളുടെയും പ്രദേശത്തിന്റെയും ആവശ്യങ്ങൾക്ക് പണിയെടുക്കാൻ മുന്നിട്ടിറങ്ങുന്ന മനസ്സാണവന്റെത്

പ്രതികരണവും പ്രതിഷേധവും അവർ കെടാതെ നിലനിർത്തുന്നു. അതുകൊണ്ടു തന്നെ പലതും പിടിച്ചുവാങ്ങാനുള്ള കെല്പുമുണ്ടവർക്ക്. കണ്ണൂരിന്റെ പുരോഗതിക്കുപിന്നിൽ ഇതു നാം കാണാതെ പോകരുത്. നഗരത്തിലും പ്രധാന പട്ടണങ്ങളിലും ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഉപയോഗപ്പെടുത്തി സമഗ്രവികസനത്തിന്റെ ചാലുകീറാൻ സാധിക്കേണ്ടതുണ്ട്. o

സൂചന അഞ്ച്

# പാലക്കാട്.

വയലേലകൾ പലതും തരിശായി മാറുകയാണ്. പൊൻകതിർ വിരിഞ്ഞ മണ്ണിൽ പുതിയ കോൺക്രീറ്റുകാടുകൾ പൊട്ടിമുളയ്ക്കാൻ തുടങ്ങി. കുഴിഞ്ഞകണ്ണുകളുമായി ചായ്പകത്തിരുന്ന് പരിഭവം പറയുന്ന കർഷകൻ: 'ഇപ്പം എങ്ങളെ കാര്യം പറയാൻ ആരൂല്യല്ലോ...'

കുറേക്കഴിയുമ്പോൾ പാലക്കാടിനെക്കുറിച്ച് തലമുറയോർക്കും: 'പണ്ടുപണ്ട് പാലക്കാടൊരു നെല്ലറയായിരുന്നു....'

ജാതിവ്യവസ്ഥയുടെ പ്രേതങ്ങൾ പാലക്കാടൻ കോണുകളിലിന്നും ചുരമാന്തുകയാണ്. ചൂഷണവും പീഡനവുമനുഭവിക്കേണ്ടിവരുന്ന മനുഷ്യപുത്രർ. നിശ്ശബ്ദ താഴ്‌വരയിലെ സിംഹവാലൻ കുരങ്ങുകളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിനുവേണ്ടി എന്തെല്ലാം സമരപരിപാടികളായിരുന്നു നടന്നത്. കുരങ്ങുകളുമായി തട്ടിക്കുമ്പോൾ മനുഷ്യൻ ഒന്നുമല്ലെന്നറിയുന്നതിവിടെയാണ്.

ഇവിടെ പ്രകൃതിയുടെയും മനുഷ്യരുടെയും ഹൃദയം തപിക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് ആന നിന്നാൽകാണാത്ത കാടായിരുന്നുപോലും. ഇപ്പോൾ ചുടുകാറ്റടിക്കുമ്പോൾ മേൽമണ്ണ് കുതറിയോടുകയാണ്. ഒരു വൃക്ഷംപോലും അവശേഷിക്കാതെയായിരിക്കുന്നു. ആനക്കട്ടിക്കടുത്തായി തമിൾ നാടിൻെറ അതിർത്തി. അവിടെ നിറഞ്ഞ വൃക്ഷശേഖരം. കുളിർമ്മയേകുന്ന പച്ചപ്പും • മലഞ്ചെരുവുകളിലും സമതലങ്ങളിലും ചേക്കേറിയ ആദിവാസികളുടെ കാര്യമാണ് ദയനീയം. അവരുടെ പേരിൽ എന്തെല്ലാം തട്ടിപ്പുകൾ നടക്കുന്നു.

അട്ടപ്പാടി കുന്നുകളുടെ ഉച്ചിയിൽ മല്ലീശ്വരൻമുടി. ആദിവാസിദൈവങ്ങൾ കുടിപാർക്കുന്നതവിടെയാണുപോലും. അതെപ്പോഴും പുകഞ്ഞുകൊണ്ടിരിക്കുന്നു. ദൈവങ്ങൾ തലയിൽ ശാപവചനങ്ങൾ ഒരുക്കൂട്ടുകയാവാം. o



ബാക്കിനിൽക്കുന്ന ഈ ഉർവരതയും അസ്തമിക്കുകയായി.



ബേയ്ക്കൽ കടൽതീരം. തീരത്തിനിപ്പുറം നിലാവ് കൈവിട്ട ഭൂമിയും പ്രതീക്ഷയസ്തമിച്ച ജനതയും

സൂചന ആറ്

## കാസർകോട്

യാത്രക്കാരാ, നടന്നോളൂ. നിനക്ക് തെറ്റിയിട്ടില്ല.

പാതയോരങ്ങളിൽനിന്ന് മലയാളവും കന്നടയും തുളുവും ഹിന്ദിയും ഒരുമിച്ചുയരുന്നതു കേൾക്കെ മനസ്സിലുറപ്പിച്ചോളൂ. എത്തിയിരിക്കുന്ന സ്ഥലം കാസർകോഡുതന്നെയാണ്.

മുന്നോട്ടുനടക്കുക. അങ്ങിങ്ങ് കാസർകോഡിൻേറതായ വല്ലതുമൊക്കെ ഇനിയും ബാക്കിനില്ക്കുന്നതു കാണാം. പേരുകേട്ട ചിലതുണ്ട്. അറബിത്തൊപ്പിനിർമാണവും തുകൽവ്യവസായവും. ഇടയ്ക്കെല്ലാം കള്ളക്കടത്തുകാരുടെ ലോഞ്ചുകൾ കടലിനപ്പുറം മിന്നിമറയുന്നതും കാണാം. മറ്റു ജില്ലകൾക്ക് പരിചിതമല്ലാത്ത ചില സാംസ്കാരികാംശങ്ങളും ഇവിടെയുണ്ട്. കാസർകോഡുകാരൻെറ സൂക്ഷിപ്പുമുതലാണിത്. ജില്ല വന്നിട്ട് കുറച്ചേ ആയുള്ളൂ. ആവശ്യങ്ങൾ തെല്ലും നിറവേറ്റപ്പെടാത്തതിൽ കാസർകോഡുകാരൻെറ ഉള്ള് വിലപിക്കുന്നു. നിരാശയുടെ ഈ തുരുത്തിൽ നിന്നുമാണ് പ്രതിഷേധത്തിൻെറ കൊടികളും ദീപശിഖകളും കൈമാറുന്നത്. മനുഷ്യച്ചങ്ങലയും മാർച്ചുകളും അനന്തപുരിയിലേക്ക് നീളുന്നതിവിടെവച്ചാണ്. നഷ്ടസ്വപ്നങ്ങളുടെ ഈ മണ്ണുതന്നെ അതിനു തിരഞ്ഞെടുത്തത് യാദൃശ്ചികമായിട്ടാവും. ആ പാട്ടുകേട്ടോ?

'ദുനിയാവിതെന്ത് പുതുമപ്പറമ്പാണ്
ആലം ഉടയോനേ, ഇതിലെ
ദോഷഗുണങ്ങൾതൻ
സിർറും ഹഖീഖത്തുമാരറിവാനേ!

മൺമറഞ്ഞ കാസർകോഡുകാരൻ കവിയുടെ വരികൾ.

ഇവിടെ 'ഭൂതങ്ങളും', 'പുലിവേഷവും' വിരളമായിരിക്കുന്നു. യക്ഷഗാനങ്ങൾ ഇടയ്ക്കെപ്പോഴെങ്കിലും കേട്ടെങ്കിലായി. സമൂഹപരിഷ്കർത്താക്കളുടെ പിറവി ധന്യമാക്കിയ മണ്ണാണിത്. അതിർത്തിപ്രദേശങ്ങളിൽ വികസനത്തിൻെറ ആദ്യാക്ഷരം കുറിക്കപ്പെട്ടിട്ടേയില്ല. പുതുതായൊന്നും വരുന്നില്ല. പഴയതുസംരക്ഷിക്കുക ദുഷ്കരവും. ഇതാണ് കാസർകോഡിൻെറ ദുരന്തം. എല്ലാം മനസ്സിലൊളിപ്പിച്ചാണ് കാസർകോഡുകാരൻെറ നില്പ്.

അവൻെറ പുകയുന്ന മനസ്സിലിരുന്ന് കവി പാടുന്നു:.

'എൻഗാനം പഴഞ്ചനാണെന്നാകി
ലായ്ക്കൊള്ളട്ടെ;
താങ്കളെൻ പാട്ടിനെന്നെ
വിട്ടാലുമലട്ടാതെ'

ഇല്ലായ്മക്കിടയിലും മനസ്സുകളിൽ ഇത്തിരി സ്വസ്ഥത ബാക്കിയുണ്ട്. അതും കവർന്നു പോവുന്നതെന്നായിരിക്കുമെന്നറിയില്ല. അതിനാൽ,

പ്രിയപ്പെട്ട യാത്രക്കാരാ, വന്നവഴിയേ തിരിച്ചു പൊയ്ക്കോളൂ.

O

# കുമാരൻമാഷ് സംസാരിക്കുന്നു

മയ്യഴിപ്പാലം

ഇവിടെനിന്നും ദൂരേക്കു നോക്കുമ്പോൾ വെള്ളിയാംകല്ല് കാണാം. പുഴയും കടലും ഒരുമിക്കുന്നിടത്ത് വെള്ളിയാംകല്ല് തലയുയർത്തിനില്ക്കുന്നു. ആത്മാവുകൾ തുമ്പികളായി വന്നിരിക്കാറുള്ളത് ഈ കല്ലുകൾക്കു മുകളിലാണോ? മുകുന്ദൻെറ നോവൽ വായിച്ചവർക്ക് നന്നായറിയാം.

ഇപ്പോൾ,

വെള്ളിയാംകല്ല് മാത്രമല്ല മയ്യഴിയിലെ മനുഷ്യരും മനസ്സിലേക്കു കടന്നുവരുന്നു.

വഴി നടന്നവസാനിച്ചപ്പോൾ കണ്ടു പൂമുഖത്തിട്ട ചാരുകസേരയിൽ മാഷ് ഇരിക്കുന്നു. പ്രായാധിക്യം മാഷെ വല്ലാതെ തളർത്തിയിരിക്കുന്നതായി തോന്നി. സംസാരിച്ചു തുടങ്ങിയപ്പോൾ ധാരണ തെറ്റി. മയ്യഴിയുടെ സ്വാതന്ത്ര്യത്തിനായി നടന്ന സമരത്തെക്കുറിച്ച് മാഷ് വാചാലനായി. ഫ്രഞ്ച് ആധിപത്യത്തിനെതിരെ മയ്യഴിയിൽ നടന്ന സമരത്തിൻെറ നായകനായ ഈ വിപ്ലവകാരിക്കുമുമ്പിൽ കണ്ണും കാതും തുറന്നുവച്ച് ഞങ്ങളിരുന്നു.

ഇപ്പോൾ മയ്യഴിയെക്കുറിച്ചെന്തു തോന്നുന്നു? — ഞങ്ങൾ ചോദിച്ചു

അതു കേട്ടപ്പോൾ ഏതോ പ്രതീക്ഷകൾ നഷ്ടപ്പെട്ടതിൻെറ നിരാശ ആ മുഖത്തേക്കു പടർന്നു കയറിയപോലെ. മാഷുടെ സ്വരത്തിന് ശക്തികൂടുന്നുവോ? 'മാഹി മദ്യം കൊണ്ട് നിറയ്ക്കാനായിരുന്നില്ല ഇത്രേം കഷ്ടപ്പെട്ടു സമരം ചെയ്തത്. മാഹിയിലെ ഇത്തിരിപ്പോന്ന സ്ഥലത്ത് ഇപ്പോൾ എഴുപതിലേറെ മദ്യഷാപ്പുകളാ. ഇതിൻെറ പത്തിലൊന്ന് റേഷൻ ഷാപ്പുപോലുമില്ല. ഇന്നെവിടെ വെച്ചും കള്ള് വില്കാമല്ലോ. ആർക്കും പരാതിയില്ല. കഷ്ടം.

മാഷെ,മയ്യഴിയിലിന്നു മറ്റൊരു സമരം കൂടി വേണ്ടിവരുമോ? — വെറുതെ ചോദിച്ചു.

മാഷ് പറഞ്ഞു: 'ഇനിയും തളർന്നിട്ടില്ല. കുറെയൊക്കെ ഞാൻ ശ്രമിച്ചുനോക്കി. ഷാപ്പ് പിക്കറ്റു ചെയ്താൻ പിടിച്ചു ജയിലിലടയ്ക്കുന്ന ഭരണമാണിവിടെ. കുമാരപിള്ളയും മന്മഥനും ഞാനും കൂടെ പലരെയും ചെന്നു കണ്ടു. ഭരിക്കുന്നോർ കൈമലർത്തുകയാണ്. കള്ളുവിറ്റുകിട്ടുന്ന കാശും കാത്തിരിക്കുകയാണവർ. ആരെങ്കിലും കുടിച്ചുചത്താൽ തന്നെ അവർക്കെന്താ? ഒന്നും നഷ്ടമില്ലല്ലോ. ഏതു ദേവേന്ദ്രൻ ഭരിച്ചാലും ഇതു തന്നെയാ സ്ഥിതി.'

പൊരുതിത്തളർന്ന ആ മനുഷ്യനുമുമ്പിൽ ഞങ്ങൾ പിന്നെയുമേറെനേരം ഇരുന്നു. യാത്ര പറഞ്ഞു പിരിയെ മാഷ് പറയുന്നു : 'ഒക്കെ നശിച്ചൂന്ന് കരുതണ്ട. ചെറുപ്പക്കാര് അടങ്ങിയിരിക്കരുത്. എന്തെങ്കിലുമൊക്കെ ചെയ്തേ പറ്റൂ.'